Reg. No. C. 101 M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 മീനം 16 | ലക്കം 30

## സ്കൂൾ ഡിസിപ്ളിൻ

(കെ. ജെ. അഗസ്റ്റിൻ എം. എ., എൽ. ററി.)

ഒരു ഹൈസ്കൂളദ്ധ്യാപകനായി സർവ്വീസിൽ ചേർന്നു്; കാലാന്തരത്തിൽ പ്രൊഫസറായി വളർന്നു്; അതിനുശേഷം അന്നത്തെ കൊച്ചിഗവർമ്മേണ്ടിന്റെ കാരുണ്യാതിരേകംകൊണ്ടു് ഹെഡ്മാസ്റ്ററായി "ഉയർന്നു്"; ഇപ്പോൾ "മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീ"യായി" എന്ന ചൊല്ലിനെ അനുസ്മരിപ്പിച്ചുകൊണ്ടു് പിന്നെയും പ്രൊഫസറായിത്തീർന്നിരിക്കുന്ന എനിക്കു്, സുദീർഘമായ അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കി, വിദ്യാഭ്യാസപ്രശ്നങ്ങളെപ്പററി പ്രതിപാദിക്കാനുള്ള കഴിവില്ലെങ്കിലും അർഹതയുണ്ടല്ലോ. എന്റെ അഭിപ്രായങ്ങളെല്ലാം ശരിയാണെന്നു ശഠിക്കുവാൻ മാത്രം മൗഢ്യം ഇപ്പോൾ എനിക്കില്ല. പക്ഷേ അവയെ അനുകൂലിക്കുന്ന അനവധി "കൂട്ടുകാർ" എനിക്കുള്ളതുകൊണ്ടു്, ഇന്നത്തെ പുരോഗമനവാദികളുടെ വിമർശനകോലാഹലം എന്നെ അത്രയധികം പരിഭ്രമിപ്പിക്കാനിടയില്ല. ഒരു പ്രശ്നത്തിന്റെ എല്ലാ വശങ്ങളെപ്പററിയും പഠിക്കുന്നതിനുള്ള ചുമതല നിഷ്പക്ഷമതികൾക്കുണ്ടായിരിക്കേണ്ടതാണെന്നുള്ള ബോധമാണു് ഈ "സാഹസ"ത്തിനു എന്നെ പ്രേരിപ്പിക്കുന്നതു്.

വിദ്യാർത്ഥികളുടെയിടയിലുള്ള അച്ചടക്കരാഹിത്യത്തെ അപലപിക്കുന്നവർ ചിലപ്പോളൊക്കെ അദ്ധ്യാപകരുടെ "സ്ട്രൈക്കുഭീഷണി"യെപ്പററിയും വിലപിക്കാറുണ്ടു്. കോളേജു പ്രൊഫസറന്മാരുടെയിടയിലുള്ള "ഇൻഡിസിപ്ളിനെ"പ്പററി ഒരു ഭാരതംതന്നെ എഴുതാനുണ്ടു്. പക്ഷേ, എനിക്കതു ചെയ്യുവാൻ വയ്യല്ലോ. അതുപോലെതന്നെ, കൊല്ലംതോറും നടത്തപ്പെടുന്ന അദ്ധ്യാപകസമ്മേളനങ്ങളിൽ ഒരു പ്രാവശ്യമെങ്കിലും സംബന്ധിച്ചിട്ടുള്ളവർക്കു്, ഇന്നു വിദ്യാർത്ഥികളുടെ നിയന്ത്രണസാരഥ്യം വഹിക്കുന്നവരുടെ ആത്മനിയന്ത്രണക്കുറവു ബോദ്ധ്യമായിട്ടുണ്ടാകണം. അതും പോകട്ടെ.

അദ്ധ്യാപകസമ്മേളനങ്ങളിലും വിദ്യാലയങ്ങളിലെ വാർഷികയോഗങ്ങളിലും, ഇന്നത്തെ "അച്ചടക്കരാഹിത്യ"ത്തെപ്പററിയുള്ള പ്രസംഗങ്ങളും പ്രമേയങ്ങളും നിത്യേന പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പത്രങ്ങളിലും മാസികകളിലും പ്രൗഢഗംഭീരമായ ലേഖനങ്ങളും പ്രസിദ്ധീകൃതമാകുന്നുണ്ടു്. ഇവയൊന്നുമില്ലെങ്കിൽത്തന്നെ, പ്രിൻസിപ്പാൾ-പ്രൊഫസർ മത്സരം, അനുസ്യൂതമായ അട്ടഹാസം, മുതലായ വിക്രിയകൾക്കു് സാക്ഷികളായ എന്നെപ്പോലെയുള്ളവർ ഐകകണ്ഠ്യേന സമ്മതിക്കും, ഈ പ്രശ്നത്തിനു ഉടനടി പരിഹാരം തേടേണ്ടതാണെന്നു്. പക്ഷേ, ഒരു വലിയ ദുർഘടം! പ്രമേയങ്ങൾകൊണ്ടു തടയാവുന്ന രോഗമല്ലാ ഇതു്. കലാപാലയങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന കലാലയങ്ങളിലെ "ഡിസിപ്ളിൻ" നന്നാക്കുന്നതിനു് സർവ്വകലാശാലക്കമ്മിററികൾക്കു ഉടനടി കഴിയുമെന്നു് എനിക്കു വിശ്വാസമില്ല. അവരുടെ വിദഗ്ദ്ധവും പരിചിന്തിതവുമായ നിർദ്ദേശങ്ങൾ ഫലപ്രദമാകണമെങ്കിൽ അനേകം വത്സരങ്ങൾ കഴിയേണ്ടിവന്നേക്കുമെന്നാണു് എന്റെ ഭയം. കല്പനകളയച്ചാലും, രക്ഷാകർത്താക്കളുടെ സഹകരണം നേടിയാലും, അക്ഷയപാത്രത്തിൽനിന്നു യഥേഷ്ടം ഭക്ഷണം ലഭിച്ചതുപോലെയോ, ബലംപ്രയോഗിച്ചു ഇംഗിതങ്ങൾ സാധിക്കുന്നതിനും സാധിപ്പിക്കുന്നതിനും പുരാണങ്ങളിലെ ധീരോദാത്തന്മാർക്കു സാധിച്ചതുപോലെയോ, ആരും ഈ "ഡിസിപ്ളിൻ" ഉടനെ പുനഃസ്ഥാപിക്കുവാൻ പോകുന്നില്ല. ഡിസിപ്ളിൻ എന്താണെന്നും, അതു് ഏതെല്ലാം ഉപാധികളെ ആശ്രയിച്ചിരിക്കുന്നെന്നും, ഇന്നത്തെ ഡിസിപ്ളിനില്ലായ്മയുടെ പ്രധാനകാരണങ്ങളെന്താണെന്നും പഠിച്ചിട്ടുള്ളവർക്കറിയാം ഇതിന്റെ രഹസ്യം. ഇന്നത്തെ "വിലാപഗാന"ങ്ങളിലധികവും, കോപാന്ധരും താപാന്ധരുമായ രക്ഷാകർത്താക്കളുടെയും രാഷ്ട്രീയനേതാക്കന്മാരുടെയുമാണു്. പ്രതിവിധി നിർദ്ദേശിക്കുന്നവരിൽ പലരും, "മുറിവൈദ്യ"ന്മാരാണു്. വിദ്യാർത്ഥികളെന്നനിലയിൽ "ഡിസിപ്ളി"നെപ്പററി മനസ്സിലാക്കിയിട്ടുള്ള ചില അവ്യക്താശയങ്ങളെ അടിസ്ഥാനമാക്കിയാണു് ചിലർ "ചികിത്സ"യ്ക്കൊരുങ്ങുന്നതു്. അതു ഫലിച്ചെന്നും ഫലിച്ചില്ലെന്നും വരാം. പഴയ രോഗിക്കു ഒരുപക്ഷേ പുതിയ ഭിഷഗ്വരനെക്കാൾ നിപുണനായിരിക്കാം. എങ്കിലും വൈദ്യന്മാർ കൈയൊഴിഞ്ഞശേഷമല്ലാതെ, അവരെയുമിവരെയുംകൊണ്ടു ആരും ചികിത്സിപ്പിക്കാറില്ലല്ലോ.

"ഡിസിപ്ളിൻ" എന്ന ഇംഗ്ലീഷുപദത്തെ "അച്ചടക്ക"മെന്നാണു തർജ്ജമ ചെയ്തുകാണുന്നതു്. "ഡിസിപ്ളിനറി ആക്ഷ"ന്റെ പരിഭാഷയായ "അച്ചടക്കനടപടി" നമ്മുടെ രാഷ്ട്രീയമണ്ഡലത്തിൽ വെടിക്കെട്ടു പൊട്ടിച്ചുകൊണ്ടിരിക്കയാണല്ലോ ഇപ്പോൾ. എന്നാൽ, ഡിസിപ്ളിനെന്ന പദംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്നതും, ഇപ്പോഴും വ്യവഹരിക്കപ്പെടുന്നതുമായ ആശയങ്ങളുടെ പത്തിലൊന്നുപോലും നമ്മുടെ "അച്ചടക്ക"ത്തിലില്ല. ഹിന്ദിയിലോ മറേറതെങ്കിലും ഭാരതീയഭാഷയിലോ അതിനു തുല്യമായ അർത്ഥവ്യാപ്തിയുള്ള വാക്കുണ്ടോയെന്നു എനിക്കു നിശ്ചയമില്ല. ശിഷ്യനെന്നർത്ഥമുള്ള Disciple എന്ന പദവും അച്ചടക്കമെന്ന തർജ്ജമയോടുകൂടി നാമുപയോഗിക്കുന്ന Discipline എന്ന പദവും, Discipulus എന്ന ലത്തീൻധാതുവിൽനിന്നു പരിണമിച്ചതാണു്. ആദ്യകാലങ്ങളിൽ, doctrine എന്നതിന്റെ വിപരീതപദമായിട്ടായിരുന്നു discipline ഉപയോഗിച്ചിരുന്നതു്. Doctor (പ്രൊഫസർ) നിർദ്ദേശിക്കുന്നതു doctrine; disciple (ശിഷ്യൻ) പ്രയോഗിക്കുന്നതു discipline. പിന്നീടു്, അദ്ധ്യയനസമ്പ്രദായം, പഠനം, വിദ്യാഭ്യാസം, വിജ്ഞാനത്തിന്റെ ഒരു വകുപ്പു് എന്നീ ആശയങ്ങളും ഈ പദവുമായി ഘടിപ്പിക്കപ്പെട്ടു. അതിനുശേഷമാണു് മാനസികവും സാന്മാർഗ്ഗികവുമായ പരിശീലനം, ശിക്ഷ, ശിക്ഷണം, സ്വഭാവസംസ്കരണം, അനുഭവജ്ഞാനം, ശിക്ഷോപകരണം, ചികിത്സ എന്നീ അർത്ഥങ്ങൾകൂടി ഉണ്ടായതു്. "Wife and children are a *discipline* of humanity" എന്നു ബേക്കൺ (Bacon) എഴുതിയപ്പോളും; "the *discipline* of a soldier is formed by exercise rather than by study" എന്നു ഗിബ്ബൺ (Gibbon) എഴുതിയപ്പോളും; "the notion of *discipline* lies at the root of all human progress" എന്നു റസ്കിൻ (Ruskin) എഴുതിയപ്പോളും; "if *discipline* means obedience of orders as well as military instruction, we have but little of it in the army" എന്നു വെല്ലിങ്ടൺ പ്രഭു (Duke of Wellington) എഴുതിയപ്പോളും; "in the cell of the monk hung two *disciplines* or scourges" എന്നു ന്യൂമാൻ (Cardinal Newman) എഴുതിയപ്പോളും; "*discipline* should exercise its influence without appearing to do so" എന്നു ഹെയർ (Hare) എഴുതിയപ്പോളും; "he has been under *discipline* for his eyes" എന്നു മിസ്സസ് മോണ്ടേഗു (Mrs. Montague) എഴുതിയപ്പോളും, വ്യത്യസ്തമായ ആശയങ്ങളടക്കിയാണു് ഈ വാക്കുപയോഗിച്ചിട്ടുള്ളതെന്നു കാണാൻ പ്രയാസമില്ലല്ലോ.

School discipline എന്ന പദപ്രയോഗം വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർക്കെല്ലാം സുപരിചിതമാണെങ്കിലും, അതിലെ ശരിയായ ആശയങ്ങളെപ്പററി അധികമാരും ചിന്തിച്ചിരിക്കാനിടയില്ല. അച്ചടക്കമെന്നു പറയുമ്പോൾ അതിന്റെ ഒരു വശത്തെമാത്രമേ നാം സ്പർശിക്കുന്നുള്ളു. സ്കൂളുകളേയും കോളേജുകളേയും "സരസ്വതീക്ഷേത്ര"ങ്ങളായി ഉൽപ്രേക്ഷിക്കാറുണ്ടല്ലോ. ഏതെങ്കിലും ദേവന്റെയോ വിശുദ്ധന്റെയോ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവാലയം സജീവമായ ഈശ്വരചൈതന്യത്താൽ പരിപാവനമാക്കപ്പെടുന്നെന്നും, അവിടെ ഭക്ത്യാദരങ്ങളോടെ പ്രവേശിച്ചു്, നിശ്ശബ്ദരായി, ഏകാഗ്രചിത്തരായി, പ്രശാന്തരായി എല്ലാവരും പെരുമാറണമെന്നും നാം ധരിച്ചിട്ടുണ്ടു്. പണ്ടത്തെ വിദ്യാലയങ്ങൾക്കു് ദേവാലയങ്ങളും ആശ്രമങ്ങളുമായി സാമീപ്യബന്ധമുണ്ടായിരുന്നു. അന്നത്തെ അദ്ധ്യാപകർ വൈദികരായിരുന്നു. അക്കാലത്തെ ശിക്ഷയും ശിക്ഷണസമ്പ്രദായവും കർശനമായിരുന്നു. ഈ സാഹചര്യങ്ങ

(ശേഷം 3-ാം പേജിൽ)



"ചെറുപുഷ്പ അഗതിമന്ദിരം", ഞാറയ്ക്കൽ

ഇതിന്റെ ഉദ്ഘാടനം മാർച്ച് 26-ാംനു ഞായറാഴ്ച എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചു.



# ഫാത്തിമാബാലസമിതി

പ്രിയകുഞ്ഞുങ്ങളേ,

ഫാത്തിമാമാതാവിന്റെ സ്തുതിക്കായി ഒരു ജപമാല ചൊല്ലിയശേഷം വല്യച്ചൻ കുഞ്ഞുങ്ങളെ എല്ലാവരേയും അരികിൽ വിളിച്ച് ഒരു പ്രത്യേകകാര്യം പറവാൻ പോകയാണ്. മരിയാഭക്തികളായ കേരളീയരായ നാം പണ്ടുമുതല്ക്കേ പേരുകേട്ടിട്ടുള്ളതാണ്. ആ പാരമ്പര്യത്തിനു തികച്ചും അനുയോജ്യമാംവണ്ണം, ഫാത്തിമാമാതാവിനു നാം ഏറ്റം ഹൃദ്യമായ ഒരു സ്വീകരണം നല്കുകയുണ്ടായി. തെരുവീഥികൾ നാം കമനീയമായി അലങ്കരിച്ചു. മാതാവിന്റെ സ്വരൂപം പ്രതിഷ്ഠിക്കുന്നതിനു മനോഹരമായ പീഠങ്ങൾ നിർമ്മിച്ചു. തിരുസ്വരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി രാപകൽ വിളവില്ലാതെ ജപമാലയും മററു പ്രാർത്ഥനകളും ചൊല്ലി. എത്രയോ ദിവ്യബലികളാണ് ആ ദിവസങ്ങളിൽ മാതാവിന്റെ സ്തുതിക്കായി അർപ്പിക്കപ്പെട്ടതു്. വിശിഷ്യ, മാതാവിനെ യഥായോഗ്യം സ്വീകരിക്കുന്നതിൽ കുട്ടികളായ നിങ്ങൾ വഹിച്ച പങ്കു സർവ്വപ്രധാനമായിരുന്നു. ഫാത്തിമാമാതാവിന്റെ കൊടികളും പിടിച്ചു, വരിവരിയായിനിന്നു, പ്രാർത്ഥന ചൊല്ലിയും പാട്ടുകൾപാടിയും നിങ്ങൾ നടത്തിയ ഘോഷയാത്രകൾ ഭക്തജനങ്ങളുടെ കണ്ണും കരളും കുളിർപ്പിക്കുന്നവയായിരുന്നു. ആകപ്പാടെ നോക്കിയാൽ ആദ്ധ്യാത്മികമായ ഒരുണർവ്വ് ആ അവസരങ്ങളിൽ എല്ലായിടത്തും ദൃശ്യമായിരുന്നു. ഇക്കാര്യങ്ങളെല്ലാം നിങ്ങൾ മറന്നുപോയിട്ടില്ലെന്നാണ് വല്യച്ചന്റെ വിശ്വാസം.

ഇപ്പോഴാകട്ടെ, നമ്മുടെ ഭക്തി കുറെയെല്ലാം മന്ദീഭവിച്ചുതുടങ്ങിയിട്ടുണ്ട്. എന്നാലതു മന്ദീഭവിക്കുന്നതിനു് അനുവദിപ്പാൻ പാടുള്ളതല്ല. ഫാത്തിമാമാതാവിന്റെ നേർക്കുള്ള നമ്മുടെ ഭക്തി മന്ദീഭവിപ്പാൻ നാം അനുവദിക്കയാണെങ്കിൽ, മാതാവിന്റെ സന്ദർശനംകൊണ്ടു നമുക്കു സാരമായ യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ലെന്നു സമ്മതിക്കേണ്ടിവരും. എന്നാൽ ആ ഭക്തി നിലനിർത്തേണ്ടതു് എങ്ങനെയാണ്? അതിനു് മാതാവിന്റെ സന്ദേശം പ്രവൃത്തിയിൽ വരുത്താൻ ശ്രമിക്കേണ്ടതു് ആവശ്യമായിരിക്കുന്നു.

ഇന്നു ലോകത്തിൽ നാം കാണുന്ന ദുരിതങ്ങളുടേയും സമാധാനക്കേടിന്റേയും മൂലകാരണമെന്താണ്? മാതാവ് സ്വർഗ്ഗത്തിൽനിന്നു എഴുന്നള്ളിവന്നു ഈ ചോദ്യത്തിനു സമാധാനം നല്കിയിട്ടുണ്ട്. "മനുഷ്യരുടെ പാപങ്ങൾ നിമിത്തം ദൈവത്തിന്റെ കോപം വർദ്ധിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ പ്രാർത്ഥിക്കണം, പ്രായശ്ചിത്തമനുഷ്ഠിക്കണം" എന്നത്രെ മാതാവ് ഫാത്തിമായിൽവച്ച് അരുളിച്ചെയ്തതു്. ലോകം തന്റെ വാക്കുകൾ ചെവിക്കൊണ്ടു്, തദനുസരണം പ്രവർത്തിക്കാഞ്ഞതിനാലാണു ദുരിതങ്ങൾക്കു ശമനമുണ്ടാകാതിരുന്നിട്ടുള്ളതു് എന്നു് ലിപ്പായിൽവച്ച് മാതാവു് ആവർത്തിച്ചു പറകയുമുണ്ടായി. ആകയാൽ ലോകത്തിന്റെ രക്ഷാമാർഗ്ഗമെന്തെന്നതിനെപ്പററി സംശയത്തിനവകാശമില്ല. ഫാത്തിമാസന്ദേശം പ്രവൃത്തിയിൽ വരുത്തുകയെന്നതുതന്നെയാണതു്. നാം നമ്മുടെ ജീവിതത്തെ നന്നാക്കണം. നാം കൂട്ടമായി പ്രാർത്ഥിക്കണം; വിശിഷ്യ ഭക്തിയോടെ ജപമാല ചൊല്ലണം. നമ്മുടേയും മററുള്ളവരുടേയും പാപങ്ങൾക്കു പരിഹാരം ചെയ്യാൻവേണ്ടി പ്രായശ്ചിത്തകൃത്യങ്ങളനുഷ്ഠിക്കണം. ഇപ്രകാരമുള്ള ജീവിതനവീകരണത്തിന്റെ ഗുണഫലങ്ങൾ മററുള്ളവരിലേക്കും സംക്രമിക്കാതിരിക്കയില്ല. അതു അവരുടെ ജീവിതത്തേയും പ്രകാശമാനമാക്കും; ദൈവത്തേയും സമസൃഷ്ടികളേയും സ്നേഹിക്കുന്നതിനു് അതു അവർക്കു പ്രചോദനം നല്കും. ഏവംവിധം മനുഷ്യന്റെ ജീവിതത്തിലും മനഃസ്ഥിതിയിലും ഒരു മാററം സംഭവിച്ചെങ്കിൽമാത്രമേ ലോകത്തിൽ സമാധാനമുണ്ടാകയുള്ളൂ.

പ്രിയ കുഞ്ഞുപടയാളികളേ, മേൽപ്പറഞ്ഞ കാര്യങ്ങൾ നിങ്ങൾക്കു ബോധ്യമായിരിക്കുമെന്നു വല്യച്ചൻ വിശ്വസിക്കുന്നു. എന്നാൽ, മാതാവിന്റെ സന്ദേശം പ്രവൃത്തിയിൽ വരുത്താനും അങ്ങനെ ലോകത്തിനു സമാധാനം പ്രദാനംചെയ്യാനും പ്രധാനമായി ശ്രമിക്കേണ്ടതു നിങ്ങളാണു്. ഫാത്തിമായിൽവച്ച് നിങ്ങളെപ്പോലുള്ള കൊച്ചുകുട്ടികൾക്കാണു മാതാവു തന്റെ സന്ദേശം അറിയിച്ചതു്. അതിൽ നിങ്ങൾക്കു അഭിമാനം കൊള്ളാവുന്നതാണ്. എന്നാൽഅതിൽനിന്നു വിവിധകടമകളുംസംജാതമാകുന്നുണ്ടെന്നുള്ളതു മറന്നുപോകല്ലെ. അമേരിക്കയിലെ ബാലികാബാലന്മാർ ഈ കാര്യം നല്ലപോലെ ഗ്രഹിച്ചിട്ടുള്ളതിനാൽ അവർ ഫാത്തിമാബാലസമിതി (The Children of Fatima Club) എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ചിട്ടുണ്ട്. ഐക്യനാടുകളിലും കാനഡയിലുമായി ഇപ്പോളതിനു 30 000 അംഗങ്ങളാണുള്ളതു്. പ്രസ്തുത സംഘടനയുടെ ലക്ഷ്യം "പരിശുദ്ധ മാതാവു് ഫാത്തിമായിൽ നല്കിയ സന്ദേശം മററുള്ളവർ അറിയുന്നതിനും തദനുസാരം പ്രവർത്തിക്കുന്നതിനും ഇടവരുത്തിക്കൊണ്ടു് ഫാത്തിമാബാലകരുടെ വേല തുടർന്നുകൊണ്ടുപോകുക" എന്നുള്ളതാണ്. അംഗങ്ങളുടെ ചുമതലകൾ താഴെ ചേർക്കുന്നവയാണു്: മറിയത്തിന്റെ വിമലഹൃദയത്തിനു എതിരായി ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായി ദിവസവും ജപമാല ചൊല്ലുക; പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെറിയ ത്യാഗകൃത്യങ്ങൾ ചെയ്യുകയുംചെയ്ക; നിവൃത്തിയുള്ളപക്ഷം, മാസാദ്യശനിയാഴ്ചഭക്തി ആചരിക്കുക; "സമിതി"യിൽ ഒരു പുതിയ അംഗത്തെ ചേർക്കുക. അംഗങ്ങൾ വരിസംഖ്യയും മററും കൊടുക്കേണ്ടതില്ല. എന്നാൽ സ്വമനസാ ആരെങ്കിലും ധനസഹായം ചെയ്യുയാണെങ്കിൽ, അതു ഫാത്തിമാ സംബന്ധമായ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിനിയോഗിക്കുന്നതായിരിക്കും.

അമേരിക്കൻ ബാലകരുടെ പ്രസ്തുത സംഘടനയെ നാമും അനുകരിക്കുന്നതു് ഉചിതമായിരിക്കും. ആകയാൽ നമ്മുടെ ബോസ്കോ ബാലരംഗം മേലാൽ "ഫാത്തിമാബാലസമിതി"എന്ന പേരാൽ അറിയപ്പെടുന്നതാണ്. വി. ജോൺ ബോസ്കോ സമിതിയുടെ ഉപമദ്ധ്യസ്ഥനായിരിക്കും. ബോസ്കോപുണ്യവാന്റെ സംരക്ഷണയിൽ സമാരബ്ധമായ നമ്മുടെ ബാലരംഗം കാലത്തിന്റെ തികവിൽ ഇങ്ങനെ രൂപാന്തരപ്പെടുന്നതു നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിനു് ഏററവും ഉതകുമെന്നതിനു സംശയമില്ല. നമ്മുടെ ഫാത്തിമാബാലസമിതി താഴെ ചേർക്കുന്ന ലക്ഷ്യവും പരിപാടികളും സ്വീകരിക്കണമെന്നാണ് വല്യച്ചന്റെ അഭിപ്രായം. ലക്ഷ്യം: ഫാത്തിമാസന്ദേശം മററുള്ളവരെ അറിയിക്കയും തദനുസാരം പ്രവർത്തിക്കുന്നതിനു പ്രേരിപ്പിക്കയും ചെയ്തുകൊണ്ടു് ഫാത്തിമാബാലകരുടെ മഹനീയവേല തുടരുക. മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം. ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക. കുടുംബത്തിലെ മററംഗങ്ങളും ജപമാല ചൊല്ലുന്നതിനുവേണ്ടി എല്ലാ കഴിവുകളും പ്രയോഗിക്കുക. (മാതാ രഹസ്യത്തിന്റേയും അവസാനത്തിൽ, "എന്റെ ഈശോ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമെ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ. എല്ലാ ആത്മാക്കളേയും, വിശിഷ്യ അങ്ങു കരുണ ഏററവും ആവശ്യമായിരിക്കുന്നവരെ, സ്വർഗ്ഗത്തിലേക്കു് ആനയിക്കേണമെ" എന്നു ചൊല്ലുന്നതു ഉചിതമായിരിക്കും.) (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കയും ചെറിയ ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (കുമ്പസാരിച്ചു വിശുദ്ധ കുർബാന സ്വീകരിക്കയും, കൊന്തചൊല്ലുകയും, 15 മിനിട്ടുനേരത്തേക്കു ജപമാലയിലെ രഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കയും ചെയ്യുക എന്നിവയാണ് ആദ്യശനിയാഴ്ചഭക്തിയുടെ പ്രധാന ഘടകങ്ങൾ). (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക. വരിസംഖ്യ: ഒന്നുമില്ല. പക്ഷെ പുകവലി, സിനിമാ ആദിയായവയ്ക്കുവേണ്ടിയുള്ള അനാവശ്യ ചെലവുകൾ ഉപേക്ഷിച്ചു ആ പണം "പാവങ്ങളുടെ ഫാത്തിമാഫണ്ടി"ലേക്കു സംഭാവനചെയ്താൽ സസന്തോഷം അതു സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത ഫണ്ടു് മുഴുവനും സാധുക്കൾക്കു വസ്ത്രവും ആഹാരവും വൈദ്യസഹായവും മററും നല്കുന്നതിനായി വിനിയോഗിക്കുന്നതാണ്.

സമിതിയംഗങ്ങളുടെ മേൽവിവരിച്ച ചുമതലകൾ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ വഴിയെ നല്കുന്നതായിരിക്കും. അംഗങ്ങളുടെ ഏററവും പ്രധാനപ്പെട്ട ചുമതല ദിവസവും കൊന്തചൊല്ലുക എന്നുള്ളതാണ്. മാസാദ്യശനിയാഴ്ചയിലെ ധ്യാനം നിർവ്വഹിക്കുന്നതിനു് ഉപകരിക്കുന്ന ഒരു ചെറിയ ഉപദേശവു തലേ ബുധനാഴ്ചയിലെ പത്രത്തിൽ പ്രസിദ്ധം ചെയ്യുന്നതായിരിക്കും.

ബോസ്കോ ബാലരംഗത്തിലെ അംഗങ്ങളായിരുന്നവരെല്ലാം ഫാത്തിമാബാലസമിതിയിലെ അംഗങ്ങളായിരിക്കും. പുതുതായി ബാലസമിതിയിൽ ചേരാൻ ആഗ്രഹിക്കുന്നവരെല്ലാം അതിനു താഴെ പറയുന്നപ്രകാരം ഒരു കാർഡിൽ അപേക്ഷ അയക്കണം: "പ്രിയ ബ. വല്യച്ചാ, ഫാത്തിമാബാലസമിതിയിലെ ഒരംഗമായി എന്നെ സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു. ഫാത്തിമാസന്ദേശം അനുസരിച്ചു പ്രവർത്തിക്കുവാൻ ഞാൻ യഥാശക്തി പരിശ്രമിക്കുന്നതാണെന്നു വാഗ്ദാനം ചെയ്യുന്നു. ഇടവക, വീട്ടുപേരു്. അപ്പന്റെ പേരും പേരും, ജനനത്തീയതി." മേൽവിലാസം: "ബ. വല്യച്ചൻ, സത്യദീപം ഓഫീസ്, എറണാകുളം." ഒരുസ്ഥലത്തുനിന്നു പലരുള്ളപ്പോൾ എല്ലാവരുംകൂടി ഒന്നിച്ചു പേരുകൾ അയക്കയായിരിക്കും എളുപ്പം. അപേക്ഷകൾ മേയ് 1-ാംനു-ക്കകം ഇവിടെ കിട്ടിയിരിക്കണം. മേയ് 13-ാംനു "ഫാത്തിമാബാലസമിതി" ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ആ ദിവസമാണല്ലോ മാതാവു ആദ്യമായി ഫാത്തിമായിൽ ദർശനമരുളിയതു്. സമിതിയംഗങ്ങളെ ഉദ്ദേശിച്ച് മാസന്തോറും ഓരോ പ്രബന്ധമത്സരം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതുമാണ്. ഫാത്തിമാബാലസമിതി യഥാകാലം, കോവാഡാ ഈരിയായിൽ ആരംഭിച്ചിരിക്കുന്ന ഫാത്തിമായോദ്ധാക്കൾ (The Crusaders of Fatima) എന്ന സഖ്യവുമായി സംഘടിപ്പിക്കാമെന്നു വിചാരിക്കുന്നു. അതുവഴി വളരെയധികം മണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻ സാധിക്കുന്നതാണ്. ഫാത്തിമാമാതാവിന്റെ നേർക്കുള്ള ഭക്തി കേരളത്തിൽ നിലനിർത്തുന്നതിനും നമ്മുടെ നാട്ടിൽ സമാധാനം സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഈ പ്രസ്ഥാനം വിജയകരമാക്കുന്നതിനു കുഞ്ഞുമക്കളെല്ലാവരും പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു. സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിവന്ന "ഫാത്തിമായിലെ കുട്ടികൾ" എന്ന ലേഖനപരമ്പര ഈ ലക്കംകൊണ്ടു് അവസാനിക്കുന്നതാണെന്നറിയുന്നു. ആ ലേഖനങ്ങൾ വായിച്ചിട്ടില്ലാത്തവർ മുൻലക്കങ്ങൾ തേടിപ്പിടിച്ച്, അവ ഒരാവർത്തി വായിക്കുന്നതു ഫാത്തിമാബാലകരുടെ ചൈതന്യം പ്രാപിക്കുന്നതിനു സഹായകമായിരിക്കും.

### കത്തുകൾക്കു മറുപടി

ബോസ്കോ ബാലരംഗത്തിൽ ചേരാൻ ആഗ്രഹം പ്രദർശിപ്പിച്ചുകൊണ്ടു്, നടക്കൽ വർക്കി അബ്രാഹം, വി. ടി. തോമസ് (കരിങ്കുന്നം) കള്ളത്തറ പീററർ ജോസഫ്, ടി സഖറിയാസ് (ഇടപ്പള്ളി), എ. തോമസ് കടനാട്ട് എന്നിങ്ങനെ പലരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്. ഇപ്പോൾ പുതിയ റിക്രൂട്ടുമെന്റ് നടക്കുന്നുണ്ടല്ലൊ. ആകയാൽ നിശ്ചിതതീയതിക്കു (മേയ് 1-ാംനു-) മുമ്പായി മേൽക്കാണിച്ചിരിക്കുന്ന പ്രകാരം അപേക്ഷകൾ അയക്കുക. പേർ രജിസ്റ്റർ ചെയ്തുകൊള്ളാം.

ഫാത്തിമാമാതാവു് ഏവരേയും അനുഗ്രഹിക്കട്ടെ. എന്നു, സ്വന്തം വല്യച്ചൻ

---

## വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | ക. ണ. പ. |
|---|---|
| മാർത്തോമ്മാ ശ്ലീഹായും മലങ്കരയും | 0-8 -0 |
| മതപാഠം | 1 8 -0 |
| ആധുനികലോകം | 1-8 -0 |
| രക്തസാക്ഷിണി | 0-12 0 |
| കന്യാസ്ത്രീ | 0-8 -0 |
| പൊന്നുംകുരിശുമുത്തപ്പൻ | 0-8 -0 |
| മരിയാസഖ്യമിത്രം | 0-1 -0 |
| സർ തോമസ് മൂർ | 0-10-0 |
| കണ്ണാടി | 0-10 0 |
| കത്തനാർകളി | 0-9 -0 |
| മത്താക്കന്മാരോട് | 0-4 -0 |
| സഖാവ് | 0-3 -0 |
| ഇരട്ടപ്പൂവ് | 0-5 -0 |
| ചരിത്രചർച്ച | 1-12 0 |
| വി. ഗീവറുഗീസ് | 0-4 -0 |
| ശത്രുവാണുപോൽ | 0-1 -6 |
| മിശിഹാചരിത്രം | 0 12-0 |
| ഉജ്ജ്വലതാരങ്ങൾ | 0-4 -0 |
| ചെറിയ വേദോപദേശം | 0-4 -0 |
| വേദോപദേശഹാജർ | 0-8 -0 |
| ടി. അഡ്മിഷൻ റജിസ്റ്റർ | 2-0 -0 |
| പാട്ടുശീട്ടുരസീതു് | 1-12-0 |
| കുടുംബപ്രതിഷ്ഠ | 0-1 -6 |
| Have Confidence | 0-3 -0 |
| Questions & Answers | 0-12-0 |
| മതപീഡനങ്ങൾ | 0-5 -0 |
| മരിയൻസഖ്യശുശ്രൂഷ | 0-1 -6 |
| ക്രിസ്തു ദൈവമാണോ? | 0-2 -0 |
| സ്മരണാകിരണങ്ങൾ | 1-4 -0 |
| വി. ഫിലോമിനാ | 0 2 -0 |
| ഗാർഷ്യാമൊറീനൊ | 0-10-0 |

മാനേജർ
മാർളൂയിസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം

---

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന കാര്യങ്ങൾ സംഭവിച്ചതു് എവിടെവച്ചാണ്:

1 ക്രിസ്തു സമറിയാക്കാരി സ്ത്രീയുമായി നടത്തിയ സംഭാഷണം.

2 ജയിറോസിന്റെ പുത്രിയെ ഉയിർപ്പിച്ചതു്.

3 തിമൈ എന്ന കുരുടനു കാഴ്ച നല്കിയതു്.

4 വിധവയുടെ പുത്രനെ ഉയിർപ്പിച്ചതു്.

### ഉത്തരം

1 ശാക്കാറിൽ യാക്കോബിന്റെ കിണററിനു സമീപം (യോ. 4, 5)

2 കഫർണാം (മത്താ. 9, 18)

3 ജറിക്കോയ്ക്കു സമീപം (മക്കോ. 10, 46)

4 നായിം (ലൂക്കാ 7, 11-17)

# റോമാവാർത്തകൾ

### പത്രപ്രവർത്തകസമ്മേളനം

ഫെബ്രുവരി 16-18 തീയതികളിൽ റോമിൽവച്ച് കത്തോലിക്കാ പത്രപ്രവർത്തകസംഘക്കാരുടെ സാർവ്വദേശീയ കോൺഗ്രസ്സ് നടന്നു. അവരെ ഉദ്ദേശിച്ച് പരിശുദ്ധ പിതാവ് ഒരു പ്രഭാഷണം തയ്യാറാക്കിയിരുന്നു. എന്നാൽ, അനാരോഗ്യം നിമിത്തം അവരോടു നേരിട്ടു സംസാരിക്കുവാൻ തിരുമനസ്സിലേക്കു സാധിക്കാതെവന്നതു നിമിത്തം പ്രഭാഷണം "ഒസ്സെർവത്തോരെ റൊമാനൊ"യിൽ പ്രസിദ്ധം ചെയ്യുക മാത്രമേ ചെയ്തുള്ളു.

### ഫോട്ടോഗ്രാഫർ നിര്യാതനായി

വത്തിക്കാനിലെ ഔദ്യോഗികഫോട്ടോഗ്രാഫറായിരുന്ന ആൽബെർട്ടോ ഫെലിച്ചി ഫെബ്രുവരി 17-ാംനു- റോമിൽവച്ച് 78-ാമത്തെ വയസ്സിൽ നിര്യാതനായി. അദ്ദേഹത്തിൻെറ സഹോദരൻ അർത്തുരൊ ആണു് ഇപ്പോൾ പ്രസ്തുതോദ്യോഗം വഹിക്കുന്നതു്.

### "പരിചാരികമാരുടെ സംരക്ഷിക" സിദ്ധപദത്തിലേക്ക്

ഭവനങ്ങളിൽ പരിചാരകമാരായി ജോലിനോക്കുന്ന പെൺകുട്ടികളുടെ നില അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ജീവനർപ്പിച്ച വിൻസെൻസ മരി



യ ലോപ്പസ് വിക്കുണ എന്ന സ്പാനിഷ് കന്യാസ്ത്രീ ഫെബ്രുവരി 19-ാംനു- സിദ്ധപദത്തിലേക്കുയർത്തപ്പെട്ടു. തൽസംബന്ധമായ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനായി സ്പെയിൻകാരായ 1300 പേർ വിശുദ്ധ പത്രോസിൻെറ ബസ്ലിക്കായിൽ സന്നിഹിതരായിരുന്നു. പുതിയ സിദ്ധയുടെ മാദ്ധ്യസ്ഥംവഴി അത്ഭുതകരമായി രോഗശമനം പ്രാപിച്ച ആഗ്നസ്, ജോസഫ് എന്ന രണ്ടുപേരും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

വാഴ്ത്തപ്പെട്ട വിൻസെൻസ മരിയ 1890-ൽ, 30-ാമത്തെ വയസ്സിൽ ചരമമടഞ്ഞു. അവരാൽ സ്ഥാപിതമായ സന്യാസസഭയിലെ അംഗങ്ങൾ ഇന്നു ലോകത്തിൻെറ വിവിധഭാഗങ്ങളിലായി 25000 സാധുബാലികമാരെ പരിരക്ഷിച്ചുവരുന്നുണ്ടു്. വീടുകളിൽ പരിചാരികമാരാകാൻ ആഗ്രഹിക്കുന്ന ബാലികമാരെ ഈ കന്യാസ്ത്രീകൾ സ്വീകരിച്ച് ഒരു മാസക്കാലത്തേക്കു സൗജന്യമായി പരിശീലനം നല്കുന്നു. അനന്തരം നല്ല ഭവനങ്ങളിൽ അവർക്കു ജോലിയുണ്ടാക്കിക്കൊടുക്കുകയും ഇടയ്ക്കിടയ്ക്ക് അവരുടെ കാര്യം അന്വേഷിച്ചുവരുകയും ചെയ്യുന്നു.

### കർദ്ദിനാൾ ഗിൽറോയി

ഫെബ്രുവരി 28-ാംനു- ചൊവ്വാഴ്ച കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് അയർലണ്ടിൽനിന്നും വിമാനമാർഗ്ഗേണ റോമിലെത്തി. തിരുമേനി പ്രൊപ്പഗാന്താകോളെജിലാണു വസിക്കുന്നതു്. റോമിലെത്തിയതിൻെറ പിറേറദിവസം അദ്ദേഹം ജൂബിലിഭണ്ഡവിമോചനം പ്രാപിക്കുന്നതിനായി ബസ്ലിക്കാകൾ സന്ദർശിച്ചു. മാർച്ച് 3 ാംനു- വെള്ളിയാഴ്ച തിരുമനസ്സുകൊണ്ടു് പ്രൊപ്പഗാന്താകോളെജിലെ ഭാരതീയ വിദ്യാർത്ഥികളെ വിളിച്ച് സംഭാഷണം നടത്തുകയുണ്ടായി. ബാംഗളൂരിലെ സുനഹദോസിൽ സംബന്ധിക്കുന്നതിനായി ഇൻഡ്യയിൽവന്ന അവസരത്തിൽ തിരുമേനിക്കുണ്ടായ അനുഭവങ്ങളെ അദ്ദേഹം വിവരിച്ചുകേൾപ്പിച്ചു ഇൻഡ്യയിലെ ജനങ്ങൾ പ്രദർശിപ്പിച്ച ഉത്സാഹവും സഹകരണസന്നദ്ധതയും അദ്ദേഹത്തിൻെറ ഹൃദയത്തെ ഹഠാദാകർഷിച്ചുവെന്നു് അദ്ദേഹം പ്രസ്താവിച്ചു. വിശിഷ്യ, ഹിന്ദുക്കളും മുഹമ്മദീയരും മററു് അകത്തോലിക്കരും അദ്ദേഹത്തിൻെറ നേർക്കു പ്രദർശിപ്പിച്ച സ്നേഹബഹുമാനങ്ങൾ ചാരിതാർത്ഥ്യപൂർവ്വം അദ്ദേഹം അനുസ്മരിച്ചു. സ്വീകരണാവസരങ്ങളിൽ ഹാരമണിയിക്കുന്ന ഭാരതീയസമ്പ്രദായത്തെപ്പററി തിരുമനസ്സുകൊണ്ടു് സംഭാഷണവേളയിൽ പ്രത്യേകം പരാമർശിക്കുകയുണ്ടായി. ഇൻഡ്യയിലെ സഭയുടെ പുരോഗമനത്തിനുവേണ്ടി വൈദികമേലദ്ധ്യക്ഷന്മാർ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയും സഹകരണബുദ്ധിയും അഭിനന്ദനീയമാണെന്നും തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു.

മാർച്ച് 8-ാംനു- ബുധനാഴ്ച കർദ്ദിനാൾ ഗിൽറോയി പരിശുദ്ധ പിതാവിനെ മുഖം കാണിക്കുകയും ദീർഘനേരം സംഭാഷണം ചെയ്കയുമുണ്ടായി. കർദ്ദിനാൾ തിരുമേനി റോമിൽ ഒരു മാസക്കാലം താമസിക്കുന്നതാണു്. മാർച്ച് 20-ാംനു- അദ്ദേഹം പ്രൊപ്പഗാന്താകോളെജിലെ 32 ശെമ്മാശന്മാർക്കു് അഞ്ചാംപട്ടം നല്കുന്നതായിരിക്കും. അവരിൽ 12 പേർ ആസ്ത്രേലിയാക്കാരും 2 പേർ ഇൻഡ്യാക്കാരും ബാക്കിയുള്ളവർ ചൈന, ആഫ്രിക്ക, ഇൻഡോചൈന മുതലായ പ്രദേശങ്ങളിൽനിന്നുള്ളവരുമാണു്.

### ബറോഡാമഹാറാണി

മാർച്ച് 1-ാംനു- ബറോഡാമഹാറാണി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുകയുണ്ടായി. അന്നുതന്നെ പരിശുദ്ധ പിതാവു് ബവേറിയ, ബൽജിയം, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങളിൽനിന്നു് അനേകം തീർത്ഥകർക്കു് സന്ദർശനമനുവദിച്ചു.

### കർദ്ദിനാൾ സ്പെൽമൻ

മാർച്ച് 2-ാംനു- 600 അമേരിക്കൻ തീർത്ഥകരുമൊരുമിച്ച് കർദ്ദിനാൾ സ്പെൽമൻ റോമിലെത്തി. പിറേറദിവസം കർദ്ദിനാളിൻെറ നേതൃത്വത്തിൽത്തന്നെ ബസ്ലിക്കാകളിലേക്കുള്ള ജൂബിലിവിസീത്തകൾ ആരംഭിച്ചു. മാർച്ച് 4 ാംനു- കർദ്ദിനാൾ തിരുമേനി മാർപ്പാപ്പായെ മുഖം കാണിച്ചു.

### 74-ാം ജന്മദിനം

മാർച്ച് 2-ാംനു- പരിശുദ്ധ പിതാവിൻെറ 74-ാമത്തെ ജന്മദിനമായിരുന്നു. അതു സംബന്ധിച്ച് ലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു എഴുത്തുകളും കമ്പിവാർത്തകളും ആയിരക്കണക്കിനു തിരുമനസ്സിലേക്കു ലഭിച്ചു. പക്ഷെ വത്തിക്കാനിൽ അന്നു പ്രത്യേകാഘോഷങ്ങളൊന്നും നടന്നില്ല. എന്നുവരികിലും വത്തിക്കാൻനഗരം മുഴുവനും മഞ്ഞയും വെള്ളയും ചേർന്ന കൊടികളാൽ അലംകൃതമായിരുന്നു. മാർപ്പാപ്പാ തിരുമേനി സ്വന്തം രഹസ്യക്കപ്പേളയിലാണു് അന്നു ദിവ്യബലി അർപ്പിച്ചതു്. റോമിലെ മുന്നൂറോളം ഇടവകവികാരിമാർ തിരുമേനിയെ സന്ദർശിച്ചു മംഗളമാശംസിക്കയുണ്ടായി. അവരോടു തിരുമനസ്സുകൊണ്ടു് ഉദ്ദേശം ഒന്നരമണിക്കൂർ സമയം സംസാരിച്ചുകൊണ്ടിരുന്നു. പ്രസംഗം നടത്തുന്നതിനു തിരുമേനിയുടെ അനാരോഗ്യം നിമിത്തം നിവൃത്തിയില്ലാഞ്ഞതിനാൽ അതു അച്ചടിപ്പിച്ച് അവരുടെ ഇടയിൽ വിതരണം ചെയ്യുകയാണുണ്ടായതു്.

### സ്ഥാനാരോഹണവാർഷികം

പരിശുദ്ധ പിതാവിൻെറ സ്ഥാനാരോഹണ വാർഷികം പ്രമാണിച്ച് മാർച്ച് 12-ാംനു- തിരുമനസ്സുകൊണ്ടു് വി. പത്രോസിൻെറ ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കാൻ നിശ്ചയിച്ചിരുന്നതായിരുന്നു. എന്നാൽ എന്തോ സാങ്കേതികകാരണങ്ങൾ നിമിത്തം അതു് ഒരു ദിവസത്തേക്കു നീട്ടിവയ്ക്കുകയാണുചെയ്തതു്. മാർച്ച് 13 ാംനു- തിരുമനസ്സുകൊണ്ടു് ദിവ്യബലിഅർപ്പിച്ചപ്പോൾ വി. പത്രോസിൻെറ ദേവാലയത്തിൽ അനേകായിരംപേർ സന്നിഹിതരായിരുന്നു. തിരുമനസ്സിലെ സ്ഥാനാരോഹണവാർഷികംപ്രമാണിച്ചു റോമിലേക്കു പ്രവഹിച്ച അനുമോദനസന്ദേശങ്ങൾക്കു കയ്യും കണക്കുമില്ല.

### ഇൻഡ്യൻ വൈദികൻ

മാർച്ച് 7-ാംനു- പ്രൊപ്പഗാന്താ കോളെജ് വിദ്യാർത്ഥികൾ ഒരുമിച്ചും ഭാരതീയ വിദ്യാർത്ഥികൾ പ്രത്യേകമായും വരാപ്പുഴ അതിരൂപതയിൽപ്പെട്ട റവ. ഡോക്ടർ കൊൺർണേലിയൂസ് ഏലഞ്ഞിക്കൽ അവർകൾക്കു് ഒരു യാത്രയയപ്പു നല്കുകയുണ്ടായി. അദ്ദേഹം മാർച്ച് 10-ാംനു- റോം വിട്ടു.

### കൽക്കട്ടാ മെത്രാപ്പോലീത്താ

മാർച്ച് 14-ാംനു- ചൊവ്വാഴ്ച കൽക്കട്ടാ മെത്രാപ്പോലീത്താ തിരുമേനി പരിശുദ്ധ പിതാവിനെ മുഖം കാണിച്ചിരിക്കുന്നു.

### ഡോമിനിക്കു സാവിയൊ

വി. ജോൺ ബോസ്കോയുടെ ശിഷ്യനായിരുന്ന ഡോമിനിക്കു സാവിയൊ മാർച്ച് 5 ാംനു- സിദ്ധൻ എന്നു നാമകരണം ചെയ്യപ്പെട്ടു. തദവസരത്തിൽ 35,000 പേർ സന്നിഹിതരായിരുന്നു. ജനബാഹുല്യം നിമിത്തം വിദേശങ്ങളിൽനിന്നു് വന്നിരുന്നവർക്കും റോമിനു വെളിയിൽനിന്നുള്ള ഇത്താല്യക്കാർക്കും മാത്രമേ ടിക്കററുകൾ നല്കപ്പെട്ടുള്ളു. നാമകരണച്ചടങ്ങുകളിൽ സംബന്ധിച്ചവരുടെ കൂട്ടത്തിൽ 8 കർദ്ദിനാളന്മാരും 50 മെത്രാപ്പോലീത്താമാരും മെത്രാന്മാരുമുണ്ടായിരുന്നു. അന്നുവൈകുന്നേരം മാർപ്പാപ്പാ തിരുമേനി 13 കർദ്ദിനാളന്മാ



രാലും 50 മെത്രാപ്പോലീത്താമാരാലും മെത്രാന്മാരാലും അനുഗതനായി, പുതിയ സിദ്ധൻെറ ഭൗതികാവശിഷ്ടങ്ങൾ വണങ്ങുന്നതിനു് വി. പത്രോസിൻെറ ബസ്ലിക്കായിൽ പ്രവേശിച്ചു. ദേവാലയാങ്കണത്തിൽ തടിച്ചുകൂടിയിരുന്ന 1 ലക്ഷം പേരിൽ 45,000 പേർക്കു മാത്രമാണു തദവസരത്തിൽ ദേവാലയത്തിൽ പ്രവേശിപ്പാൻ സാധിച്ചതു്.

ജോൺബോസ്കോയുടെ ഓററ്ററിബാലകരിൽ ഒരാളായിരുന്ന സാവിയൊ 1842 ഏപ്രിൽ 2-ാംനു- ജാതനായി. പിതാവിൻെറ ജോലി കൊല്ലപ്പണിയായിരുന്നു. അഞ്ചുവയസ്സായിരുന്നപ്പോൾത്തന്നെ സാവിയൊ ദിവ്യബലിയിൽ ശുശ്രൂഷിക്കുന്ന ക്രമം ഹൃദിസ്ഥമാക്കിയിരുന്നു. 1854-ലാണു് വി. ബോസ്കോ പ്രസ്തുതബാലനെ ആദ്യമായികണ്ടുമുട്ടിയതു്. അന്നു അവൻ "സകലത്തിലും ഒരു മാതൃക" ആയിരുന്നെന്നു വിശുദ്ധൻ അഭിപ്രായപ്പെടുകയുണ്ടായി. സാവിയൊ 15-ാമത്തെ വയസ്സിൽ നിര്യാതനായി. ഈ ബാലസിദ്ധൻവഴി സംഭവിച്ച രണ്ടത്ഭുതങ്ങൾ തിരുസ്സഭ അംഗീകരിച്ചിട്ടുണ്ടു്. ഒന്നു്, 1927-ൽ ആൽബെർ സാബെത്തൊ എന്ന ഇററാലിയൻ ബാലനുണ്ടായ രോഗശമനവും, മറെറാന്നു 1936 ൽ ബെർസലോണിയായിലെ പെൺകുട്ടിക്കുണ്ടായ രോഗശമനവുമാണു്.

### പുതിയസഭാചരിത്രം

9-ാം പീയൂസു മാർപ്പാപ്പാ മുതൽ 12-ാം പീയൂസു മാർപ്പാപ്പാ വരെയുള്ള കാലത്തെ ഒരു പുതിയ സഭാചരിത്രം 10 വാല്യങ്ങളിലായി വത്തിക്കാനിൽനിന്നു പ്രസിദ്ധീകൃതമായിരിക്കുന്നു. പണ്ഡിതന്മാരായ അനേകം വൈദികരും അൽമേനികളും അതിൻെറ നിർമ്മാണത്തിൽ പങ്കുവഹിച്ചിട്ടുണ്ടു്. ചരിത്രപ്രാധാന്യമുള്ള അനേകം മനോഹരചിത്രങ്ങൾ പ്രസ്തുത ഗ്രന്ഥസമുച്ചയത്തിൻെറ മാഹാത്മ്യത്തിനു മാററുകൂട്ടുന്നു.

# സ്കൂൾ ഡിസിപ്ലിൻ

(1-ാം പേജ് തുടർച്ച)

ളുടെയെല്ലാം പ്രതിഫലനമാണു് നമ്മുടെ "അച്ചടക്ക"ബോധം. പക്ഷെ, വിദ്യാലയസ്ഥാപനത്തിനുള്ള സ്ഥാനങ്ങളുടെ മാററവും, സ്കൂൾ കെട്ടിടങ്ങൾ ഉപകരണങ്ങൾ മുതലായവയുടെ പരിഷ്കരണവും, "അവൈദിക"രായ പുരുഷന്മാർക്കു മാത്രമല്ല, സ്ത്രീകൾക്കും അദ്ധ്യാപകരാകാൻ ലഭിച്ച സൗകര്യങ്ങളും, അദ്ധ്യാപനരീതികളിലുണ്ടായ പുരോഗമനവും, വിദ്യാലയത്തേയും വിദ്യാഭ്യാസത്തേയും കുറിച്ചുള്ള ആശയങ്ങൾക്കു ക്രമേണ മാററംവരുത്തി. ഇന്നു് വിദ്യാലയങ്ങളെ "സരസ്വതീക്ഷേത്ര"ങ്ങളായൊ, അക്ഷരാഭ്യാസക്കളരികളായൊ മാത്രമല്ല, പൗരബോധപരിശീലനകേന്ദ്രങ്ങളായും, സാമൂഹ്യജീവിതസൗധത്തിൻെറ നിർമ്മാണശാലകളായും, അംഗബാഹുല്യമുള്ള തറവാടുകളായും, ഉന്മേഷത്തിനുവേണ്ടിയുള്ള വിഹാരരംഗങ്ങളായും, കുസുമഭൂഷിതമായ ബാലച്ചെടികളെ നട്ടുവളർത്തുന്ന ഉദ്യാനങ്ങളായും കൂടിയാണല്ലൊ നാം പരിഗണിക്കുന്നതു്. ഈ പുരോഗമനത്തിനനുയോജ്യമായ വികാസം "സ്കൂൾഡിസിപ്ലി"ൻെറ നിർവ്വചനത്തിനും നല്കേണ്ടതായുണ്ടു്.

ഒന്നോ രണ്ടോ വാക്യങ്ങളിൽ "സ്കൂൾ ഡിസിപ്ലി"നെ നിർവചിക്കാൻ സാദ്ധ്യമല്ല. എങ്കിലും, ഒരു സ്കൂളിൽ "ഡിസിപ്ലിൻ" ഉണ്ടോ ഇല്ലയോ എന്നു സൂക്ഷ്മദർശിക്കു് നിഷ്പ്രയാസം, ഒററനോട്ടത്തിൽ മനസ്സിലാക്കാം. കിരീജവിളിയോ, സ്ട്രൈക്കോ, നിരാഹാരവ്രതമോ, വല്ലപ്പോഴുമൊരിക്കലുണ്ടാകുന്നതുകൊണ്ടുമാത്രം, ഒരു സ്കൂളിലോ കോളെജിലോ ഡിസിപ്ലിനില്ലെന്നു ഞാൻ പറയുകയില്ല. വാർഷികാഘോഷം പ്രമാണിച്ചുള്ള പൊതുയോഗത്തിൽ നിർജ്ജീവമായ മൗനം ദൃശ്യമായതുകൊണ്ടുമാത്രം ഒരു സ്കൂളിൽ ഡിസിപ്ലിനുണ്ടെന്നു വിധിയെഴുതുന്നതും ശരിയായിരിക്കയില്ല. ക്ലാസുമുറിയിൽ ഇടയ്ക്കിടെ കേൾക്കാറുള്ള കൈയടി, പൊട്ടിച്ചിരി, "ചവിട്ടുനാടകം"മുതലായവ ഇൻഡിസിപ്ലിനാണെന്നും ഞാൻ പറയുകയില്ല. വിദ്യാർത്ഥികളുടെ ന്യായമായ ആഹ്ലാദപ്രകടനമോ, പ്രതിഷേധസൂചനമോ, അനുമോദനചിഹ്നമോ ആയിരിക്കാമവ. നേരമെറിച്ച്, ഹെഡ്മാസ്റ്ററും, അദ്ധ്യാപകന്മാരും, വിദ്യാർത്ഥികളും, മാറി മാറി, തുടരെ, സമയംതെററി ക്ലാസ്സിൽ വരിക; പഠിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ ഉള്ള പാഠങ്ങൾ "അങ്ങാടിമരുന്നോ പച്ചമരുന്നോ"എന്നറിയുന്നതിനു് മണിയടിക്കുമ്പോൾ ഓടിക്കിതച്ചു വന്നിട്ടു് ധൃതിയിൽ പുസ്തകത്തിൽ കണ്ണോടിക്കുക; പാഠങ്ങൾ നടക്കുന്നതോ നടക്കേണ്ടതോ ആയ സമയത്തു്, രഹസ്യമായോ പരസ്യമായോ വിദ്യാർത്ഥികൾതമ്മിലോ അദ്ധ്യാപകർതമ്മിലോ, വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലോ "സൊള്ളുക"; ഡസ്കിന്മേലോ, ബോർഡിന്മേലോ, ചുവരിലോ, മതലിലോ, അശ്ലീലമോ ബീഭത്സമോ ആയ ചിത്രങ്ങളോ, എഴുത്തുകളോ പ്രത്യക്ഷപ്പെടുക; ഇൻറർവൽ സമയത്തോ, മറെറപ്പോളെങ്കിലുമോ, ലട്രിനിൽ പോകാതെ, പരസ്യമായി പബ്ലിക്കുറോഡരികിൽ വിദ്യാർത്ഥികൾ നിന്നു നിർലജ്ജം മൂത്രവിസർജ്ജനം ചെയ്യുക; അതിഥികളോ, രക്ഷാകർത്താക്കളോ സന്ദർശകരായി സ്കൂളിൽ വരുമ്പോൾ അവരെ യഥായോഗ്യം ആദരിക്കാതിരിക്കുക; പാഠം നടക്കുമ്പോൾ അലക്ഷ്യമായിരിക്കുക; അദ്ധ്യാപകനോടു സംസാരിക്കുമ്പോളും, അദ്ദേഹത്തെ സമീപിക്കുമ്പോളും, അദ്ദേഹത്തെപ്പററി മററുള്ളവരോടു പറയുമ്പോളും, അദ്ദേഹം ക്ലാസ്സിൽ വന്നു കയറുമ്പോളും, വേണ്ടത്ര ബഹുമാനിക്കാതിരിക്കുക; സ്കൂളിലെ തോട്ടത്തിൽനിന്നു പതിവായി പൂക്കളും ഫലങ്ങളും കാണാതാകുക; സമീപത്തുള്ള സ്കൂളുകളിൽനിന്നു പോകുന്ന വിദ്യാർത്ഥിനികളെ ഒററയ്ക്കു കൂട്ടംകൂടിയും പരിഹസിക്കുക; മുതലായ സംഭവങ്ങൾ നടക്കുന്ന സ്കൂളുകൾ എത്ര നിസ്തുല്യമാണെങ്കിലും, അവിടെ "ഡിസിപ്ലിനു"ണ്ടെന്നു ആരു പറയും?

(തുടരും)

# ഫാത്തിമായിലെ കുട്ടികൾ

അദ്ധ്യായം 15

## ഫാത്തിമായോട് അവസാനമായി യാത്രപറയുന്നു

അന്നുരാത്രി പത്തരമണിയോടുകൂടി, ജപമാലരാജ്ഞി വാഗ്ദാനം ചെയ്തിരുന്നതുപോലെ, ജസിന്തയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതിനായി സമാഗതയായി.

"വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക." ആ കൊച്ചുതപസ്വിനിയുടെ അധരങ്ങളിൽനിന്നു പുറപ്പെട്ട അന്ത്യവാക്കുകൾ അതായിരുന്നു. മധുരമായ ഒരു മന്ദസ്മിതത്തോടുകൂടി സുകൃതിനിയായ ആ ബാലികയുടെ ആത്മാവ് നിത്യതയിലേക്കു പറന്നുയർന്നു!!

ഔറേം നിവാസിയായ അൽവസേർ പ്രഭു (Baron d' Alvayazir) ജസിന്തയുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കുവാൻ അഗ്രഹം പ്രകടിപ്പിച്ചു. പരിശുദ്ധകന്യകയെ ദർശിച്ച ഒരു കൊച്ചുബാലികയുടെ മൃതശരീരം ഒരു പൂജ്യനിധിയാണെന്നും, അതു യഥാവിധി സൂക്ഷിക്കുന്നപക്ഷം തന്റെ കുടുംബത്തിന്റെമേൽ വലുതായ നന്മകൾ വർഷിക്കപ്പെടുമെന്നും അയാൾ വിശ്വസിച്ചു. അയാളുടെ ഉന്നതപദവിയും തികഞ്ഞ ആത്മാർത്ഥതയും പരിഗണിച്ച് അയാളുടെ അഭ്യർത്ഥന അംഗീകരിക്കപ്പെട്ടു. ജസിന്തയുടെ മൃതദേഹം ലിസ്ബണിൽനിന്നും തീവണ്ടിമാർഗ്ഗം ഔറേമിൽ കൊണ്ടുവന്ന് പ്രഭുവിന്റെ കുടുംബക്കല്ലറയിൽ സംപൂജ്യമായി സംസ്കരിക്കപ്പെട്ടു.



ജസിന്തയുടെ നിര്യാണവാർത്ത പൊട്ടിത്തകരുന്ന ഹൃദയത്തോടെ ലൂസി ശ്രവിച്ചു അവളുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണീർ ധാരധാരയായി ഒഴുകി. "എനിക്കിനി ഒന്നുരിയാടുവാൻ ആരുമില്ലല്ലോ......... ആദ്യം ഫ്രാൻസിസ്......... അനന്തരം ജസിന്ത...... ഹാ! സ്നേഹംനിറഞ്ഞ അമ്മ, ഏകാന്തവാസം എത്രമേൽ കഠിനതരമാണ്!!" ലൂസി ജീവിതത്തിൽ അനുഭവിച്ചിട്ടുള്ളതിലേക്കും അഗാധമായ വ്യാകുലതയിൽ മുഴുകി. ജസിന്തയുടെ മൃതശരീരം ഔറേമിൽ സംസ്കരിക്കപ്പെട്ടിരുന്നതിനാൽ ശവകുടീരം ഇക്കൂട്ടുകാരി കാണുന്നതിനുള്ള ഭാഗ്യവും ഇല്ലാതായി.

ആയിടയ്ക്ക് നിരീശ്വരരായ പോർട്ടുഗീസ് ഭരണാധികാരികൾ അനുദിനം വർദ്ധമാനമായിവന്ന കോവയിലെ ഭക്തിപ്രകടനങ്ങളുടെമേൽ മർദ്ദനനടപടികൾ സ്വീകരിച്ചു. മാതാവിന്റെ കോവയിലെ ആദ്യസന്ദർശനത്തിന്റെ തൃതീയവാർഷികദിനമായ 1920 മേയ് 13-ാംതീയതി ആയുധധാരികളായ പടയാളികൾ വഴിനീളെനിന്ന് തീർത്ഥയാത്രക്കാരെ തടയണമെന്നും, കോവയിൽ പ്രാർത്ഥിക്കുന്നവരെ അറസ്റ്റുചെയ്യണമെന്നും ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചു.

"എന്തുവന്നാലും തരക്കേടില്ല. പതിമൂന്നാംതീയതി ഞാൻ കോവയിൽ പോകും. പടയാളികൾ എന്നെ കൊല്ലുകയാണെങ്കിൽ അത്രയും നല്ലത്. അവരുടെ പാപപരിഹാരത്തിനായി അതു ഞാൻ കാഴ്ചവയ്ക്കും. ഫ്രാൻസിസിനെയും ജസിന്തയെയും സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയതുപോലെ മാതാവുവന്ന് എന്നെയും സ്വർഗ്ഗത്തിലേക്കു കൊണ്ടുപോവുകയും ചെയ്യും." ലൂസി അങ്ങനെതന്നെ ഉറച്ചു.

ലൂസിയുടെ നിശ്ചയം ഏതാണ്ടു മനസ്സിലാക്കി മരിയ റോസ വളരെ കുണ്ഠിതപ്പെട്ടു. കോവയിൽ നടന്ന അത്ഭുതവും രോഗശമനങ്ങളും നിമിത്തം കുട്ടികൾ മാതാവിനെ കണ്ടു സംസാരിച്ചെന്നു പറഞ്ഞതു ശരിയാണെന്ന് അവർക്കു വിശ്വാസം വന്നിരുന്നു. ആത്മാക്കൾക്കുവേണ്ടി ഏറെ പ്രായശ്ചിത്തകൃത്യനിർവഹണത്തിനായി കുട്ടികൾ ദൈവത്താൽ തിരിഞ്ഞെടുക്കപ്പെട്ടിരിക്കയാണെന്നും ആ സ്ത്രീ വിശ്വസിച്ചു. പക്ഷേ മാതാവിന്റെ ആദ്യദർശനത്തിനുശേഷം അവർക്ക് ഒന്നിനുപുറകേ ഒന്നായി വന്നുകൂടിയ അത്യാപത്തുകൾ അവരെ വല്ലാതെ നിരാശപ്പെടുത്തി. 1919 ഏപ്രിൽ നാലാംതീയതി ഫ്രാൻസിസ് മരിച്ചു. അക്കൊല്ലംതന്നെ ജൂലായ് 31-ാം തീയതി അവരുടെ ഭർത്താവ് അന്തോനിയോ സാന്തോസ് മൃതിയടഞ്ഞു. 1920 ഫെബ്രുവരി 20-ാം തീയതി ജസിന്തയും കർത്താവിൽ നിദ്രപ്രാപിച്ചു. ഇതാ, ഇപ്പോൾ ജസിന്തയുടെ ജ്യേഷ്ഠസഹോദരികളായ ഫ്ളോറിന്ഡയും തെരേസ്യയും മരണകരമായവിധം രോഗാതുരരായി കിടക്കുന്നു. ജസിന്തയുടെയും ഫ്രാൻസിസിന്റെയും അമ്മ തന്നെയും അനാരോഗ്യസ്ഥിതിയിലായിരുന്നു. "ദർശനങ്ങളുടെ ഫലമായി ഞങ്ങളെല്ലാവരും അകാലചരമമടയുവാൻ പോകയാണെന്ന് ചിലർ പറയുന്നതു ശരിയായിരിക്കും." ആ ശുദ്ധഗതിക്കാരിയായ സ്ത്രീ പിറുപിറുത്തു.

"ഇന്നു നീ കോവയിൽ പോകരുതേ കുഞ്ഞേ! പട്ടാളക്കാർ നിന്നെ കണ്ടുകൂടിയാൽ വലിയ ആപത്തുണ്ടാകും." മേയ് 13-ാം തീയതി കോവയിൽ പോകാനൊരുങ്ങിയ ലൂസിയെ അമ്മ തടഞ്ഞു.

"ഞാൻ തീർച്ചയായും നമ്മുടെ മാതാവിന്റെ തീർത്ഥസ്ഥലത്തു പോകും. അതുപോലെ മറ്റുള്ളവരും പോകും. അമ്മ ഇതേപ്പറ്റി ഒട്ടും അസഹ്യപ്പെടേണ്ട." ലൂസി ദൃഢസ്വരത്തിൽ പറഞ്ഞു.

മേയ് 13-ാം തീയതി അസംഖ്യം തീർത്ഥയാത്രക്കാർ കോവയിലേക്കു പുറപ്പെട്ടു ഫാത്തിമായിലേക്കുള്ള വാഹനഗതാഗതം മുഴുവൻ മുടക്കപ്പെട്ടിരുന്നെങ്കിലും തീർത്ഥകർ അതുകൊണ്ടൊന്നും നിരാശരായി പിൻവാങ്ങാതെ അവരുടെ വാഹനങ്ങളെല്ലാം ഉപേക്ഷിച്ച് കാൽനടയായി കോവയിലേക്കു നീങ്ങി.

ഉച്ചയ്ക്കുമുമ്പായി അനേകായിരം സ്ത്രീപുരുഷന്മാർ മേച്ചിൽസ്ഥലത്തു വന്നുകൂടി. അവരെ പിരിച്ചുവിടുവാൻ പട്ടാളക്കാർ അശക്തരായിത്തീർന്നു. ജനാവലി ജപമാല ഉരുവിടുവാൻ തുടങ്ങിയപ്പോൾ സമ്മിശ്രമായ ശബ്ദതരംഗപരമ്പരയാൽ കോവ മുഖരിതമായി.

പട്ടാളക്കാർ വിരുദ്ധമനോഭാവം വെടിഞ്ഞു. "മറ്റുള്ളവരെപ്പോലെ ഞങ്ങളും നമ്മുടെ ജപമാലരാജ്ഞിയിൽ വിശ്വസിക്കുന്നു. ഇന്നത്തെ തീർത്ഥാടനം തടയാൻ ശ്രമിക്കേണ്ടിവന്നതു ഞങ്ങളുടെ കുറ്റമല്ല." അവർ ഏറ്റുപറഞ്ഞു.

"പിന്നെ, ആരുടെ കുറ്റം?"

"ഗവർമ്മെന്റിന്റെ കുറ്റം തന്നെ."

"നിങ്ങൾ ലൂസിയെ ഉപദ്രവിക്കണമെന്ന് ഉദ്ദേശിച്ചിരുന്നില്ലേ?"


"ലൂസിയെ ഉപദ്രവിക്കുകയോ? ഒരിക്കലുമില്ല. എന്ത്! ആ കുട്ടി പരിശുദ്ധകന്യകയെക്കണ്ടു സംഭാഷണം ചെയ്തവളല്ലേ? അവളുടെ ഒരു തലമുടിനാരുപോലും ഞങ്ങൾ തൊടുകയില്ല."

ലിറിയായിലെ മെത്രാനായ ജോസ് ആൽവസ് കൊറിയ ദാ സിൽവ (Jose Alves Correa da Silva) തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ രൂപതയിൽപ്പെട്ട ഫാത്തിമാഗ്രാമം സന്ദർശിച്ചു. ലൂസിയെ മാറ്റുക ഒരു സ്കൂളിൽ ചേർത്തു പഠിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു് ലൂസിയുടെ മാതാവിനോടു പറഞ്ഞു: "വി. ഡൊറോത്തിയുടെ സഭയിൽപ്പെട്ട കന്യാസ്ത്രീകൾക്ക് (Sisters of St. Dorothy) പോർട്ടോയ്ക്കടുത്തുള്ള (Porto) വിലാറിൽ (Vilar) ഒരു നല്ല വിദ്യാലയമുണ്ട്. അതു ലൂസിക്കു പറ്റിയതാണ്. കുട്ടി വളർന്നുവരികയല്ലേ? ഫാത്തിമായിലുള്ളതിനെക്കാൾ ഭേദപ്പെട്ട ഒരു സ്കൂളിൽ അവളെ ചേർക്കണം."

ആവശ്യത്തിനുമാത്രമൊക്കെ പഠിച്ച ലൂസിയെ വീണ്ടും സ്കൂളിൽ ചേർത്തു പഠിപ്പിക്കേണ്ടയാവശ്യമെന്തെന്നു മരിയ റോസയ്ക്കു മനസ്സിലായില്ല. എങ്കിലും, മെത്രാനച്ചനോട് അവൾ വിസമ്മതമൊന്നും പറഞ്ഞതുമില്ല.

വിലാർ സ്കൂളിന്റെ വൈശിഷ്ട്യങ്ങളും അവിടത്തെ അദ്ധ്യാപികമാരായ കന്യാസ്ത്രീകളുടെ അഗാധപാണ്ഡിത്യവും സാമർത്ഥ്യവും ജീവിതപവിത്രതയും മെത്രാനച്ചൻ മരിയയെ വിവരിച്ചു കേൾപ്പിച്ചു. ആ സ്കൂളിൽ ചേർന്നാൽ അവൾക്ക് പ്രയോജനകരമായ പല നല്ല കാര്യങ്ങളും പഠിച്ചു മിടുക്കിയാകുമെന്നു മെത്രാനച്ചൻ ആ സ്ത്രീയോടു പറഞ്ഞു.

"ലൂസിക്ക് ഒരു വിശ്രമം ആവശ്യമാണ്. അവൾ ഫാത്തിമായിൽനിന്ന് എങ്ങോട്ടെങ്കിലും മാറിത്താമസിക്കയാണു നല്ലത്. നാലുകൊല്ലത്തോളമായി സന്ദർശകർ അവളെ അലട്ടിക്കൊണ്ടിരിക്കയായിരുന്നല്ലോ." ആ വൈദികാദ്ധ്യക്ഷൻ മരിയയെ അനുസ്മരിപ്പിച്ചു.



"വിലാറിൽ പഠിക്കാൻ പോകുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല." അവൾ പെട്ടെന്നു പറഞ്ഞു.

"പക്ഷേ അവളെ സ്കൂളിലയക്കുന്നതിനുള്ള ചെലവുകൾക്കു ഞാനെന്തു ചെയ്യും, പിതാവേ?"

"ചെലവുകളുടെ കാര്യത്തിൽ നിങ്ങൾ ബുദ്ധിമുട്ടേണ്ട എല്ലാം ഞാൻ വഹിച്ചുകൊള്ളാം." ലൂസിയുടെ ഉപരിവിദ്യാഭ്യാസത്തിന് അതീവതൽപരനായ മെത്രാൻ സസന്തോഷം സമ്മതിച്ചു.

ലിറിയായിലെ മെത്രാൻ ലൂസിയെ വിലാറിലെ ബോർഡിംഗ്സ്കൂളിൽ ചേർക്കുന്നതിനുള്ള ഒരുക്കങ്ങളെല്ലാം മുൻകൂട്ടി ചെയ്തു. ലൂസി ദസ സാന്തോസ് എന്ന പ്രസിദ്ധമായ പേരിനുപകരം മരിയ ദാസ് ദോരസ് എന്നപേരിലായിരിക്കണം സ്കൂളിൽ അറിയപ്പെടേണ്ടതെന്നും, എവിടെനിന്നു വരുന്നെന്നു ചോദിച്ചാൽ ഫാത്തിമായിൽനിന്നാണെന്നു പറയരുതെന്നും, ലിസ്ബണിനടുത്തുനിന്നുവരുന്നു പറയാവൂ എന്നും, മാതാവിന്റെ സന്ദർശനങ്ങളെപ്പറ്റി ആരോടും ഒരക്ഷരംപോലും ഉരിയാടരുതെന്നും മെത്രാൻ ലൂസിയെ ഉപദേശിച്ചു.

"ഇതെല്ലാം ഓർത്തിരുന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്യു ലൂസീ! ഫാത്തിമായിൽനിന്നു നീ പോകുന്ന കാര്യവും ഇവിടെ ആരോടും പറയരുത്."

"പിതാവേ, അങ്ങു പറഞ്ഞതെല്ലാം അനുസരിച്ചുകൊള്ളാമെന്നു ഞാൻ ഇതാ വാക്കു തരുന്നു. അങ്ങയുടെ കാരുണ്യത്തിനു വളരെ നന്ദിപറകയും ചെയ്യുന്നു."

1921 ജൂൺ 21-ാം തീയതി ലൂസി വിലാറിലേക്കു പോകാൻ നിശ്ചയിച്ച ദിവസമായിരുന്നു തലേദിവസം വൈകുന്നേരം മരിയ റോസ ലൂസിയോടു പറഞ്ഞു:—"കുഞ്ഞേ! നീ നന്നേ വാടിവിളറിയിരിക്കുന്നല്ലോ. നിനക്കു പുറത്തുപോയി അല്പം കാറ്റുകൊള്ളരുതോ?"

"എനിക്കു വളരെയധികം ജോലിയുണ്ടല്ലോ അമ്മേ!"

"അതൊക്കെ ഞാൻ നോക്കിക്കൊള്ളാം. നീ നടക്കാൻ പൊയ്ക്കൊള്ളൂ. നിന്റെ ഇവിടത്തെ അവസാനദിവസമല്ല ഇത്?"

വീട്ടിലെ തന്റെ അവസാനദിവസമായിരിക്കുമെന്ന് അമ്മ പറഞ്ഞതു യഥാർത്ഥമായിത്തീരുമോ എന്ന് അവൾ ഭയപ്പെട്ടു. പരിചിതമായ വയലുകളിലും പുരയിടങ്ങളിലുംകൂടിയുള്ള ലൂസിയുടെ സായാഹ്നസവാരിക്കിടയിൽ, താൻ തിരിച്ചുവരികയില്ലെന്ന് അവൾക്കു ബോധ്യപ്പെട്ടു. ദീനാകുലയായ ലൂസി തറയിൽ മുട്ടുകുത്തി കണ്ണീരൊഴുക്കി. ആ സ്ഥലങ്ങളെല്ലാം ഉപേക്ഷിച്ച് പരിചിതമായ ഒരു മുഖംപോലുമില്ലാത്ത വിലാറിലേക്കു പോകുന്നതിൽ അവൾ അത്യന്തം കുണ്ഠിതപ്പെട്ടു.

"ഓ, പ്രിയപ്പെട്ട മാതാവേ, എന്നെ സഹായിക്കണമേ. ഞാൻ മടങ്ങിവരികയില്ലെന്നറിഞ്ഞിരുന്നില്ല." ലൂസി കേണപേക്ഷിച്ചു. അല്പസമയത്തിനുള്ളിൽ അവളുടെ ഹൃദയം ശാന്തമായി. ദൈവതിരുമനസ്സിനു പരിപൂർണ്ണമായി കീഴ്വഴങ്ങാനുള്ള വരം വീണ്ടും അവൾക്കു ലഭിച്ചു.

അവൾ വീണ്ടും നടന്നു. കോവ, താൻ ജ്ഞാനസ്നാനം, പ്രഥമദിവ്യകാരുണ്യം മുതലായ കൂദാശകൾ സ്വീകരിച്ച ഇടവകപ്പള്ളി, ഫ്രാൻസിസിനെയും തന്റെ പിതാവിനെയും സംസ്കരിച്ചിരുന്ന സിമിത്തേരി, വാലിനോസ്, തങ്ങൾ ആടുമേച്ചിട്ടുള്ള മറ്റു വയലുകൾ, സമാധാനത്തിന്റെ മാലാഖ പ്രത്യക്ഷപ്പെട്ട ഗുഹ ഇങ്ങനെ തനിക്കു പ്രിയങ്കരങ്ങളായ എല്ലാ സ്ഥലങ്ങളും

(ശേഷം 9 ാം പേജിൽ)

# കമ്മ്യൂണിസത്തിന്റെ തനിനിറം

(വി. സി. ജോർജ്ജ് ബി. എ. എൽ. ടി.)

കമ്മ്യൂണിസത്തെയും കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങളെയുംപററി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന ആളുകളിൽ ഒരു നല്ല ഭാഗം കമ്മ്യൂണിസത്തെ അതിന്റെ തനിനിറത്തിൽ ചിത്രീകരിക്കുന്നില്ല. "കമ്മ്യൂണിസത്തിന്റെ ആദർശം ആദരണീയമാണു്. പ്രവർത്തനപദ്ധതിയാണു് ആക്ഷേപകരം", "കമ്മ്യൂണിസവും കത്തോലിക്കമതവും തമ്മിൽ ചില കാര്യങ്ങളിൽ വളരെ പൊരുത്തമുണ്ടു്", "കമ്മ്യൂണിസ്റ്റുകാരുടെ ചില ദുഷിച്ച ഏർപ്പാടുകൾ അല്ലായിരുന്നുവെങ്കിൽ ഞാനും ഒരു കമ്മ്യൂണിസ്റ്റുകാരനാകുമായിരുന്നു" എന്നൊക്കെ നല്ല വിലയും നിലയും പൊതുജനസമ്മതിയുമുള്ള കത്തോലിക്കർപോലും പ്രസ്താവിക്കുന്നതു കേൾക്കുമ്പോൾ കമ്മ്യൂണിസ്റ്റുകാരിൽനിന്നു പഠിക്കാവുന്ന നല്ല കാര്യങ്ങളെപ്പററി സാധാരണക്കാർ ചിന്തിക്കുന്നതും സ്വാഭാവികമാണല്ലോ. എന്നാൽ കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങളേയും ഉപദേശങ്ങളേയും പഠിക്കുമ്പോൾ തത്വപരമായി പുതിയ യാതൊരറിവും കമ്മ്യൂണിസ്റ്റുകൾ ലോകത്തിനു നൽകാനില്ലെന്നു് നിഷ്പക്ഷബുദ്ധികൾക്കു ബോദ്ധ്യമാകും. സാമ്പത്തികമായ അസമത്വം പരിഹരിക്കുന്നതിലും ഭവനരഹിതർക്കു കിടപ്പാൻ സ്ഥലവും ദരിദ്രർക്കു ഉണ്ണുവാനും ഉടുക്കുവാനും വകയും തൊഴിലില്ലാത്തവർക്കു തൊഴിലും ലഭിക്കുന്നതിലും കമ്മ്യൂണിസ്റ്റുകാർ ശ്രദ്ധാലുക്കളാണെന്നു് ഒരു ധാരണയുണ്ടു്. ഈ കാര്യപരിപാടി കത്തോലിക്കസഭ അഥവാ ക്രൈസ്തവലോകം പുരാതനകാലംമുതൽ സ്വീകരിച്ചിട്ടുള്ളതാണു്. കമ്മ്യൂണിസ്റ്റുകാരുടെ തത്വസംഹിതയിൽ ഈ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ പ്രയോഗപദ്ധതിയിൽ സാമ്പത്തികാസമത്വവും ഭവനരാഹിത്യവും അശനരാഹിത്യവും വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുകയില്ല. റഷ്യയിലെയോ പോളണ്ടിലെയോ, ഹംഗറിയിലെയോ, ഷെക്കോസ്ലോവെക്യായിലെയോ, മെക്സിക്കോയിലെയോ, സ്പെയിനിലെയോ സംഭവങ്ങളെ ഈ പരമാർത്ഥം തെളിയിക്കാൻ പരിശോധിക്കേണ്ടതായിട്ടില്ല. നമ്മുടെ വയലാറൊ, ആലപ്പുഴയൊ, മലബാറൊ, ഇടപ്പള്ളിയൊ ധാരാളം മതിയാകും. എവിടെയും സാമൂഹ്യവ്യവസ്ഥിതി അധോമുഖീകരിച്ചു്, വിപ്ലവം നട്ടുവളർത്തി, അസമാധാനവും ഭീതിയും വർദ്ധിപ്പിക്കണമെന്നേ കമ്മ്യൂണിസ്റ്റുകൾക്കു് ആഗ്രഹമുള്ളു. സംസ്ഥാപകമായ കാര്യപരിപാടി തങ്ങൾക്കുണ്ടെന്നു പ്രഖ്യാപിച്ചുകൊണ്ടു്, സാധുക്കളെ കബളിപ്പിച്ചും വ്യാമോഹിപ്പിച്ചും വിനാശകരവും വിദ്ധ്വംസകവുമായ ഒരു പ്രവർത്തനപദ്ധതി സ്വീകരിച്ചിട്ടുള്ളവരാണു് കമ്മ്യൂണിസ്റ്റുകൾ. ആത്മാവിനെയും ശരീരത്തെയും പരസ്പരം ശത്രുക്കളാക്കിത്തീർക്കാൻ ശ്രമിക്കുന്ന ഇക്കൂട്ടർ കുടുംബങ്ങളിലും ഗ്രാമങ്ങളിലും ദേശങ്ങളിലും പരസ്പരം മത്സരിക്കുന്ന കക്ഷികളെ സൃഷ്ടിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും വളരെ വിരുതന്മാരാണു്. പിതാവിന്റെ അധികാരകേന്ദ്രീകരണത്തിനെതിരായി പുത്രനോടും മാതാവിന്റെ കപടഭക്തിക്കെതിരായി പുത്രിയോടും പ്രസംഗിച്ചു് അവരിരുവരേയും ഗൃഹജനങ്ങളിൽനിന്നകററി, സഹോദരനെ പഠനക്കളരിയിലേക്കും സഹോദരിയെ സിനിമാക്കൊട്ടകയിലേക്കും തട്ടിക്കൊണ്ടുപോയി കമ്മ്യൂണിസ്റ്റു് സഖ്യത്തിനു് വ്യാപ്തിവർദ്ധിപ്പിക്കുന്ന "സഖാക്ക"ളുടെ പ്രവർത്തനം അദൃശ്യമായെങ്കിലും ദ്രുതഗതിയിൽ നമ്മുടെ നാട്ടിൽ, നമ്മുടെ കത്തോലിക്ക ഇടവകകളിൽ. നമ്മുടെ ഭക്തസംഘങ്ങളും സമിതികളും തഴച്ചുവളരുന്നതിനിടയ്ക്കു് നടക്കുന്നുണ്ടു്. ഈ സാഹചര്യങ്ങളിൽ കമ്മ്യൂണിസത്തെയും കമ്മ്യൂണിസ്റ്റുകാരെയുംപററി ശീതളവാക്യങ്ങളും അനുരഞ്ജകവിദ്യകളും സ്ഥാനസ്ഥിതങ്ങളല്ല; തീർത്തും പരിത്യാജ്യങ്ങളാണു്.

കമ്മ്യൂണിസത്തിനു വളർച്ചയാകുമ്പോൾ, പ്രായപൂർത്തിവരുമ്പോൾ, സാമ്പത്തികരംഗത്തുനിന്നു മതരംഗത്തേക്കു് ഒരു കാലുമാററം പ്രായേണ കണ്ടുവരാറുണ്ടു്. കത്തോലിക്കരാജ്യങ്ങളെന്നു് അഭിമാനിച്ചുവന്ന പ്രദേശങ്ങളിൽ ഇങ്ങനെതന്നെയാണു് നടന്നതും. പള്ളിവക സ്വത്തുക്കളെയും സന്യാസസഭവക സ്ഥാപനങ്ങളെയും കൊള്ളചെയ്യുന്നതിനു കമ്മ്യൂണിസ്റ്റുകൾ വളരെ വ്യഗ്രതപ്രദർശിപ്പിച്ചു; പ്രദർശിപ്പിച്ചുവരികയും ചെയ്യുന്നു. രാഷ്ട്രത്തിന്റെ അധികാരം ഉപയോഗിച്ചു പുരോഹിതന്മാരെ വൈദികകർമ്മാനുഷ്ഠാനത്തിൽപ്പോലും പ്രതിരോധിക്കുന്നു. പള്ളികളെല്ലാം പൊളിച്ചുകളഞ്ഞാൽ പത്തുവർഷംകൊണ്ടു് ഒററക്രിസ്ത്യാനിയെപ്പോലും കാണാൻ സാധിക്കുകയില്ലെന്നുള്ള ശ്രീ പട്ടത്തിന്റെ പ്രസ്താവം താരതമ്യേന എത്രയും വിഷംകുറഞ്ഞതാണു്! ദൈവനിയമത്തിനു് വിരോധമായ രാഷ്ട്രനിയമത്തിനു് കീഴടങ്ങുവാൻ കത്തോലിക്കമെത്രാന്മാരോ മാററാരെങ്കിലുമോ പറഞ്ഞാൽ കമ്മ്യൂണിസ്റ്റധികാരികൾ ഗൗനിക്കുകയില്ല. ചൈനായിലെ കമ്മ്യൂണിസ്റ്റുകൾപോലും ചുററികയും അരിവാളും ചുഴററുന്നതിൽ കലാവൈഭവം പ്രകടിപ്പിക്കുന്നു. സകല വിദ്യാലയങ്ങളിലും കമ്മ്യൂണിസ്റ്റു് ആശയം നിറഞ്ഞ പാഠ്യപുസ്തകങ്ങൾ പ്രവേശിപ്പിക്കുന്നതിലും അവർ ദത്തശ്രദ്ധരായിരിക്കുന്നു. സുയിയാൻ എന്ന ചീനപ്രദേശത്തു പാപസങ്കീർത്തനം ചെയ്യുന്നതിനു കത്തോലിക്കരെ വിരോധിക്കുന്ന നിയമം നടപ്പിലാക്കിയിരിക്കുന്നു. "ഞങ്ങളുടെ പള്ളികളിൽ പലതും ഗവമെന്റു് ആപ്പീസുകൾക്കായി ഉപയോഗിക്കപ്പെടുന്നു" എന്നത്രെ ഹൊപ്പെയിൽനിന്നുള്ള ഒരു വൈദികന്റെ രോദനം. "വിശ്വാസസ്വാതന്ത്ര്യം" എല്ലാവർക്കും അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിലാണു് കർബാന കാണുന്നതിനും കൂദാശകൾ സ്വീകരിക്കുന്നതിനുംവേണ്ടി കത്തോലിക്കർ രാഷ്ട്രനിയമം അനുസരിച്ചു ശിക്ഷ അനുഭവിക്കുന്നതു്. കമ്മ്യൂണിസ്റ്റുവിഷം ബാധിച്ചാൽ പൗരസ്ത്യർ പാശ്ചാത്യരോടൊപ്പം തന്നെ അധർമ്മവും ക്രൗര്യവും പ്രവർത്തിക്കുമെന്നു തെളിയിക്കാൻ ചൈനീസ് കമ്മ്യൂണിസ്റ്റുകാരുടെ ചില വികൃതികളെപ്പററി ഇവിടെ പ്രതിപാദിച്ചുവെന്നേയുള്ളു.

യൂറോപ്പിലും, ഏഷ്യായിലും, മെക്സിക്കോയിലും, മലബാറിലും കമ്മ്യൂണിസ്റ്റുകൾ ഒരുപോലെ അനർത്ഥകാരികളാണു്, ഹിംസാലോലുപരാണു്, അധർമ്മപ്രണയികളാണു്. അപഥവാദികളാണു്. അവരെപ്പററിയുള്ള സാന്ത്വനവചനങ്ങളും ശീതളവാക്യങ്ങളും ആപൽക്കരങ്ങളാണു് കമ്മ്യൂണിസത്തെപ്പററി എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യുന്ന കമ്മ്യൂണിസ്റ്റേതരർ "സഖാക്ക"ളെ അവരുടെ തനിനിറത്തിൽതന്നെ കാണിക്കേണ്ടതാണു്. "ഇക്കാലത്തെ ശത്രുക്കളിൽ ഏററവും അക്രമാസക്തിയുള്ളതു് കമ്മ്യൂണിസത്തിനാകുന്നു. കൂടുതൽ ഗുണപ്രദമായ ഒരു ജീവിതരീതിയെപ്പററിയുള്ള അവാസ്തവങ്ങളായ വാഗ്ദാനങ്ങൾമൂലം കമ്മ്യൂണിസം ജനങ്ങൾ അവരുടെ സ്വാതന്ത്ര്യം വച്ചൊഴിയുവാൻ പ്രേരിപ്പിക്കുന്നു. എന്നാൽ കമ്മ്യൂണിസത്തിൽനിന്നുള്ള ഏററവും വലിയ ആപത്തു് അതിന്റെ അവാസ്തവങ്ങളായ വാഗ്ദാനങ്ങളല്ല, ബലപ്രയോഗംമൂലം സ്വകീയശക്തി വ്യാപിപ്പിക്കണമെന്നു കരുതി പ്രവർത്തിക്കുന്ന ഒരു അതിരാഷ്ട്രത്വ(imperialism)ത്തിനു് അതുപകരണമായിത്തീർന്നിരിക്കണമെന്നുള്ളതാണു്" എന്നത്രെ അമേരിക്കൻപ്രസിഡണ്ടു് മി. ട്രൂമാൻ അടുത്തകാലത്തു പ്രസ്താവിച്ചിട്ടുള്ളതു്. സോവിയററു് റഷ്യയിൽനിന്നു് നിയന്ത്രിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റുകൾ ഇതരരാജ്യങ്ങളിൽ ദേശീയത്വത്തിനു വിരോധികളാണെന്നുള്ള വസ്തുതയും വിസ്മരിച്ചുകൂടാ മദ്രാസ് മന്ത്രി മി. മാധവമേനോൻ ഈ മാർച്ചുമാസം ആദ്യത്തിൽ അസംബ്ലിയിൽ ചെയ്ത ഒരു പ്രസംഗമദ്ധ്യേ "ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റുകൾ എന്നറിയപ്പെടുന്നവർ വധം, കൂട്ടക്കവർച്ച, കൊള്ള, അപഹരണം ഇത്യാദി വ്യവസായങ്ങളിൽ തങ്ങളുടെ വിശ്വാസം അർപ്പിച്ചിട്ടുള്ള ഒരു സംഘം ആളുകളല്ലാതെ മറെറാന്നുമല്ല. തഗ്ഗുകൾ, കൊലപാതകികൾ എന്നിങ്ങനെയുള്ള നാമങ്ങളല്ലാതെ മററു് പദം അവരെ നാമകരണംചെയ്യുവാനുപയോഗിക്കുന്നതു് തെററായിരിക്കും" എന്നു പ്രസ്താവിച്ചിട്ടുള്ളതു് കമ്മ്യൂണിസ്റ്റുകളുടെ തനിനിറം കാണിക്കുന്നതിനു പററിയതാണെന്നു തോന്നുന്നു.

—

# ദിവ്യകാരുണ്യനാഥനോട്

(ജനഗണമന—എന്ന മട്ട്)

(വക്കി വി. നടയ്ക്കൽ)

1. മനുജഹൃദയമതിൽ വാണിടുവതിനായ് ആശയെഴും മമനാഥ!
സക്രാരിയിൽ നരരെയോർത്തു വസിക്കും സ്നേഹനിധേ! സകലേശാ!
വന്നിടണം മമഹൃദയേ നാഥാ! ഹൃത്തിതു മുഴുവനുമേകാം.
പ്രിയമെഴുമീശോനാഥാ! പിരിയരുതേയിനിനീനാഥാ! നൽകീടുകവരമഖിലം.
അനുപമഭാവുകദായക! ജയഹേ! മാമകഭാഗ്യനിലയമേ!
ജയഹേ! ജയഹേ! ജയഹേ! ജയ ജയ ജയ ജയഹേ!

2. നിരവധിഭീകര തിന്മകൾനിറയും ഭുവനേ നീതാൻ ശരണം
നിന്റെ ദിവ്യകൃപയാം സരസതിൽ ഞാൻ ശാശ്വതഭവ്യം തേടും,
പാപമശേഷംനീക്കി തവചിത്തോപമമാക്കി വാഴുക എന്റെ ഹൃദിനാഥാ!
ജയ മമമുക്തിദ! നായക! ജയഹേ! മാമകഭാഗ്യനിലയമേ!
ജയഹേ! ജയഹേ! ജയഹേ! ജയ ജയ ജയ ജയഹേ!

## ചോദ്യോത്തരപംക്തി

**ചോ:** ഉയിർപ്പുതിരുനാളിനു രണ്ടാഴ്ച മുമ്പു ദേവാലയത്തിലെ തിരുസ്വരൂപങ്ങളെല്ലാം ധൂമ്രവർണ്ണത്തിലുള്ള ശീലകൊണ്ടു മൂടുന്നതു എന്തിനാണു്?

**ഉ:** നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും സ്മരണയെ കൊണ്ടാടുന്ന ദിവസങ്ങൾ അടുത്തുവരുന്നതിനാൽ, ദുഃഖസൂചകമായിട്ടാണു് അങ്ങനെ ചെയ്യുന്നതു്. ഓശാനഞായറാഴ്ചയാണല്ലോ രൂപങ്ങൾ ഇപ്രകാരം ആച്ഛാദനം ചെയ്യുന്നതു്. ആ ഞായറാഴ്ചയെ പീഡാനുഭവഞായറാഴ്ചയെന്നാണു് സംബോധനചെയ്യുന്നതും.

മാത്രമല്ല, ഓശാനഞായറാഴ്ചയ്ക്കുമുമ്പു ഈശോ ജനങ്ങളുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞു കുറെ ദിവസം രഹസ്യജീവിതം നയിച്ചതിനേയും പ്രസ്തുതചടങ്ങു് അനുസ്മരിപ്പിക്കുന്നു. "അപ്പോൾ അവർ അവിടുത്തെ എറിയുവാൻ കല്ലുകൾ എടുത്തു. എന്നാൽ ഈശോ മറഞ്ഞു് ദൈവാലയത്തിൽനിന്നു് പുറപ്പെട്ടു് അവരുടെ ഇടയിൽക്കൂടെ കടന്നുപോയി" എന്നു പറഞ്ഞുകൊണ്ടാണല്ലോ പീഡാനുഭവഞായറാഴ്ച വായിക്കുന്ന സുവിശേഷം അവസാനിക്കുന്നതുതന്നെയും.

**ചോ:** ശുദ്ധീകരണസ്ഥലം ഉണ്ടോ? ബൈബിളിൽ അതിനു വല്ല തെളിവുമുണ്ടോ?

**ഉ:** 1949 നവംബർ 23-ാംനു-യിലെ സത്യദീപത്തിൽ ഈ ചോദ്യത്തിനുള്ള സമാധാനം നല്കിയിട്ടുണ്ടു്. ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വത്തിനു് ആധാരമായ പ്രധാനപ്പെട്ട വേദപുസ്തകസാക്ഷ്യം മക്കബായരുടെ 2-ാം പുസ്തകം, 11-ാം അദ്ധ്യായം 43—46 വാക്യങ്ങളാണു്.

—

## നിര്യാതനായി

### പ്രൊഫ: ഹാറോൾഡ് ലാസ്കി

ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രമുഖനേതാവായ പ്രൊഫസർ ഹാറോൾഡ് ലാസ്കി നിര്യാതനായിരിക്കുന്നു. 56 വയസ്സു് പ്രായമുള്ള ഇദ്ദേഹം മാൻചെസ്റ്റർ പട്ടണത്തിലാണു് ജനിച്ചതു്. ആറു വർഷം ക്യാനഡ, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലെ സർവകലാശാലകളിൽ ഇദ്ദേഹം ലക്ചറർ ഉദ്യോഗം വഹിച്ചിട്ടുണ്ടു്. 1926-ൽ ലണ്ടൻ സർവ്വകലാശാലയിലെ രാഷ്ട്രീയമീമാംസയുടെ പ്രൊഫസറായി നിയമിതനായി. 1936-ൽ ലേബർപാർട്ടി എക്സിക്യൂട്ടീവ് അംഗമായി. 1945-ൽ ലേബർ പാർട്ടി ചെയർമനായി തിരഞ്ഞെടുക്കപ്പെട്ടു. 20-ൽപ്പരം ഗ്രന്ഥങ്ങളുടെ രചയിതാവായ ഇദ്ദേഹം ലേബർപാർട്ടിയിലെ ഒരു പ്രമുഖ ചിന്തകനായിരുന്നു.

## Rules for Schooling

*D. F. Miller*

1. Instruct your child, before it starts to school and repeatedly after it is in school, that it must obey its teachers, study the lessons given, and practise good behaviour, because this is your wish and your command.
2. Take a personal and detailed interest in your child's report cards, thus giving it to understand that its progress and behaviour in school are matters over which you keep the closest watch.
3. Never take sides openly with your child against the authorities at school.
4. Don't take your child's word alone for the fact that it is being treated unfairly, or punished unjustly, or "being picked on" in school.
5. Don't let your pride in your children blind you to the possibility that they could do wrong.
6. When you have a suspicion or some probable evidence that a teacher is unfair to your child, don't go to the school principal or the pastor without first talking the matter over with the teacher herself.
7. If your child is given homework to do, put your own authority behind that of the school, and see to it that the home-work is conscientiously done.
8. Keep a close supervision over your child's time and activities when it is not in school.
9. Make it a point to know personally the children whom your child has selected as its close friends and companions.
10. In its association with other children, be on guard especially that your child does not become a "bully" over other childran, nor one who can be led about by the nose by others.


## നോട്ടീസ്

കോട്ടപ്പടി, ഗുരുവായൂർ, ചാവക്കാട്, മുതലായ സ്ഥലങ്ങളിൽ സത്യദീപം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

ഏജന്റ് വി. ടി. വർഗ്ഗീസ്,
മമ്മിയൂർ കോൺവെന്റ് സമീപം
പോസ്റ്റ് ഗുരുവായൂർ


## കമ്മലീത്താ സഭയിലേക്ക്

കോതാട്ടുസ്വദേശിയും എറണാകുളം സെന്റ് ആൽബർട്ട്സ് കോളെജിലെ ലോജിക് പ്രൊഫസറുമായ റവ. ഫാ ജോർജ്ജ് തെക്കുടൻ ബി. എ. അവർകൾ കമ്മലീത്താ ഒന്നാം സഭയിൽ പ്രവേശിക്കുന്നതിനായി മാർച്ചു് 25-ാംനു മംഗലപ്പുഴ സെമിനാരിയിലേക്കു പോയിരിക്കുന്നു. പ്രസ്തുതവൈദികവിദ്യാലയത്തിൽ ഒരു പ്രൊഫസറായി അദ്ദേഹം ജോലിനോക്കുന്നതാണെന്നറിയുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 23 || ERNAKULAM, MARCH 29, 1950 || No. 30


# ഫിലിപ്പൈൻ മെത്രാന്മാരുടെ സാമുദായികനിർദ്ദേശങ്ങൾ

പസഫിക് മഹാസമുദ്രത്തിലെ ഒരു ദ്വീപസമൂഹമാണല്ലോ ഫിലിപ്പൈൻസ്. അമേരിക്കയുടെ സംരക്ഷണയിലിരുന്ന ഈ രാജ്യം ഇക്കഴിഞ്ഞ മഹായുദ്ധത്തോടുകൂടി ഒരു പ്രജായത്തസ്വതന്ത്രരാജ്യമായി തീർന്നിരിക്കുകയാണ്. അതിലെ നിവാസികളിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരാകുന്നു. അവിടത്തെ കത്തോലിക്കാമെത്രാന്മാർ 1949 മെയ് 21-ാം തീയതി സാമുദായികനീതിയെ അധികരിച്ച് ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇക്കാലത്തെവിടെയും സമുദായപരിഷ്കർത്താക്കളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്ന പല സാമുദായികപ്രശ്നങ്ങളെയും അതിൽ പ്രതിപാദിക്കുകയും അവയ്ക്കുള്ള ശരിയായ പരിഹാരമാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

## കമ്മ്യൂണിസ്റ്റ് ഭീഷണി

വിദൂരപൗരസ്ത്യദേശങ്ങളിൽ കമ്മ്യൂണിസം പ്രവഹിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് ഇടയലേഖനത്തിൽ ആദ്യമായി പ്രസ്താവിക്കുന്നത്. കമ്മ്യൂണിസത്തിന്റെ പിടിയിൽ ഉൾപ്പെട്ടുപോയ സ്ഥലങ്ങളിൽനിന്ന് ഓടിരക്ഷപെടുന്ന അഭയാർത്ഥികൾ ഫിലിപ്പൈനിൽ വന്നുകൊണ്ടിരിക്കുന്നതിൽനിന്നുതന്നെ അറിയാൻ കഴിയും, കമ്മ്യൂണിസ്റ്റ് ഭീഷണിക്കു അടുത്തു വിധേയമാകാൻ പോകുന്ന രാജ്യങ്ങളിൽ ഒന്നു അതുതന്നെയാണെന്ന്. കമ്മ്യൂണിസ്റ്റ് ഏജൻറന്മാർ വളരെമുമ്പുമുതൽക്കുതന്നെ ആ രാജ്യത്തിൽ പ്രവേശിച്ച് അട്ടിമറിപ്പൻ പ്രവൃത്തികൾ നടത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. അവരുടെ പ്രചരണത്തിന്റെ പരാജയത്തെ ബലപ്രയോഗംകൊണ്ടുമാത്രം തടുക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യർ സഹിക്കുന്ന അനീതികളെപ്പറ്റിയുള്ള ബോധം അവരിൽ ഉത്തേജിപ്പിച്ചുകൊണ്ടാണ് ആ പ്രചരണം നടത്തുന്നത്. പ്രസ്തുത അനീതികൾക്കു പരിഹാരം ഉണ്ടാക്കാതെ ബലപ്രയോഗം നടത്തുന്ന പക്ഷം പുതിയതും കൂടിയതുമായ അനീതികൾക്കു തങ്ങൾ വിധേയരാക്കപ്പെടുകയാണെന്നുള്ള ബോധമേ അവർക്കുണ്ടാവുകയുള്ളൂ. ഇങ്ങനെ പ്രസ്താവിച്ചശേഷം ഇടയലേഖനം തുടരുന്നു: "കമ്മ്യൂണിസ്റ്റ് ഭീഷണിക്കെതിരായി ഫലപ്രദമായ പ്രതിരോധനം ഉണ്ടാകണമെങ്കിൽ കമ്മ്യൂണിസത്തെ തീറ്റിപ്പോറ്റി വളർത്തുന്ന ഘടകങ്ങളെ നാം ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. ഈ ഘടകങ്ങളാകട്ടെ വിസ്തൃതവും ഗുരുതരവുമായ അനീതികളാണ്. ഉൽകൃഷ്ടർ അധഃകൃതർക്കെതിരായും, ശക്തർ ബലഹീനർക്കെതിരായും, ജന്മി കുടിയാന്മാർക്കെതിരായും, മുതലാളി തൊഴിലാളികൾക്കെതിരായും ചെയ്യുന്ന അനീതികളാണ് ഇവ. ഈ ദുർഘടഘട്ടത്തിൽ നമ്മുടെ സമുദായം നിലവിളിച്ചുകൊണ്ടിരിക്കുന്നത് സുബലമായ ഒരു വ്യവസ്ഥിതിക്കു വേണ്ടിയാണ്; തത്വത്തിൽ മാത്രമല്ല പ്രയോഗത്തിലും സുബലമായ വ്യവസ്ഥിതിക്കു വേണ്ടിയാണ്. അതിന്റെ അചഞ്ചലമായ അടിസ്ഥാനം നീതിയും, അതിന്റെ മനോഹരമായ കിരീടം സ്നേഹവുമായിരിക്കണം."

## സമുദായനീതിയുടെ യഥാർത്ഥമായ അടിസ്ഥാനം

അനന്തരം ഈ സാമുദായികവ്യവസ്ഥിതിയുടെ യഥാർത്ഥവും നിലനില്ക്കുന്നതുമായ ആധാരമേതാണെന്ന് ഇടയലേഖനം വിശദീകരിക്കുന്നു. നമ്മുടെ കർത്താവുതന്നെ പഠിപ്പിച്ചിട്ടുള്ള പ്രാർത്ഥനയുടെ ആദ്യത്തെ വാക്കുകളിലാണ് ഇതു് അടങ്ങിയിരിക്കുന്നത്. ആശ്ചര്യകരങ്ങളായ ആ രണ്ടു വാക്കുകളുടെ അർത്ഥം പ്രകാശിപ്പിക്കുന്ന തത്വത്തിനു സകല മനുഷ്യരും, സകല സമുദായനേതാക്കന്മാർ തന്നെയും തങ്ങളെത്തന്നെ വിധേയരാക്കുന്നപക്ഷം മനുഷ്യരുടെ സകല വഴക്കുകളും അവരുടെ ഇടയിലുള്ള സകല അനീതികളും അവയുടെ എല്ലാം അടിയിൽ കിടക്കുന്ന അസൂയയും അത്യാഗ്രഹവും ഇല്ലാതാവുകയും ചെയ്യും.

"ഓരോ മനുഷ്യനും സ്നേഹമുള്ള പിതാവായ ദൈവത്തിനു സ്വയം വിധേയനാകുന്നപക്ഷം ഓരോ മനുഷ്യനും മറ്റോരോ മനുഷ്യന്റെയും സഹോദരനായിത്തീരുമെന്നു തീർച്ചയാണ്. അവൻ തുല്യമായ സ്വഭാവവും തുല്യങ്ങളായ അവകാശങ്ങളും മാത്രമല്ല, ദൈവത്തിന്റെ സാദൃശ്യവും അവരിൽ കാണുന്നതായിരിക്കും. ആ സാദൃശ്യത്തെ അവൻ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യും. ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയും കൂട്ടവകാശികൾമാത്രമായിട്ടല്ല, പിന്നെയോ സ്വർഗ്ഗത്തിന്റെയും അവിടത്തെ സൗഭാഗ്യത്തിന്റെയും കൂട്ടവകാശികളായും അവൻ അവരെ പരിഗണിക്കും. സ്വർഗ്ഗീയസൗഭാഗ്യത്തിനുള്ള അവരുടെ ഈ അവകാശം ദൈവത്തിന്റെതന്നെ രക്തവും മരണവും വിലയായികൊടുത്തു വാങ്ങിയതാണെന്നു അവൻ മനസ്സിലാക്കും. മനുഷ്യപ്രകൃതി മുഴുവനും പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളുടെ മനുഷ്യാവതാരത്താൽ പ്രകൃത്യതീതമായ, ദിവ്യമായ, മാഹാത്മ്യത്തിലേക്കു ഉയർത്തപ്പെട്ടിരിക്കയാണെന്ന് അവൻ മനസ്സിലാക്കും."

## ഭൂമി സകലർക്കുംവേണ്ടി

സ്വർഗ്ഗീയ ജീവിതത്തിനുള്ള ഒരുക്കമായി ഈ ലോകത്തിൽ ജീവിക്കുന്ന സകല മനുഷ്യർക്കും തന്നേ സ്മരണമായ കടമകൾ നിർവഹിക്കുവാൻ വേണ്ട മാർഗ്ഗങ്ങൾ ദൈവം പ്രദാനംചെയ്തിട്ടുണ്ടെന്ന് ഇടയലേഖനം പ്രസ്താവിക്കുന്നു. ഇവയിൽ ഒന്നാമത്തെ മാർഗ്ഗം ഈ ഭൂമിയും അതിലെ വിഭവങ്ങളുമാണ്. അവയെല്ലാം ദൈവം ആദിയിൽ ആദത്തിന്റെയും ഹവ്വായുടെയും അധീനതയ്ക്കു വിട്ടുകൊടുത്തു. ഈ അർത്ഥത്തിലാണ്. അവർ മനുഷ്യവർഗ്ഗത്തിന്റെ മുഴുവനും പ്രാതിനിധ്യം വഹിച്ചിരുന്നു. "ഏതെങ്കിലും ഒരു പ്രത്യേകജാതിക്കോ, ജനതതിക്കോ, വർഗ്ഗത്തിനോ മററുള്ളവരെക്കാൾ കൂടുതലായി ഇവ കൊടുക്കപ്പെട്ടിട്ടില്ല. ഒരു ചെറിയ ന്യൂനപക്ഷത്തിനു അവ സമൃദ്ധമായി ഉണ്ടായിരിക്കണമെന്നും അങ്ങനെ അവർ നാഥന്മാരായിരിക്കണമെന്നും, നേരെമറിച്ച് മഹാഭൂരിപക്ഷമാളുകൾ അവയൊന്നുമില്ലാത്തവരായും അങ്ങനെ പരാശ്രയരായും കഴിഞ്ഞുകൂടണമെന്നും നിശ്ചയിക്കപ്പെട്ടിട്ടില്ല. പ്രത്യുത, അവ സകലർക്കുമായിട്ടാണു നൽകപ്പെട്ടിരിക്കുന്നതു്. ബുദ്ധിമത്തായ ജീവികൾക്കു ചേർന്ന അന്തസ്സോടുകൂടി ജീവിക്കുവാൻ അവ സകലർക്കും പ്രയോജനപ്പെടണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതു്; കാരണം, അവരെല്ലാവരും ഒരേ പിതാവായ ആദത്തിന്റെ മക്കളാണ്, ഒരേ പിതാവായ ദൈവത്തിന്റെ മക്കളുമാണ്." ഭൂമിയും അതിലെ വിഭവങ്ങളും സകല മനുഷ്യരുടെയും ആവശ്യത്തിനായി, സകല മനുഷ്യർക്കും അവകാശമുള്ള വിധത്തിൽ, ദൈവത്തിന്റെ ആദ്യത്തെ നിശ്ചയം വിട്ടുകൊടുത്തിരിക്കുകയാണ്. വ്യക്തികളോ സമുദായങ്ങളോ അനന്തരകാലങ്ങളിൽ സമ്പാദിച്ചിട്ടുള്ള സ്വത്തവകാശങ്ങളൊന്നും ഈ നിശ്ചയത്തെ അസാധുവാക്കുവാൻ പര്യാപ്തമല്ല. ഭൂമിയും അതിലെ വിഭവങ്ങളും സ്വകാര്യസ്വത്തുകാരുടെ കരങ്ങളിലിരുന്നാലും, അവ സകല മനുഷ്യരുടേയും ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും പ്രയോജനപ്പെടേണ്ടതാണെന്നാണ് ഇടയലേഖനത്തിൽ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുള്ളതു്.

## ഭൗതികവിഭവങ്ങൾക്കുള്ള അവകാശം

ഇടയലേഖനത്തിൽ അടുത്തതായി പറയുന്നതു് ഭൗതികവിഭവങ്ങൾ സംബന്ധിച്ച് ഏതു മനുഷ്യനുമുള്ള അവകാശങ്ങളെന്തൊക്കെയാണെന്നാണ്. തന്റെ അന്തസ്സിനു യോജിച്ചവിധത്തിൽ ജീവിക്കുവാനുള്ള അവകാശം ഏതു മനുഷ്യനും ദൈവം നൽകിയിട്ടുണ്ട്. അതുപോലെതന്നെ വിവാഹം ചെയ്യുവാനും ഭാര്യയോടും കുട്ടികളോടുമൊന്നിച്ച് സാമാന്യമായ സുവസ്ഥിതിയിൽ ജീവിക്കുവാനുമുള്ള അവകാശവും ദൈവം അവനു നല്കിയിട്ടുണ്ട്. കുടുംബം ഒരു യഥാർത്ഥസമുദായമാകുന്നു. അതിന്റെ അസ്തിത്വവും ഘടനയും രാഷ്ട്രത്തിന്റേതിനു മുമ്പുള്ളതാണ്. വാസ്തവത്തിൽ രാഷ്ട്രം പണുതിരിക്കുന്ന അടിസ്ഥാനംതന്നെ കുടുംബമാകുന്നു. തന്മൂലം സ്വയം രക്ഷിക്കുവാൻവേണ്ടി രാഷ്ട്രം കുടുംബത്തെ രക്ഷിക്കേണ്ടതാണ്. വിവാഹം കഴിക്കുവാൻ ഒരു മനുഷ്യനു് അവകാശവും കുടുംബം സംരക്ഷിക്കുവാൻ കടമയുമുണ്ടെങ്കിൽ, തന്റെ മനുഷ്യോചിതമായ അന്തസ്സിനു ചേർന്നവിധം ആ കടമ നിർവഹിക്കുവാൻ ആവശ്യകമായ ഭൗതികവസ്തുക്കൾ ലഭിക്കുന്നതിനും അവനു് അവകാശമുണ്ടായിരിക്കണം. "ആകയാൽ തനിക്കും തന്റെ കുടുംബത്തിനും മാന്യമായ തോതിൽ ആവശ്യമുള്ളിടത്തോളം ഭക്ഷിക്കുവാനും ഉടുക്കുവാനും കിട്ടുവാൻ അവനവകാശമുണ്ട്; മാന്യമായ രീതിയിലുള്ള ഒരു ഭവനമുണ്ടാകുവാനും അവകാശമുണ്ട്; തന്റെ മക്കളെ വേണ്ടവിധം വിദ്യ അഭ്യസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾക്കും അവകാശമുണ്ട്; രോഗത്തിലും വാർദ്ധക്യത്തിലും ആവശ്യമുള്ളിടത്തോളം മാന്യമായ തോതിൽ കരുതിവയ്ക്കുവാനും അവകാശമുണ്ട്. മിതമായതോതിൽ ആരോഗ്യപരമായ വിനോദങ്ങൾക്കുവേണ്ട വിശ്രമവും മററും ലഭിക്കുവാനും അവകാശമുണ്ട്. ഒരു നല്ല ജീവിതം നയിക്കുന്നതിനു് ഏററവും കുറഞ്ഞ തോതിൽ ആവശ്യമുള്ളവയാണ് ഇവയെല്ലാം. തന്മൂലം ഇവയെക്കൂടാതെ ഒരു കുടുംബത്തിനും അതിലെ അംഗങ്ങളുടേയും രാഷ്ട്രത്തിന്റെയും ക്ഷേമത്തിനുവേണ്ട ആരോഗ്യപരമായ ജീവിതം നയിക്കുവാൻ സാദ്ധ്യമല്ലതന്നെ."

മാർപ്പാപ്പാമാരുടെ സാമുദായികവിഷയലേഖനങ്ങളിലെ നിർദ്ദേശങ്ങളെ വിശദീകരിക്കുകമാത്രമാണ് ഫിലിപ്പൈൻ മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം ചെയ്തിരിക്കുന്നതെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. ഈ നിർദ്ദേശങ്ങളനുസരിച്ചു സകലരും പ്രവർത്തിച്ചാൽ മാത്രമേ കുടുംബത്തിലും സമുദായത്തിലും രാഷ്ട്രത്തിലും സമാധാനവും സൗഹാർദ്ദവും വിളയാടുകയുള്ളൂ.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## കൈപ്പററി

ഞാറയ്ക്കൽ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ പ്രഥമവാർഷികറിപ്പോർട്ട് അയച്ചുതന്നതു കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു. കഴിഞ്ഞവർഷത്തിൽ 655 ക. പിരിച്ചെടുത്ത് സാധുക്കളുടെ ഇടയിൽ വിതരണം ചെയ്തിരിക്കുന്നുവെന്നു കാണുന്നതിൽ സന്തോഷിക്കുകയും ഭാരവാഹികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

പുസ്തകാഭിപ്രായം

## ഇംഗ്ലണ്ടിലെ വിശേഷങ്ങൾ

[ഗ്രന്ഥകർത്താ: കെ. സി. ചാക്കോ, എം. എ., ബി. ഇ., എ. എം. ഐ. ഇ. സെൻറ് ജോസഫ്സ് ഐ. എസ്. പ്രസ്സ്, എൻത്തുത്തു്. പേജ് 154 വില 1—4—0]

"സിസ്റ്റർ അൽഫോൻസാ" എന്ന ഇംഗ്ലീഷുഗ്രന്ഥത്തിന്റെ കർത്താവെന്ന നിലയിൽ ഭാരതത്തിനു അകത്തും പുറത്തും പ്രഖ്യാതനായി ഭവിച്ചിരിക്കുന്ന ഒരു എഴുത്തുകാരനാണ് ശ്രീ. കെ. സി. ചാക്കോ. മാന്നാനത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "കുസുമങ്ങ"ളിൽ ചിലതു്, "ജലസേചനം" എന്ന ശാസ്ത്രീയഗ്രന്ഥവും പത്രങ്ങളിലും മാസികകളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ള പല ലേഖനങ്ങളും മലയാളഭാഷ കൈകാര്യംചെയ്യുന്നതിനു ശ്രീ ചാക്കോയ്ക്കുള്ള വൈദഗ്ദ്ധ്യത്തെയും ലൗകികവും വൈദികവുമായ വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യത്തെയും വിളിച്ചറിയിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പുറപ്പെട്ടിട്ടുള്ള ഒരു പുതിയ പുസ്തകമാണ് "ഇംഗ്ലണ്ടിലെ വിശേഷങ്ങൾ".

നിരൂപകൻ ഒററ ഇരുപ്പിൽ ഈ ഗ്രന്ഥം വായിച്ചുതീർത്തു. അത്രയ്ക്കു് ആകർഷകവും ഹൃദ്യവുമാണ് അതിലെ പ്രതിപാദനരീതി. ചില പണ്ഡിതമ്മന്യന്മാരായ ഗ്രന്ഥകാരന്മാരെപ്പോലെ വായനക്കാരെ അമ്പരപ്പിക്കണമെന്ന ഉദ്ദേശ്യം പ്രസ്തുതഗ്രന്ഥത്തിന്റെ കർത്താവിനു് അശേഷമില്ല. സ്വന്തം മനസ്സിൽ തിങ്ങിവിങ്ങുന്ന ആശയങ്ങളെ, സാധാരണക്കാർപോലും വായിച്ചാസ്വദിക്കാവുന്ന രീതിയിൽ, ലളിതസുന്ദരമായ ഭാഷയിൽ, പ്രകാശിപ്പിക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളതു്. ഗ്രന്ഥകാരന്റെ ആശയങ്ങളുടെ കാമ്പ് എടുക്കുന്നതിനുവേണ്ടി കഠിനപദങ്ങളാകുന്ന ചിരട്ട തല്ലിപ്പൊളിക്കേണ്ട ആവശ്യം നേരിടുന്നില്ല. അതോടുകൂടെത്തന്നെ ഭാഷയ്ക്കു ഓജസ്സും ഒഴുക്കും ഒട്ടും കുറവല്ലതാനും. "ഈ ലേഖനങ്ങളുടെ രചനയിൽ ഭാഷാശുദ്ധിയെയോ ഘടനാക്രമത്തെയോ ഒന്നും കാര്യമായി ശ്രദ്ധിച്ചിട്ടില്ല" എന്നു ഗ്രന്ഥകാരൻ ആമുഖത്തിൽ പറയുന്നുണ്ടെങ്കിലും ഗുരുതരമായ വൈകല്യമൊന്നും ഗ്രന്ഥത്തിൽ കാണുന്നില്ല. ശ്രേഷ്ഠം (പേജ് 8), വ്യാവസ്ഥ (പേജ് 11, 95), വ്യവഹ്യ (പേജ് 58, അനുഷ്ഠിച്ച (പേജ് 95) കൃത്യാന്വിഷ്ട (പേജ് 138) എന്നിങ്ങനെ ചില അക്ഷരത്തെറ്റുകൾ അങ്ങിങ്ങായി കടന്നുകൂടിയിട്ടുള്ളതിനു് ആരാണുത്തരവാദിയെന്നറിഞ്ഞുകൂടാ.

സാധാരണക്കാരന്റെ ജീവിതക്രമം, പ്രായോഗികനയഭരണം, പോലീസുകാരൻ, തപാൽ, തൊഴിൽശാലകൾ, കൽക്കരിഖനി, വിനോദശാലകൾ എന്നിങ്ങനെ 16 അദ്ധ്യായങ്ങളാണു ഗ്രന്ഥത്തിലുള്ളതു്. കൽക്കരിഖനിയിലെ അനുഭവങ്ങളെ വിവരിക്കുന്ന അദ്ധ്യായം ഏററവും ഹൃദയസ്പർശകമായിരിക്കുന്നു. ആയിരത്തിൽചില്വാനം അടി താഴ്ചയിലുള്ള ഒരു കിണർവഴി ഭൂഗർഭത്തിൽ പ്രവേശിച്ച്, തുരങ്കങ്ങളിൽക്കൂടി നടന്നുചെന്നു ജോലിക്കാർ കരിവെട്ടിയെടുക്കുന്നതും മററും കണ്ടകഥ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്. [illegible] വർണ്ണങ്ങൾ അനുവാചകരെ കോൾമയിർക്കൊള്ളിക്കാതിരിക്കയില്ല. ഭൂഗർഭത്തിന്റെ ഇരുട്ടുള്ള മുറികളിൽ സമയം വ്യയം ചെയ്യുന്ന വേലക്കാരൻ പറയുന്ന ഇതു ശ്രവിച്ചാലും: "നോക്കുക! എത്ര അപകടകരവും അദ്ധ്വാനം നിറഞ്ഞതുമാകുന്നു ഞങ്ങളുടെ ജോലി. ഞാൻ ഈ ഇരുളടഞ്ഞ ഗുഹകളിൽ കിടന്നു ജീവരക്തം തന്നെ വിയർപ്പായി ചിന്തിയിട്ടുവേണം ഭൂമിക്കുമുകളിൽ ജീവിക്കുന്ന നിങ്ങളുടെ ഭവനങ്ങൾ, വാഹനങ്ങൾ, വ്യവസായശാലകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ............കൽക്കരി കുഴിച്ചെടുക്കുവാൻ." "യൂറോപ്പി"നെ ഐശ്വര്യത്തിന്റെ ചവിട്ടുപടികൾ കടക്കുന്നതിനു സഹായിച്ച ഈ അദ്ധ്വാനശീലത്തിന്റെയും കർത്തവ്യബോധത്തിന്റെയും മുമ്പിൽ ആരുതന്നെ നമ്രശിരസ്കരാകയില്ല!

ഇംഗ്ലീഷുകാരന്റെ സ്വാശ്രയബോധം. ലണ്ടൻപോലീസിന്റെ സേവനസന്നദ്ധതയും വിനയശീലവും അപാസ്പ്പകപാടവവും, തപാൽ ശിപായിയുടെ ചുമതലാബോധം, ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഡിവാലെറ സാധാരണക്കാരനായി തോളോടുതോൾ ചേർന്നു മുട്ടുകുത്തി പ. കുർബാന കാണുന്നതു് എന്നിങ്ങനെ മാതൃകായോഗ്യങ്ങളായ മററനേകം കാര്യങ്ങളെപ്പററിയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ടു്. അതിമാത്രം വിജ്ഞാനപ്രദമായ ഈ ഗ്രന്ഥത്തെ സൽസാഹിത്യം ഇഷ്ടപ്പെടുന്ന ഏതൊരാളും സ്വാഗതം ചെയ്യുന്നതാണു്. വിദ്യാലയങ്ങളിലെ വായനശാലകൾക്കു് ഇതൊരു ഭൂഷണമായിരിക്കും. വിശിഷ്ടമായ ഈ ഗ്രന്ഥം ഹൈസ്കൂൾക്ലാസ്സുകളിലെ പാഠപുസ്തകമായിക്കാണുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഗ്രന്ഥകാരനെ അനുമോദിക്കുന്നതോടൊപ്പം, "ഇംഗ്ലീഷുകാരുടെ പൂർവ്വചരിത്രം, സംസ്കാരം, ജീവിതരീതി, വ്യവസായങ്ങൾ, രാഷ്ട്രീയപരീക്ഷണങ്ങൾ, സാർവ്വദേശീയബന്ധങ്ങൾ, മതബോധം" ആദിയായവയെ വിഷയമാക്കി അദ്ദേഹം രചിക്കുവാൻ ഉദ്ദേശിക്കുന്ന വിപുലഗ്രന്ഥം അടുത്തുതന്നെ പ്രസിദ്ധീകരിച്ചു കാണുവാനുള്ള ആഗ്രഹം രേഖപ്പെടുത്തുകയും ചെയ്യുന്നു.

P. I. J.

## ധ്യാനസഹായി

[Apply to C. A. Paul, Gen. Secretary, Catholic Action Society, Elthuruth, Trichur. Page 40. As 5.]

റവ. ഫാദർ റോളന്റ് എസ്. ജെ. എഴുതീട്ടുള്ള ഒരു ചെറുഗ്രന്ഥത്തിന്റെ പരിഭാഷയാണിതു്. ധ്യാനദിവസങ്ങളിൽ പ്രത്യേകിച്ചും ഉപയോഗിക്കുന്നതിനു പററിയ ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

## ഏകാന്തധ്യാനം

എൽത്തുരുത്തു കർമ്മലീത്താശ്രമത്തിൽ ആണ്ടുതോറും വി. വാരത്തിൽ നടത്തിവരാറുള്ള മൂന്നു ദിവസത്തെ ഏകാന്തധ്യാനം ഇക്കൊല്ലവും വി. വാരത്തിൽ ഏപ്രിൽ 5 ാംനു ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു് 9 ാംനു ഉയിർപ്പുഞായറാഴ്ച കാലത്തു അവസാനിക്കുന്നതാകുന്നു. ബ. വടേരിയോനച്ചൻ ടി. ഒ. സി. ഡി. ധ്യാനപ്രസംഗങ്ങൾ ചെയ്യാമെന്നു സദയം സമ്മതിച്ചിട്ടുണ്ടു്.

ഭക്ഷണച്ചെലവിനും മററും 6 ക. മാത്രം. ശയ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണു്. താഴെക്കാണുന്ന ഏതെങ്കിലും മേൽവിലാസത്തിൽ ഏപ്രിൽ 1-ാംനുക്കു മുമ്പായി അപേക്ഷിക്കുക.

1. സി. എ. പോൾ,
കത്തോലിക്കപ്രവർത്തനസംഘം,
ജ. സിക്രട്ടറി, എൽത്തുരുത്തു്, തൃശ്ശൂർ.

2. റവ. ഫാ. ഹെറാക്ലീസ് ടി. ഒ. സി. ഡി. ബോർഡിങ്ങ് റെക്ടർ,
കർമ്മലീത്താശ്രമം, എൽത്തുരുത്തു്, തൃശ്ശൂർ

---

വിശുദ്ധ ജൂഡ്തദ്ദേവൂസിന്റെ പ്രത്യേകവിധമായ മദ്ധ്യസ്ഥതയാലും അനുഗ്രഹത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു എന്റെയും കുടുംബാംഗങ്ങളുടേയും ഹൃദയപൂർവ്വമായ കൃതജ്ഞത.

എറണാകുളം
24—3—50 } ജോസഫ് കളപ്പുരയ്ക്കൽ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ആലുങ്കര കഞ്ഞിപറമ്പിൽ
ഉലഹന്നാൻ മറിയം
ചെമ്മനത്തുകര, വൈക്കം.

---

## ഷെവ. തളിയത്തു്

റിട്ടയേർഡ് ചീഫ്ജസ്റ്റിസ് ശ്രീ ജോസഫ് തളിയത്തിനു മാർപ്പാപ്പാ തിരുമേനി കല്പിച്ചു സമ്മാനിച്ച കെ. എസ്. ജി. മാടമ്പിസ്ഥാനമുദ്ര മാർച്ച് 19-ാംനു പാളയം സി. വൈ. എം. എ ഹാളിൽ കൂടിയ യോഗത്തിൽവച്ചു് തിരുവനന്തപുരം മെത്രാൻ തിരുമനസ്സുകൊണ്ടു് നല്കിയിരിക്കുന്നു.

## പ്രാദേശികവാർത്തകൾ

നവവൈദികൻ ബ. അഗസ്റ്റിൻ കൊച്ചുമഠംപറമ്പിൽ അവർകളെ അനുമോദിക്കുന്നതിനായി അദ്ദേഹത്തിന്റെ ഇടവകയായ പെരുമാനൂർ സെന്റ് ജോർജ്ജ്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ജോർജ്ജ് തൈക്കൂടൻ ആദ്ധ്യക്ഷം വഹിക്കുകയും അഡ്വോക്കേററ് ശ്രീ മാനുവൽ പൈകട പ്രസംഗിക്കുകയും ചെയ്തു.

—പരേതനായ സരസഗായകകവി മെഡലിസ്റ്റ് മി. വി. എക്സ്. ചെറിയാൻ അവർകളുടെ പ്രഥമപുത്രൻ റവ. ഫാ. താർസീസ്യൂസ് ഒ. സി. ഡി. (അപ്പച്ചൻ) മാർച്ച് 25-ാംനു തിരുവനന്തപുരം കർമ്മലീത്താ ഒന്നാംസഭ ദേവാലയത്തിൽവച്ചു് ഗുരുപ്പട്ടം സ്വീകരിക്കുകയും സ്വപിതാവിന്റെ ചരമദിനമായ മാർച്ച് 28-ാംനു മുത്തോലി ഇടവ ദേവാലയത്തിൽ പ്രഥമപൂജ അർപ്പിക്കുകയും ചെയ്തതായറിയുന്നു.

—പള്ളിവിസിത്ത പ്രമാണിച്ചു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മാർച്ച് 25-ാംനു എടവനക്കാട്ടു് എഴുന്നള്ളുകയുണ്ടായി. 26-ാംനു നടന്ന വേദപ്രചാരസഖ്യത്തിന്റെ യോഗത്തിൽ തിരുമേനി ആദ്ധ്യക്ഷം വഹിക്കുകയും അന്നുതന്നെ പുതിയ പള്ളിയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തിരുമേനി ഒരാഴ്ചക്കാലം അവിടെ താമസിക്കുന്നതാണെന്നറിയുന്നു.

[യഥാകാലം കിട്ടാതിരുന്ന വാർത്തകൾ പ്രസിദ്ധീകരിച്ചിട്ടില്ല.]

## സത്യദീപം മാനേജർ ബോംബെയിൽ

ബോംബെയിലെ "ഗ്ലോറിയാ" ദേവാലയത്തിൽ, മലയാളികളെ ഉദ്ദേശിച്ചു് ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനായി സത്യദീപം മാനേജർ റവ. ഫാ. തോമസ് വെളുത്തേടത്തു് കഴിഞ്ഞ വെള്ളിയാഴ്ച വിമാനമാർഗ്ഗം ബോംബെയിലേക്കു പോയിരിക്കുന്നു.

## എറണാകുളത്തെ ഏകാന്തധ്യാനം

(15-ാം വർഷം)

സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ചു് നടത്തിവരാറുള്ള ഏകാന്തധ്യാനം ഇക്കൊല്ലവും വലിയ ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു ഉയിർപ്പുഞായറാഴ്ച രാവിലെ അവസാനിക്കുന്നതാണു്.

ധ്യാനഗുരു വെരി. റവ. ഫാദർ ജോൺ ഓഫ് ദിക്രോസ്സ് ഒ. സി. ഡി. ധ്യാനച്ചിലവ് ആളൊന്നിനു് 10-ക. ധ്യാനത്തിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്നവർ കാലേകൂട്ടി താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിക്കുക.

സെക്രട്ടറി
സെന്റ് വിൻസെന്റു ഡി പോൾ സംഘം
എറണാകുളം കോൺഫറൻസ്
ബ്രോഡ്വേ—എറണാകുളം

ന്തിനഗർ" എന്ന പേരുകൊടുത്തിരിക്കുന്നതായറിയുന്നു. സമ്മേളനത്തോടനുബന്ധിച്ചു് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ഒരു പ്രദർശനവും നടത്താനുദ്ദേശിച്ചിരിക്കുന്നതായി ഭാരവാഹികൾ അറിയിച്ചിരിക്കുന്നു. ഏതൽസംബന്ധമായി അയച്ചുതന്ന വിജ്ഞാപനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"1. കത്തോലിക്കാ പുസ്തകശാലകളും പ്രസിദ്ധീകരണകേന്ദ്രങ്ങളും മുദ്രാലയങ്ങളും പഴയതോ പുതിയതോ ആയ പുസ്തകങ്ങളുടേയും, മാസികകളുടേയും, പത്രങ്ങളുടേയും രണ്ടോ മൂന്നോ (ഒന്നുമാത്രമെ ഉള്ളുവെങ്കിൽ ആയതുതന്നെയും) പ്രതികളും

2. ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിൽ തല്പരരായ ഉദാരമതികൾ ഇന്നു വില കൊടുത്തു വാങ്ങുവാൻ കിട്ടാത്തതും, കോപ്പികൾ മുഴുവനും തീർന്നിട്ടുള്ളതുമായ അതിപുരാതനങ്ങളായ പ്രസിദ്ധീകരണങ്ങളും

3. സ്വന്തം ഉത്തരവാദിത്വത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളുടെ ഗ്രന്ഥകർത്താക്കന്മാർ അവയുടെ പ്രതികളും, അയച്ചുതരുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

4. കൂടാതെ ഇന്ത്യയിലെ ഓരോ ഭാഷകളിലും അപ്പോഴപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുള്ള കത്തോലിക്കാ പത്രമാസികകളുടെ ആകെ എണ്ണം, പേരും, മാതൃകക്കോപ്പികളുണ്ടെങ്കിൽ അവയും താഴെ ചേർക്കുന്ന വിലാസത്തിൽ അയച്ചുതന്നാൽ വളരെ ഉപകാരമായിരിക്കും.

അയച്ചുതരുന്നവ ഏററവും കൃത്യമായും വൃത്തിയായും സൂക്ഷിച്ചു് പ്രദർശനം കഴിഞ്ഞു് ഒരാഴ്ചക്കുള്ളിൽ അതതു് ഉടമസ്ഥന്മാർക്കു പ്രദർശനക്കമ്മിററിയുടെ ചിലവിൽ അയച്ചുകൊടുക്കുന്നതായിരിക്കും.

ഈ പ്രദർശനം സംബന്ധിച്ചു് കൂടുതൽ സേവനവും സഹായവും ചെയ്യുന്നവർക്കു് സമ്മാനങ്ങൾ നൽകുന്നതാണെന്ന വിവരവുംകൂടി അറിയിച്ചുകൊള്ളുന്നു.

എന്നു്, ടി. വി. ജോസഫ് ഒല്ലൂർ
പ്രദർശനക്കമ്മററി കൺവീനർ."

---

വിശുദ്ധ ചെറുപുഷ്പത്തിന്റെ അനുഗ്രഹത്താൽ ലഭിച്ച അനുഗ്രഹത്തിനു നന്ദി.

എ. കത്തേടം

## കാത്തലിക്ക് ഇൻഫർമേഷൻ ബ്യൂറൊ

ശ്രീ കെ. പി. മാത്യുവിന്റെ നേതൃത്വത്തിൽ ബാംഗളൂർ ഒരു കാത്തലിക് ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിതമായിരിക്കുന്നു. വിവിധഭാഷകളിലുള്ള കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ശേഖരിച്ചു് സമീപസ്ഥലങ്ങളിൽ വിതരണം ചെയ്യുക എന്നതാണു് പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശം. ആകയാൽ സത്യദീപത്തിന്റെ പഴയതും പുതിയതുമായ കോപ്പികൾ, മററു വാരികകൾ, മാസികകൾ, പുസ്തകങ്ങൾ എന്നിവ സദയം അയച്ചുകൊടുക്കുന്നതായാൽ ഭാരവാഹികൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതായിരിക്കും. ഉപയോഗിച്ച സ്റ്റാമ്പുകൾ അയച്ചുകൊടുക്കുന്ന ബാലികാബാലന്മാർക്കു് മനോഹരമായ ചിത്രങ്ങളോടുകൂടിയ അമേരിക്കൻ മാസികകൾ സൗജന്യമായി അയച്ചുകൊടുക്കുന്നതിനും അവർ സന്നദ്ധരാണെന്നറിയിച്ചിരിക്കുന്നു.

മേൽവിലാസം
K. P. Mathew, 22 Car Street
Ulasoor P. O.
Bangalore

---

ഭരണങ്ങാനം ബ. അൽഫോൻസാമ്മയുടെയും ചുള്ളിക്കൽ ഫിലോമിനാപുണ്യവതിയുടെയും സഹായത്താൽ എന്റെ ഭാര്യയുടേയും കുട്ടിയുടേയും സുഖക്കേടു ശമിച്ചതിനു ഉപകാരസ്മരണ.

ടി. എ. ആഗസ്തി


## സന്യാസാർത്ഥികളോടു്

സുറിയാനികർമ്മലീത്താസഭയിൽ ചേർന്നു വൈദികജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ, സ്വഗൃഹത്തോടടുത്തുള്ള കർമ്മലീത്താ ആശ്രമത്തിന്റെ അധിപരെ വിവരം അറിയിച്ചാൽ അദ്ദേഹത്തിൽ നിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ ലഭിക്കുന്നതാകുന്നു.

വാർഷികപരീക്ഷാഫലം അറിഞ്ഞുകഴിഞ്ഞാലുടനെ യോഗാർത്ഥിഭവനത്തിൽ പ്രവേശിക്കത്തക്കവണ്ണം അവർ ഒരുങ്ങിയിരിക്കയും, വൈകിയാൽ ജൂൺ 15-ാംനുക്കു മുമ്പെങ്കിലു വന്നുചേരുകയും ചെയ്യേണ്ടതാകുന്നു.

എന്നു്,
ഫാദർ പ്രയർ ജനറൽ ടി. ഒ. സി. ഡി.
എറണാകുളം



## വാർദ്ധാ ബേസിക്ക് സമ്മർ ഹിന്ദിക്ലാസ്

പണ്ഡിററ് സി. വി. ജോസഫിന്റെ നേതൃത്വത്തിൽ ഈ മദ്ധ്യവേനൽ ഒഴിവുകാലത്തു് വാർദ്ധാ ബേസിക് ഹിന്ദി സമ്മർ ക്ലാസ് സ്ത്രീകൾക്കു മാത്രമായി ചാത്യാത്തു കോൺവെന്റു ഹൈസ്കൂളിലും പുരുഷന്മാർക്കു മാത്രമായി പള്ളിക്കൂടം ലോവർ സെക്കൻററി സ്കൂളിലും, മൊറാറു ക്ലാസ് എറണാകുളം സോഷ്യലിസ്റ്റ് ഹിന്ദി മഹാവിദ്യാലയത്തിലും നടത്തുവാനുദ്ദേശിച്ചിരിക്കുന്നതായറിയുന്നു.

## ഒല്ലൂർ ക. കോൺഗ്രസ്

ഒല്ലൂർവച്ചു് ഏപ്രിൽ 11, 12, 13 എന്നീ തിയതികളിൽ നടക്കുന്ന കത്തോലിക്കാ കോൺഗ്രസ് വാർഷികം പ്രമാണിച്ചു് ടിക്കററുകൾ വില്ക്കുന്നതിനായി യുവജനങ്ങൾ ഇടവകതോറും ചുററിസഞ്ചരിച്ചുവരുന്നു. 25 ക, 10 ക, 5 ക, 3 ക, 1 ക. എന്നീ തോതുകളിൽ ഇരിപ്പിടസൗകര്യങ്ങളനുസരിച്ചു് സംഭാവന പിരിക്കുവാനാണു് അവർ ഉദ്ദേശിക്കുന്നതു്.

സമ്മേളനസ്ഥലത്തിനു് "മിൻസെ




ഡോക്ടർ: "വയസ്സായതുകൊണ്ടാണു കാരണവരുടെ കാലിലെ വേദന മാറാത്തതു് എന്നു തോന്നുന്നു."

വൃദ്ധൻ (ദേഷ്യത്തോടെ): "എന്റെ മറേറകാലിനും അത്രയും വയസ്സായല്ലോ. എന്നിട്ടു് അതിനു വേദനയില്ലല്ലോ."

* * *

"ലോകത്തിൽ ഇത്രയധികം മടയന്മാർ ഉണ്ടല്ലോ എന്നോർത്തു ആശ്ചര്യം തോന്നുന്നു!"

"അതിനെക്കാൾ ആശ്ചര്യം താങ്കൾ കണക്കുകൂട്ടുമ്പോൾ ഒരാളുടെ കാര്യം എപ്പോഴും വിട്ടുകളയുന്നല്ലോ എന്നതാണു്."

* * *

"ഒരിക്കൽ ഞാനും എന്റെ ഒരു സ്നേഹിതനുംകൂടി ഒരു കരാർചെയ്തു; എപ്പോഴും ആത്മാർത്ഥതയോടുകൂടി പെരുമാറണമെന്നും ഞങ്ങളുടെ കുററങ്ങൾ അന്യോന്യം പറയണമെന്നും."

"എന്നിട്ടോ?"

"ഞങ്ങൾതമ്മിൽ മിണ്ടിയിട്ടു് ഇപ്പോൾ കൊല്ലം അഞ്ചായി."

* * *

അതിഥി: "എന്നെ ബസ്സുകയററി വിടാൻവേണ്ടി നിങ്ങൾ ബുദ്ധിമുട്ടേണ്ട. ഞാനങ്ങു പൊയ്ക്കൊള്ളാം."

ഗൃഹനായകൻ: "എനിക്കതൊരു ബുദ്ധിമുട്ടല്ല; അതൊരാനന്ദം മാത്രമാണു്."

# സസെക്സിലെ ആഖ്യായികാകാരി

(ഏ. ഡി. മററം)

സുരഭിലസുമങ്ങൾ ആ മലർവാടിയിൽ സുലഭങ്ങളാണെന്നും. മുളിപ്പാടുന്ന തേനീച്ചകളെ ആ മോഹനകുസുമങ്ങൾ മാടിവിളിക്കുന്നു, ആ മലർവാടിയിലേക്ക് മധുകരന്മാർക്ക് ഒരു പ്രവാഹം പിന്നെ. അതേ, വിശുദ്ധിയുടെ പുതുമണം പരത്തുന്ന കുസുമങ്ങളാണു പുണ്യാത്മാക്കൾ. മലർവാടി സഭാമാതാവ്. തേനീച്ചകൾ സത്യാന്വേഷികളായ ശുദ്ധബുദ്ധികൾ. സഭയിൽ സത്യത്തെ കണ്ടെത്തി സംതൃപ്തിയും സമാധാനവുമാസ്വദിച്ച് അവർ ഉത്സവമായിക്കഴിയുന്നു.

സസെക്സിലെ ആഖ്യായികാകാരി എന്ന പേരിൽ വിഖ്യാതയായ ഒരു വനിതാമണിയാണു ഷെയ്‌ലാ കെയ്സ്മിത്ത് (Sheila Kaye-Smith). Sussex Gorse, Shepherds in Sackcloth, Superstition Corner, Rose Deeprose ഇത്യാദി ഇരുപതിൽപ്പരം നോവലുകളും, The Faithful Stranger, Joanna Godden Married മുതലായ ചെറുകഥാസമാഹാരങ്ങളും Three Ways Home എന്ന ആത്മകഥാകഥനവും അവർ ആംഗ്ലേയസാഹിത്യത്തിനു സമ്മാനിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ സസെക്സ് സംസ്ഥാനമാണു ഷെയ്‌ലയുടെ ജന്മദേശം. അവളുടെ പിതാവ് ഒരു ഡോക്ടറായിരുന്നു. "എസ്റ്റാബ്ലിഷ്ഡ് ചർച്ച്" എന്ന പ്രൊട്ടസ്റ്റൻറു വിഭാഗത്തിൽ അവൾ വളർത്തപ്പെട്ടു. പ്രായമായപ്പോൾ സ്വസഭയിൽ അവൾക്ക് അസംതൃപ്തി തോന്നിത്തുടങ്ങി. 1918-ൽ അവൾ ആംഗ്ലോകത്തോലിക്ക സഭയിൽ ചേർന്നു. താൻ ഒരു കത്തോലിക്കയാണെന്ന് അവൾ പലപ്പോഴും പ്രഖ്യാപിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. വിശുദ്ധകുർബാനയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം, കുമ്പസാരം, ദിവ്യബലി മുതലായവയെപ്പററി കത്തോലിക്കസഭ നല്കുന്ന പ്രബോധനങ്ങളാണ് അവർ സ്വീകരിച്ചിരുന്നത്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും, വിശുദ്ധരുടെ മാദ്ധ്യസ്ഥം തേടുകയും പാപപ്പൊറുതിപോലും നടത്തുകയും ചെയ്ക അവരുടെ പതിവായിരുന്നു. ആംഗ്ലോകത്തോലിക്കസഭയ്ക്കുവേണ്ടി അവർ മതപ്രസംഗങ്ങൾ നടത്തുകയും സഭയുടെ മതകർമ്മങ്ങളിൽ ക്രമമായി സംബന്ധിക്കയും ചെയ്തുവന്നു. ഇക്കാലത്തു രചിച്ച കൃതികളിൽ ഹൈചർച്ച് വർഗ്ഗത്തിന്റെ മനോഭാവങ്ങളെ അവർ സവിശേഷം പ്രകാശിപ്പിച്ചിട്ടുണ്ട്.

1925-ൽ കൊച്ചുത്രേസ്യായെ പുണ്യവതി എന്നു നാമകരണം ചെയ്യുന്നതിനുള്ള ആഘോഷങ്ങളിൽ സംബന്ധിച്ചതിനുശേഷം മടങ്ങിയെത്തിയ ഒരു ആംഗ്ലിക്കൻസ്നേഹിത വിശുദ്ധയുടെ ഒരു കാശുരൂപവും തിരുശേഷിപ്പും സ്വയംകൃതചരിത്രത്തിന്റെ ഒരു കോപ്പിയും ഷെയ്‌ലായ്ക്കു സമ്മാനിച്ചു അതാണ് അവരുടെ മാനസാന്തരത്തിനു ആരംഭമിട്ട സംഭവം. വിശുദ്ധയുടെ വിശുദ്ധി വിശുദ്ധിയുടെ വിളക്കുമിയിലേക്കാണ് അവരുടെ ദൃഷ്ടികളെ തിരിച്ചത്. ലിസ്യൂവിലെ ആ മഞ്ജുളകുസുമത്തെ അന്വേഷിച്ച് ആ ആഖ്യായികാകാരി യാത്രതിരിച്ചു. അതിന്റെ പുതുമണം, അതിൽനിന്നു പ്രസരിച്ചിരുന്ന വിശുദ്ധിയുടെ പരിമളം അവരെ മതിമയക്കി. നാലുകൊല്ലത്തെ പര്യന്വേഷണത്തിനുശേഷം അവർ മനസ്സുറപ്പിച്ചു അതിന്റെ ഉത്ഭവസ്ഥാനത്തു ചെന്നുചേർന്നു—അതേ, കത്തോലിക്കസഭയാകുന്ന മലർവാടിയിൽ ഉത്സവാഘോഷമാണു അവർക്കിവിടെ.

കൊച്ചുത്രേസ്യായുടെ പുണ്യജീവിതം തന്നിൽ വരുത്തിയ ആശ്ചര്യപ്രത്യാഘാതങ്ങളെ ഷെയ്‌ലാ ഇപ്രകാരം രേഖപ്പെടുത്തുന്നു: 'ഈ കൊച്ചുപുണ്യവതി എന്നെ എത്രമാത്രം ആകർഷിച്ചെന്നു വിവരിക്കുക അസാദ്ധ്യമാണ്. അവളുടെ ജീവിതത്തിന്റെ മനോജ്ഞതയോ അവൾ കുറിച്ചിട്ടിട്ടുള്ള വാക്കുകളുടെ വശ്യതയോ പാണ്ഡിത്യമോ, അവളുടെ കുറുക്കുവഴിയുടെ ആകർഷകമായ സാധാരണത്വമോ അല്ല, പ്രത്യുത, ആധുനികലോകത്തിനു പ്രഖ്യാപിക്കപ്പെടുന്ന വീരോചിതമായ വിശുദ്ധിയെപ്പററി, ഉന്നതമായ ഉപവിയെപ്പററിയുള്ള ബോധമാണ് എന്റെ ശ്രദ്ധയെ ആകർഷിച്ചത്. നമ്മുടെ കാലത്തു ജീവിച്ച ഒരു വിശുദ്ധ! അവൾ ജീവിച്ചിരുന്നെങ്കിൽ ഇന്നും വാർദ്ധക്യത്തിലെത്തുവാൻ നാളുകളായിട്ടില്ല! (1930 ലാണു ഷെയ്‌ലാ ഇതെഴുതുന്നത്.) അവളുടെ മുഖഭാവവും, ദേഹപ്രകൃതിയും, പുരാതനകാലത്തെ ഏതോ ചിത്രകാരനിൽനിന്നോ, രൂപംകൊത്തുകാരനിൽനിന്നോ അല്ല, ഫോട്ടോഗ്രാഫിൽനിന്നു നമുക്കു കിട്ടിയിരിക്കുന്നു. അവളുടെ സ്വന്തം സഹോദരിമാരും അവളെ പരിചയമുള്ളവരും ഇപ്പോഴും ലിസ്യൂവിൽ ജീവിച്ചിരിക്കുന്നു. അവൾക്കു വിശുദ്ധപദം നല്കുന്നതിനാവശ്യമായിരുന്ന അത്ഭുതങ്ങൾ ഐതിഹ്യങ്ങളിൽനിന്നോ, പഴയ ഏടുകളിൽനിന്നോ എടുത്തിട്ടുള്ളവയല്ല. ജീവിച്ചിരിക്കുന്ന സാക്ഷികളുടെ അധരങ്ങളിൽനിന്നു നേരിട്ടു ലഭിച്ചവയാണ്. ഞാൻ അവളുടെ നേരെ ദൃഷ്ടി തിരിച്ചപ്പോൾ കണ്ടത് അവളെയല്ല, പ്രവഹിക്കുന്നതും വാററാത്തതുമായ വിശുദ്ധിയുടെ ഉറവയെയാണ്, അവളെ സൃഷ്ടിച്ചു സഭയെയാണ്." (Dropping the Hyphen p. 4)

കത്തോലിക്കാസഭയ്ക്ക് ആംഗ്ലിക്കൻ, റോമൻ, പാരസ്ത്യം എന്നു മൂന്നു ശാഖകളുണ്ടെന്നും രക്ഷപ്രാപിക്കുവാൻ ഇവയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നാൽ മതിയെന്നും ഇംഗ്ലണ്ടിലെ കത്തോലിക്കാസഭ ആംഗ്ലിക്കൻ സഭയാണെന്നുമത്രേ ആംഗ്ലോ കത്തോലിക്കരുടെ വിശ്വാസം. ഷെയ്‌ലായും, ഈ "ശാഖാവാദ"ത്തെ സ്വീകരിച്ചിരുന്നു താൻ ഒരു കത്തോലിക്കയാണെന്ന് അവൾ അഭിമാനിക്കയും പ്രഖ്യാപിക്കയും ചെയ്തിരുന്നത് ഈ അർത്ഥത്തിലാണ്. ഇപ്പോൾ അപ്രതീക്ഷിതമായിട്ടു ഷെയ്‌ലായുടെ ശാഖാവാദത്തിന്റെ യുക്തിയുക്തതയ്ക്ക് ഒരു വെല്ലുവിളിയായി ലിസ്യൂവിലെ വീരകന്യക അവരുടെ മുമ്പിൽ നില്ക്കുന്നു. മൂന്നു കൊല്ലങ്ങൾക്കകം ഒരാളെയെങ്കിലും വിശുദ്ധരുടെ പട്ടികയിൽ ചേർക്കുവാൻ ആംഗ്ലിക്കൻസഭയ്ക്കു സാധിക്കാതെപോയതിന്റെ കാരണമെന്ത്? ഒരു പട്ടികയിൽ ചേർക്കുന്നതിൽ അല്ലെങ്കിലും വിശുദ്ധി അംഗീകരിക്കുന്നത്. അതിനാൽ, ആംഗ്ലിക്കൻസഭയിലെ ഭക്തന്മാരേയും യോഗ്യന്മാരേയും, അവരുടെ സമകാലികരായി കത്തോലിക്കാസഭയിലുള്ള വിശുദ്ധരേയും പററി ഒരു താരതമ്യപഠനം നടത്തുന്നതിന് അവർ ആരംഭിച്ചു. വീരോചിതമായ വിശുദ്ധി കത്തോലിക്കസഭയിൽ മാത്രമേ കാണപ്പെടുന്നുള്ളുവെന്ന് അവർ സമ്മതിക്കേണ്ടിവന്നു.

"ആംഗ്ലിക്കൻസഭയിൽ തീർച്ചയായും യോഗ്യന്മാരായി പലരുമുണ്ട്;" ഷെയ്‌ലാ എഴുതുന്നു: "അനേകരുടെ പേരുകൾ എന്റെ ഓർമ്മയിൽ വരുന്നു. ആൻഡ്രൂസ്, ഹെർബർട്ട്, കെൻ, ജറമി ടെയിലർ, ബിഷപ്പ് കിംഗ്, ഫാദർ ഡോളിംഗ്, ഫാദർ സ്റ്റാൻറൻ മുതലായ പലരും. ജീവിതത്തിൽ ദൈവത്തെ സേവിച്ചിരുന്ന പുണ്യപുരുഷന്മാരാണിവർ. ഇവരുടെ ഓർമ്മ ന്യായ്യമായി ആദരിക്കപ്പെടുന്നു. എന്നാൽ രണ്ടുമൂന്നു വസ്തുതകൾ അവരെപ്പററി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ആദ്യമായി ചർച്ച് ഓഫ് ഇംഗ്ലണ്ട് അവരുടെ യോഗ്യതകളെ അംഗീകരിക്കുന്നതിൽ വിമുഖത പ്രദർശിപ്പിക്കുന്നു. കലണ്ടറിൽ അവർക്കു സ്ഥാനം കൊടുത്തിട്ടില്ല. അവരുടെ ഓർമ്മയ്ക്കായി ഒരു ദിവസം നിശ്ചയിക്കുന്നതിനു നടന്ന പരിശ്രമങ്ങൾ പ്രതിഷേധങ്ങൾക്കിടയാക്കിയിട്ടേയുള്ളു. രണ്ടാമതായി അവരെല്ലാവരും ഒരുവിധത്തിൽ ആംഗ്ലോകത്തോലിക്കരാണ്. അതിനാൽ തങ്ങൾ പ്രതിഷേധിക്കുന്ന ആംഗ്ലിക്കൻസഭയുടെ പ്രാതിനിധ്യം അവർ വഹിക്കുന്നില്ല.... മൂന്നാമത്, വിശുദ്ധരെന്നു നാമകരണംചെയ്യുവാൻ കത്തോലിക്കസഭ നടത്തുന്ന പരീക്ഷണങ്ങളെ അവരിലാരെങ്കിലും വിജയപൂർവ്വം കടന്നുപോകയില്ല. പൂർണ്ണവും ആദ്ധ്യാത്മികവുമായ അർത്ഥത്തിൽ അവരാരും വിശുദ്ധരല്ല.



"സൽസ്വഭാവിയും ഭക്തനുമായതുനിമിത്തം, ഒരാൾ പുണ്യവാനാകുന്നില്ല. പൂർണ്ണമായ അർത്ഥത്തിൽ വിശുദ്ധി അവശ്യപ്പെടുന്നതു വീരോചിതമായ സുകൃതത്തെയാണ്, പരിപൂർണ്ണമായ ആത്മാർപ്പണത്തെയാണ്, ജീവിതത്തെ മുഴുവനും ഹോമബലിയാക്കുന്ന ഒരു സമർപ്പണത്തെയാണ്. അതു രക്തസാക്ഷിത്വത്തെക്കാൾ ഉന്നതവും തികച്ചും അലൗകികവും ദൈവികവരപ്രസാദത്തിന്റെ സമാപനവും വിജയമകുടവുമാകുന്നു.

"സാധാരണമായ ഭക്തജീവിതത്തിന്റെ പരിധികളിൽനിന്നു വളരെ വിദൂരമാണു വീരോചിതമായ ഈ വിശുദ്ധി. ആകർഷകമായ സന്മനസ്സല്ല ഒരു അസാധാരണത്വമാണത്". ആംഗ്ലിക്കൻ സഭയിലെ യോഗ്യന്മാരെ കത്തോലിക്കാസഭയിലുള്ള അവരുടെ സമകാലികരോട്—ഫ്രാൻസിസ് ദെ സാലസ്, ഇഗ്നേഷ്യസ് ലയോള, ജോൺ വിയാനി, ആവിലായിലെ ത്രേസ്യാ, ലിസ്യൂവിലെ കൊച്ചുത്രേസ്യാ ഇവരോട്—തുലനം ചെയ്യുന്നത്, അഡിസനെ ഷേക്സ്പീയറിനോടും, വില്യം ഹെയിലിയെ വില്യം ബ്ലേക്കിനോടും, ജോർജ്ജ് മാക്ഡൊനാൾഡിനെ ചാറത്സ് ഡിക്കൻസിനോടും താരതമ്യപ്പെടുത്തുന്നതിനു സമമായിരിക്കും. അഡിസനും ഹെയിലിയും ജോർജ്ജ് മാക്ഡൊനാൾഡും നല്ല സാഹിത്യകാരന്മാർതന്നെ. എന്നാൽ അവരാണ് ആംഗ്ലേയസാഹിത്യത്തിന്റെ ഏററവും വലിയ നേട്ടങ്ങളെന്നുവന്നാൽ ഇംഗ്ലണ്ടിന്റെ ശോചനീയാവസ്ഥയിലോ, ആചാര്യസംസ്കാരത്തിലോ, സാമുദായികജീവിതത്തിലോ, മനഃസ്ഥിതിയിലോ സാഹിത്യകലയ്ക്കു പററാത്തതായി എന്തോ ഉണ്ടെന്ന് ഒരാൾക്കു ന്യായ്യമായി അനുമാനിക്കാം. ഇതു പോലെതന്നെ ആൻഡ്രൂസ്, കെൻ, ഡോളിംഗ് തുടങ്ങിയവരാണു വിശുദ്ധന്മാരുടെ കാര്യത്തിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഏററവും വലിയ നേട്ടങ്ങളെങ്കിൽ, ആ സഭയുടെ ശോചനീയാവസ്ഥയും മനഃസ്ഥിതിയും വിശുദ്ധിയുടെ വളർച്ചയ്ക്കു പററാത്തതാണെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. ററുവാക്കുകളിൽ സഭയുടെ നാലു ലക്ഷണങ്ങളിൽ ഒന്നു കാണപ്പെടുന്നില്ല." (തുടരും)

## മാർപ്പാപ്പയുടെ മറുപടിസന്ദേശം

പാപ്പാദിനംപ്രമാണിച്ചു രാജൻബാബു പരിശുദ്ധ പിതാവിനു അയച്ചിരുന്ന ആശംസാസന്ദേശത്തിനു മറുപടിയായി തിരുമേനി താഴെ പറയുന്ന സന്ദേശം അയച്ചുകൊടുത്തിരിക്കുന്നു:-

"നിങ്ങളുടെ ആശംസാ ചനാമൃതമായ സന്ദേശത്തെ നാം ആത്മാർത്ഥമായി വിലമതിക്കുകയും, നിങ്ങൾക്കും ഗവമെൻറിനും ജനങ്ങൾക്കും ജഗദീശ്വരന്റെ ധാരാളമായ അനുഗ്രഹങ്ങൾ നേരുകയും ചെയ്തുകൊള്ളുന്നു"

## തി-കൊ. വാർത്തകൾ

ആലുവായിൽ ഒരു മോണോസൈറ്റ് ഫാക്ടറി സ്ഥാപിക്കുവാനുദ്ദേശമുണ്ടെന്നു പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഇന്ത്യൻ പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു. അതിനാവശ്യമായ 50 ലക്ഷം ക. യിൽ 37½ ലക്ഷം ക. കേന്ദ്രഗവമെൻറും ശേഷമുള്ളതു തിരു-കൊച്ചി ഗവമെൻറും നല്കുന്നതാണെന്നു അദ്ദേഹം തുടർന്നു പ്രസ്താവിച്ചു

—കോൺഗ്രസ് പാർട്ടി നിയമങ്ങൾക്കെതിരായി പ്രവർത്തിച്ച മെമ്പർമാരായ പത്മനാഭനേയും ആർ. ശങ്കറിനേയും പാർട്ടിയിൽനിന്നു ബഹിഷ്കരിക്കാൻ മാർച്ച് 25-ാംനു കൂടിയ കോൺഗ്രസ് എക്സിക്യൂട്ടീവ് കമ്മിററി യോഗം തീരുമാനിച്ചിരിക്കുന്നു.

—കോട്ടയം ഡി. എസ്. പി. മി. ആർ. ഗംഗാധരൻ ബി. എ. യെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലായും ആലപ്പുഴ എ. എസ്. പി. മി. ഇന്നസൻറു പാപ്പാളിയെ കോട്ടയം ആക്ടിങ്ങ് ഡി. എസ്. പി. യായും നിയമിച്ചിരിക്കുന്നു.

## ഞായറാഴ്ച ഒഴിവ്

മേയ് 1-ാംനു മുതൽ എല്ലാ ഞായറാഴ്ചയും പോസ്റ്റാഫീസുകൾക്ക് ഒഴിവായിരിക്കുമെന്നു കമ്മ്യൂണിക്കേഷൻസ് മന്ത്രി കേന്ദ്രപാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

## ബുദ്ധസന്യാസി

### ജ്ഞാനസ്നാനം സ്വീകരിച്ചു

ചൈനയിൽ ഷാംഗായിയിലെ സെൻറ് ജോസഫ്സ് ദേവാലയത്തിൽവച്ച് കൊപൈചിംഗ് എന്ന ഒരു ബുദ്ധസന്യാസി ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നു. ക്രിസ്തീയഗ്രന്ഥങ്ങളുടെ പാരായണംവഴി അദ്ദേഹം ക്രിസ്തുമതത്തിലേക്കാകർഷിക്കപ്പെട്ടു. രണ്ടു കൊല്ലക്കാലം ഹോംകോംഗിൽവച്ചു പ്രൊട്ടസ്റ്റൻറുകാരുടെ നേതൃത്വത്തിൽ ക്രിസ്തുമതത്തെപ്പററി പഠനം നടത്തി. അനന്തരം രോഗബാധിതനായതിനാൽ ഷാംഗായിയിലെ സെൻറ് മേരിസ് ആസ്പത്രിയിലേക്കു മാററപ്പെട്ടു. അവിടെവച്ചാണു കത്തോലിക്കമതത്തെപ്പററി അറിവാൻ അദ്ദേഹത്തിനിടവന്നതു. ആതുരശുശ്രൂഷ നടത്തിയിരുന്ന കന്യാസ്ത്രീ അദ്ദേഹത്തിന്റെ സംശയങ്ങൾക്കു നിവാരണം വരുത്തുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. സുഖം പ്രാപിച്ചു ആസ്പത്രിയിൽനിന്നു മടങ്ങി, ആശ്രമത്തിൽ വാസമുറപ്പിച്ചശേഷം ഈ ബുദ്ധസന്യാസി കൂടെക്കൂടെ കത്തോലിക്കാദേവാലയങ്ങളിൽപോയി ദിവ്യബലിയിൽ സംബന്ധിച്ചുവന്നു 1949-ൽ അദ്ദേഹം ബുദ്ധമതവുമായുള്ള ബന്ധം പരിപൂർണ്ണമായി വിച്ഛേദിക്കുകയും ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കാസഭയിൽ പ്രവേശിക്കയും ചെയ്തു. ഫാദർ ജോസഫ് സംഗ് എന്ന വൈദികനാണു അദ്ദേഹത്തെ സ്നാനപ്പെടുത്തിയതു.

### ചാൻസലരുടെ പുത്രനു അഞ്ചാംപട്ടം

പുതിയ പശ്ചിമ ജർമ്മൻസ്റ്റേററിന്റെ മേധാവിയായി ഭരിച്ചിരിക്കുന്ന ചാൻസലർ അഡെനവ്വേറിനെപ്പററി മുന്നൊരുലക്കം സത്യദീപത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അദ്ദേഹത്തിന്റെ പുത്രൻ റവ. പോൾ അഡെനാവ്വർ ഈയിടെ കൊളോഞ്ഞു കത്തീഡ്രലിൽ വച്ച് അഞ്ചാംപട്ടം സ്വീകരിച്ചു ആ വസരത്തിൽ ചാൻസലർ അഡെനാവ്വറും സന്നിഹിതനായിരുന്നു.

ഫാത്തിമായിലെ കുട്ടികൾ

(4-ാംപേജ് തുടർച്ച)

സന്ദർശിച്ചു് ലൂസി നിറഞ്ഞകണ്ണുകളോടെ അവയോടെല്ലാം യാത്രപറഞ്ഞു.

പിറേറദിവസം രാവിലെ ലൂസി യാത്രക്കു തയാറായി. അമ്മയോടൊന്നിച്ചു് മാതുലനായ മാനുവൽ കൊറീയായുടെ (Manuel C rreia) അടുക്കലേക്കു പോയി. അയാൾ കഴുതയെ കെട്ടിയ ഒരു വണ്ടിയുമായി വഴിയിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ലൂസിയെ ആ വണ്ടിയിൽ ചിരിയായിൽ കൊണ്ടുചെന്നിട്ടു്, അവിടെനിന്നു മററാരാളോടൊന്നിച്ചു തീവണ്ടിമാർഗ്ഗം വിലാറിൽ എത്തിക്കുവാനാണു് ഏർപ്പാടുചെയ്തിരുന്നതു്.

"ലൂസി, നമ്മൾ കോവയിൽക്കൂടിയാണു് കടന്നുപോകുന്നതു്. കപ്പേളയിൽ അല്പം താമസിക്കുവാൻ നമുക്കു നേരംകാണും. നീ അതു് ഇഷ്ടപ്പെടുന്നില്ലേ?"

"ഉവ്വ്, അമ്മാവാ, അതു വളരെ നന്നായിരിക്കും."

ലൂസി കപ്പേളയിൽ മുട്ടുകുത്തി കൊന്തയുടെ അഞ്ചു രഹസ്യങ്ങൾ ഉരുവിട്ടു. അവൾക്കു് ഏററം പ്രിയതരമായ കോവയിലെ ആ അന്ത്യപ്രാർത്ഥനാവസരത്തിൽ അവൾ കണ്ണീരിനെ തടയാൻ വളരെ പണിപ്പെട്ടു. ലോകം നിദ്രയിലാണ്ടിരുന്ന ആ സമയത്തു് അവിടെ സമാധാനം കളിയാടിയിരുന്നു. അവിടെ കത്തിക്കൊണ്ടിരുന്ന നീലനിറത്തിലുള്ള കെടാവിളക്കു്, വെൺകളി പൂശിയ ഭിത്തിയും മാതാവിന്റെ പ്രതിമയും ശോഭായമാനമാക്കിക്കൊണ്ടിരുന്നു.

"വിലാറിൽ പഠിക്കാൻപോകുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല." അവൾ പെട്ടെന്നു പറഞ്ഞു.

മരിയ റോസക്കും മാനുവലിനും ലൂസിയുടെ ചിന്താഗതി അജ്ഞാതമായിരുന്നു.

"ലൂസി, നീ അല്പനേരംകൂടെ ഇവിടെയിരുന്നു പ്രാർത്ഥിക്കൂ. ഞങ്ങൾ റോഡിലിറങ്ങി നിന്നെക്കാത്തു് അവിടെ നില്ക്കാം. പക്ഷേ, വളരെനേരം താമസിക്കരുതു്, കേട്ടോ. നിനക്കു് ചിരിയായിൽ ചെന്നിട്ടു് തീവണ്ടി കയറി പോകാനുള്ളതാണെന്നു മറന്നുകളയരുതു്." ലൂസിയുടെ അമ്മ പറഞ്ഞു.

അവർ പോയശേഷം ലൂസി അശ്രുപൂർണ്ണങ്ങളായ നയനങ്ങളോടുകൂടി മാതാവിന്റെ പ്രതിമ നോക്കിക്കൊണ്ടു സമർപ്പണജപം ചൊല്ലി. അപ്പോൾ പതിവനുസരിച്ചു് ഒരത്ഭുതം നടന്നതുപോലെ അവൾക്കനുഭവപ്പെട്ടു. മാതാവിന്റെ പ്രതിമയിലേക്കു നോക്കിയപ്പോൾ ഫ്രാൻസിസും ജസീന്തയും അടുത്തു നില്ക്കുന്നതായി ലൂസിക്കു തോന്നി. അവരും ഫാത്തിമായോടു യാത്രപറഞ്ഞു പോയവരാണല്ലോ. അവരുടെ പ്രാർത്ഥനയും സഹായവും അവൾ യാചിച്ചു.

"ഹാ! ഫ്രാൻസീസ്, ജസീന്താ, ഞാൻ തനിച്ചല്ല, നമുക്കു മൂന്നുപേർക്കുംകൂടി മാതാവിന്റെ വിമലഹൃദയത്തേയും പരിശുദ്ധ ജപമാലയേയും അറിയുന്നതിനും സ്നേഹിക്കുന്നതിനും ജനങ്ങളെ സഹായിക്കാൻ ഒരിക്കൽ സാധിക്കുകയില്ലേ?"

ജസീന്തയുടെ മരണശയ്യയിൽവച്ചു് ലൂസിയോടു പറഞ്ഞ താഴെവരുന്ന വാക്കുകൾ അവിടെ പ്രതിധ്വനിക്കുന്നതായും ലൂസിക്കു തോന്നി.

"മറിയത്തിന്റെ വിമലഹൃദയം വഴിയായി ദൈവം അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നുഎന്നു് എല്ലാവരെയും അറിയിക്കുക. ഈശോയുടെ തിരുഹൃദയം അവിടുത്തെ ദിവ്യമാതാവിന്റെ വിമലഹൃദയത്തോടൊരുമിച്ചു് ബഹുമാനിക്കപ്പെടുവാൻ അഭിലഷിക്കുന്നതായി അവരോടു പറയുക. ലോകസമാധാനം മാതാവിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നതിനാൽ, ലോകസമാധാനത്തിനായും, ഇതരനന്മകൾക്കായും മറിയത്തിന്റെ വിമലഹൃദയത്തോടു് അഭ്യർത്ഥിക്കുവാനും അവരോടാവശ്യപ്പെടുക."

വ്യസനമെല്ലാം പോയി സന്തോഷത്തോടെ ലൂസി എഴുന്നേററു. അവളുടെ കണ്ണുകൾ പ്രകാശിച്ചു. "അതിനുവേണ്ടി ഞാൻ പ്രയത്നിക്കും. അതികഠിനമായി പ്രയത്നിക്കും." ലൂസി അത്യാകാംക്ഷാപൂർവ്വം പ്രതിജ്ഞചെയ്തു.

* * *

ലൂസി വിദ്യാർത്ഥിനിയായി വിലാറിൽ അഞ്ചുകൊല്ലം താമസിച്ചു. 1926 ഒക്ടോബർ 2-ാംതീയതി, പത്തൊൻപതാമത്തെ വയസ്സിൽ ലൂസി വി. ഡൊറോത്തിയുടെ സന്യാസസഭയിൽ ഒരു ണസഹോദരിയായി ചേർന്നു (Lay Sister). 1934 ഒക്ടോബർ 3-ാംതീയതി ലൂസിയുടെ നിത്യവ്രതവാഗ്ദാനം നടന്നു. സഭാപ്രവേശത്തോടെ "വ്യാകുലത്തിന്റെ മേരി ലൂസി സഹോദരി" (Sister Mary Lucia of the Dolours) എന്ന നവീനനാമധേയം നൽകപ്പെട്ടു.

കർമ്മലമഠത്തിൽ ചേരണമെന്നു് ലൂസിക്കു പണ്ടേമുതല്ക്കു ആഗ്രഹമുണ്ടായിരുന്നു. അനാരോഗ്യം നിമിത്തം അവളുടെ അപേക്ഷ ആദ്യം നിരസിക്കപ്പെടുകയാണുണ്ടായതു്. തദനന്തരമാണു് അവൾ വി. ഡൊറോത്തിയുടെ സന്യാസസഭയിൽ ചേർന്നതു്. എന്നാൽ കർമ്മലമഠത്തിൽ ചേരണമെന്നുള്ള അഭിലാഷം വീണ്ടും ശക്തിപ്രാപിക്കയാൽ അനുമതിക്കായി അവൾ പരിശുദ്ധപിതാവിനോടപേക്ഷിച്ചു. മാർപ്പാപ്പാതിരുമനസ്സിലെ അനുവാദത്തോടുകൂടി 1948 മാർച്ച് 25-ാംനു ദുഃഖവെള്ളിയാഴ്ചദിവസം സിസ്റ്റർ ലൂസി കോയിംബ്രയിലെ കർമ്മലമഠത്തിൽ ചേർന്നു. മേയ്മാസം 13-ാംനു സഭാവസ്ത്രസ്വീകരണം അനാഡംബരമായി നിർവ്വഹിക്കപ്പെട്ടു. സിസ്റ്റർ ലൂസി ഇപ്പോൾ വിമലഹൃദയത്തിന്റെ മരിയ എന്ന പേരിലാണു് അറിയപ്പെടുന്നതു്. ഈ സഹോദരിക്കു് ഇപ്പോൾ 43 വയസ്സുപ്രായമുണ്ടു്. മാതാവു കൂടെക്കൂടെ പ്രത്യക്ഷപ്പെട്ടു് മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്ന കൃത്യത്തിൽ ആ ഭക്തയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്നു.

ജസീന്തയുടെ മൃതശരീരം ഔറേമിൽ അൽവരേസ് പ്രഭുവിന്റെ കുടുംബകല്ലറയിൽ സംസ്കരിച്ചതായി മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു് ആ ബാലികയുടെ പ്രസ്തുത ദേഹം ഫാത്തിമായിലേക്കുകൊണ്ടുവന്നു. പെട്ടിതുറന്നു നോക്കിയപ്പോൾ ശരീരത്തിനു യാതൊരു കേടും ഭവിക്കാതെയിരിക്കുന്നതായി കാണപ്പെട്ടു. ഫ്രാൻസിസിന്റെ ശവകുടീരത്തിൽതന്നെ സഹോദരിയുടെയും ശരീരം സംസ്കരിക്കപ്പെടുകയാണുണ്ടായതു്. അങ്ങനെ ആ സഹോദരീസഹോദരന്മാർ ഒരുമിച്ചു് ഒരു ശവകുടീരത്തിൽ നിത്യവിശ്രമം കൊള്ളുകയാണു്.

(ശുഭം)

## പുസ്തകരൂപത്തിൽ

"ഫാത്തിമായിലെ കുട്ടികൾ" അടുത്തുതന്നെ പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്യുന്നതാണു്. ഈ ലേഖനങ്ങളിൽ ചേർത്തിരുന്ന ചിത്രങ്ങൾക്കു പുറമെ, സത്യദീപം ഫാത്തിമാ വിശേഷാൽപ്രതിയിൽ ചേർത്തിരുന്ന ചിത്രങ്ങളും മററു ചില ചിത്രങ്ങളും ചേർത്തു പ്രസാധനം ചെയ്യപ്പെടുന്ന ആ മനോഹരഗ്രന്ഥം ഫാത്തിമാഭക്തർ സ്വാഗതം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.

മാനേജർ
മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്
എറണാകുളം.

പ്രഭാഷണം

# വീട്ടുവേലക്കാർ

"ദരിദ്രന്റെയും അഗതിയുടേയും കൂലി നീ വഞ്ചിക്കരുതു്.... അവൻ തന്നെ അന്നന്നു നിനക്കു വിട്ടുതരുന്നതു് അവന്റെ കൂലിക്കുവേണ്ടിയാണു്" (ആവർത്തനം XXIV, 14-15)

കുടുംബചക്രം തിരിക്കുന്നതിൽ ഗണനീയമായ ഒരു പങ്കുവഹിക്കുന്നവരാണു് വീട്ടുവേലക്കാർ. ധനാഢ്യന്മാരുടെ വീടുകളിൽ മാത്രമല്ല, ഇടത്തരക്കാരുടേയും ചില സാധാരണക്കാരുടേയും വീടുകളിലും ഇന്നു് ഒരവശ്യഘടകമായിത്തീന്നിട്ടുണ്ടു് വേലക്കാർ. ഈ വർഗ്ഗക്കാരില്ലാതെ ഒരു നിമിഷമെങ്കിലും ജീവിക്കുവാൻ സാദ്ധ്യമല്ലാത്തവിധത്തിൽ അത്രമാത്രം തൊട്ടതിനൊക്കെ അവരെ ആശ്രയിച്ചു ജീവിക്കുന്നവരും—അഥവാ, അങ്ങനെ തഴങ്ങിയവരും—ചുരുക്കമല്ല. കുടുംബത്തിലെ പ്രത്യേകാംഗങ്ങളായി അവരെ പരിഗണിക്കേണ്ടിയിരിക്കുന്നു—കേവലം അന്യരല്ല അവർ. തൊഴിലാളിമുതലാളിപ്രശ്നം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് യജമാനന്മാരും വേലക്കാരും അവരവരുടെ കർത്തവ്യാനുഷ്ഠാനവും പരസ്പരസൗഹാർദ്ദതയുംമൂലം കുടുംബസമാധാനത്തിന്റെ എന്നല്ല ലോകസമാധാനത്തിന്റെയും അടിത്തറ കെട്ടിപ്പൊക്കുന്നതിനു് മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

വീട്ടുവേലക്കാരോടുള്ള പെരുമാററത്തിൽ ചില മൗലികതത്വങ്ങൾ മുറുകെപ്പിടിച്ചാൽ, യാതൊരു കൃത്യവിലോപത്തിനും ഇടവരികയില്ല. എല്ലാവർക്കും അറിയാവുന്ന തത്വങ്ങളാണെങ്കിലും അവ പലപ്പോഴും സൗകര്യത്തിനുവേണ്ടി അവഗണിക്കപ്പെടുകയാണു് പതിവു്. വേലക്കാരനും ഒരു മനുഷ്യനാണു്; മനുഷ്യോചിതമായ വിധത്തിൽ ജീവിക്കുവാൻ അവനും അവകാശമുണ്ടു്. ഈ തത്വം മുറുകെപ്പിടിച്ചുകഴിഞ്ഞാൽ അതിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന നിഗമനങ്ങൾ നിരവധിയാണു്. വേലക്കാരനു മനുഷ്യോചിതമായ വിധത്തിൽ ഭക്ഷിക്കണം, ഉടുക്കണം, ഉറങ്ങണം, വിശ്രമിക്കണം, ഉല്ലസിക്കണം, വിവാഹംകഴിക്കണം, പുത്രകളത്രാദികളെ പോററണം, രോഗശുശ്രൂഷകൾ ലഭിക്കണം, മതകൃത്യങ്ങൾ അനുഷ്ഠിക്കണം, ധാർമ്മികമായി ജീവിക്കണം, ഭയവും അരക്ഷിതാവസ്ഥയും ഉണ്ടാകരുതു്, മർദ്ദനവും ശക്തിയെക്കവിഞ്ഞ നിർബന്ധിതാദ്ധ്വാനവും പാടില്ല—ഇങ്ങനെ പോകുന്നു അവയുടെ ലിസ്റ്റു്. കുർബാനയും കമ്പസാരവും കൊന്തയുമായി കഴിഞ്ഞുകൂടുന്ന ഭക്തരായ കത്തോലിക്കർപോലും സ്വന്തം വീട്ടിലെ വേലക്കാരോടു കാണിക്കുന്ന അനീതികൾ എങ്ങനെ സഹിക്കും? ഇക്കാര്യത്തിൽ മനസ്സാക്ഷിയെ വലിച്ചുനീട്ടുകയോ കൃത്രിമമായ ഒരു മനസ്സാക്ഷിയെ രൂപീകരിക്കുകയോ ചെയ്യുന്നതുകൊണ്ടൊന്നും അവരുടെ പ്രവൃത്തികൾ നീതീകരിക്കപ്പെടുകയില്ല.

ആദ്യമായി ഉദിക്കുന്ന പ്രശ്നം കൂലി അല്ലെങ്കിൽ ശമ്പളമാണു്. മനുഷ്യോചിതമായി ജീവിക്കുന്നതിനാവശ്യമായ കൂലിയാണല്ലോ വേലക്കാർക്കു നൽകേണ്ടതു്. 13-ാംലെയോ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് "റേരും നൊവാരും" എന്ന ചാക്രികലേഖനത്തിൽ പറയുന്നു: "വേലക്കാരനും തൊഴിലുടമസ്ഥനും തമ്മിൽ സ്വതന്ത്രമായി ഉടമ്പടികൾ ചെയ്തുകൊള്ളട്ടെ; കൂലിയെ സംബന്ധിച്ചു് പ്രത്യേകം കരാറു ചെയ്തുകൊള്ളട്ടെ; എന്നാലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഏതു് ഉടമ്പടിയെക്കാളും കൂടുതൽ ആജ്ഞാപകവും പുരാതനവുമായ ഒരു ശാസനം ഇതിലെല്ലാം അന്തർലീനമായി നിലകൊള്ളുന്നുണ്ടു്. അതു്, കൂലി മിതവ്യയശീലവും മര്യാദയുമുള്ള ഒരു വേലക്കാരന്റെ കഴിച്ചിലിനു് മതിയാകാതെ വരരുതെന്നുള്ളതാണു്..... ഒരു തൊഴിലാളിക്കു ലഭിക്കുന്ന കൂലി അവന്റെയും അവന്റെ സന്താനങ്ങളുടേയും മിതമായവിധത്തിലുള്ള ജീവസന്ധാരണത്തിനു് പര്യാപ്തമായിരിക്കണം. ...തൊഴിലുടമസ്ഥനോ കൺട്രാക്ടറോ കൂടുതൽ ഗുണകരങ്ങളായ വ്യവസ്ഥകൾ സമ്മതിക്കുകയില്ലെന്നു മനസ്സിലാക്കി, ആവശ്യത്തിന്റെ ശക്തികൊണ്ടോ കൂടുതൽ ദോഷം വരുമെന്നുള്ള ഭയംകൊണ്ടോ ഒരു വേലക്കാരൻ കഠിനതരങ്ങളായ വ്യവസ്ഥകൾക്കു വഴിപ്പെടുമ്പോൾ അവൻ ബലാൽക്കാരത്തിനും അനീതിക്കും ഇരയാക്കപ്പെടുകയാണു് ചെയ്യുന്നതു്." വ്യവസായത്തൊഴിലാളികളെ മുഖ്യമായി ഉദ്ദേശിച്ചുകൊണ്ടാണു് ലെയോ തിരുമേനിയുടെ പ്രസ്താവനകളെങ്കിലും വീട്ടുവേലക്കാർക്കും അവ തികച്ചും ബാധകമാണു്. "അവനു മൂന്നുനേരവും പുഷ്ടിയായി ഭക്ഷണം കൊടുക്കുന്നുണ്ടല്ലോ. പിന്നെയെന്തിനാണു് ശമ്പളം? കൂടിയേകഴിയൂ എങ്കിൽ പേരിനു വല്ലതും—മാസത്തിൽ എട്ടണയോ ഒരു രൂപായോ പോരെ?" എന്നിങ്ങനെ ന്യായവാദംചെയ്യുന്ന ചിലർ! "ഇവിടെ വേലക്കാരെയൊന്നും ആവശ്യമില്ല നിർബന്ധമാണെങ്കിൽ നിന്നോളു. ശമ്പളം രണ്ടുരൂപയിൽ കൂടുതൽ തരാൻ സാദ്ധ്യമല്ല. ഇഷ്ടമുണ്ടെങ്കിൽ മതി." എന്നിങ്ങനെ വേലക്കാരുടെ നിരാശ്രയസ്ഥിതിയെ ചൂഷണംചെയ്യുന്നവർ ചിലർ! "അവളുടെ ശമ്പളം ഇവിടെ നിൽക്കട്ടെ. എന്തെങ്കിലും പ്രത്യേകാവശ്യം വരുമ്പോൾ—കല്യാണത്തിനോ മറേറാ—ഒന്നിച്ചു് വാങ്ങുകയാണു് നല്ലതു്" എന്നു പറഞ്ഞു് മാതാപിതാക്കന്മാരെ സമ്മതിപ്പിച്ചശേഷം നിസ്സാരസംഖ്യകൾ മാത്രം കൊടുക്കുന്നതും, അല്ലെങ്കിൽ എന്തെങ്കിലും കുററം നിമിത്തം അവളെ പിരിച്ചയച്ചശേഷം കൊടുക്കാനുള്ള ശമ്പളത്തിന്റെ കാര്യം ആവിയായിപ്പോകുന്നതും അസാധാരണമല്ല. ഇതിന്റെയെല്ലാം അടിയിൽ പണത്തെ വിട്ടുപിരിയാനുള്ള മടി—നാടൻഭാഷയിൽ "പിശുക്കു്"—ഒളിഞ്ഞുകിടക്കുന്നുണ്ടായിരിക്കും. ഇവരെല്ലാവരും വി. യാക്കോബ്ശ്ലീഹായുടെ കഠിനമായ വാക്കുകൾ ശ്രവിക്കട്ടെ. "ഇതാ, ചതിവായി നിങ്ങൾ വേലക്കാർക്കു കൊടുക്കാതിരുന്ന കൂലി നിലവിളിക്കുന്നു; അവരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവികളിൽ എത്തിയിരിക്കുന്നു." (V, 4). യഥാർത്ഥമായ ക്രൈസ്തവമനസ്ഥിതിയോടുകൂടി വേലക്കാർക്കു സ്വസാമ്പത്തികകഴിവുകൾക്കനുസരണമായി നീതിയുക്തമായ ജീവനക്കൂലി കൊടുക്കുവാൻ യജമാനന്മാർ സന്നദ്ധരാകട്ടെ. സ്വന്തം സാമ്പത്തികകഴിവുകളെ തിട്ടപ്പെടുത്തുമ്പോൾ മനസ്സാക്ഷിയെ വലിച്ചുനീട്ടാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം.

വീട്ടുവേലക്കാർക്കു സാധാരണയായി ഭക്ഷണം വീടുകളിൽത്തന്നെയാണല്ലോ നൽകപ്പെടാറുള്ളതു്. വേലക്കാരുടെ ഭക്ഷണം എന്നു പ്രത്യേകം ലേബൽ ഒട്ടിച്ച ഭക്ഷണം ഇല്ല. ആർക്കും വേണ്ടാത്ത ഭക്ഷണസാധനങ്ങൾമാത്രം അവർക്കു്; ചീഞ്ഞഴിഞ്ഞതവയും ഉച്ഛിഷ്ടങ്ങളുംമാത്രം അവർക്കു്; എന്നു വയ്ക്കുന്നതു് വലിയ അനീതിയല്ലേ? ഒരു യജമാനസ്ത്രീ ഒരു പാത്രത്തിൽ കുറേ കഞ്ഞി വിളമ്പി നായക്കു കൊടുക്കുവാനായി വേലക്കാരിയെ ഏല്പിച്ചു അവൾ നായയുടെ സമീപത്തേക്കു നടന്നുപോയി. എന്നാൽ തന്നെ ആരെങ്കിലും കാണുന്നുണ്ടോയെന്നു് ചുററും കണ്ണോടിച്ചുശേഷം അവൾ ആ കഞ്ഞി സ്വയം അനുഭവിക്കയാണു ചെയ്തതു്—അവളുടെ വിശപ്പിന്റെ ശക്തികൊണ്ടു്. പട്ടിക്കും പൂച്ചയ്ക്കും കൊടുക്കുന്നതുപോലും വേലക്കാർക്കു കൊടുക്കാതിരിക്കുന്നതു് ഹൃദയശൂന്യതതന്നെയല്ലേ? സൗകര്യമുണ്ടായിരുന്നിട്ടും വേലക്കാരുടെ ജീവിതസുഖത്തെ അവഗണിച്ചുകൊണ്ടു് ശീതബാധതുടങ്ങിയ പ്രകൃതിജന്യമായ അസൗകര്യങ്ങൾ സഹിച്ചു് രാത്രികാലങ്ങളിൽ വരാന്തകളിലുംമററുംമാത്രം കിടക്കുവാൻ അനുവദിക്കുക—അതും, കീറത്തലയിണയുംകീറിപ്പറിഞ്ഞ പായയുംമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു—എന്നു വന്നാൽ അതും അനീതിയല്ലേ? വേലക്കാരുടെ വസ്ത്രങ്ങൾ പഴകുകയും കീറുകയും ചെയ്യുമ്പോൾ പുതിയവ വാങ്ങിച്ചുകൊടുക്കുകതന്നെ വേണം. യജമാനന്റെ മക്കൾ വളരെനാൾ ഉപയോഗിച്ചു കീറിയ വസ്ത്രങ്ങളുടെ അനന്തരാവകാശികളാണു വേലക്കാർ എന്നുള്ള പതിവു് നിഷിദ്ധംതന്നെ. പ്രത്യേകിച്ചു് സ്ത്രീകളായ വേലക്കാരികൾക്കു് മാനമായവിധത്തിൽ വസ്ത്രധാരണം ചെയ്യാൻ സകല ഒത്താശകളും ചെയ്തുകൊടുക്കണം. യുവതികളായ വേലക്കാരികൾ എത്രമാത്രം ഹൃദയവ്യഥയോടെയാണു് കീറിയ വസ്ത്രങ്ങൾ ധരിക്കുന്നതെന്നു യജമാനസ്ത്രീകൾക്കു് അല്പം ആലോചിച്ചാൽ മനസ്സിലാകും.

ശക്തിയായ മഴയും വെയിലും വകവയ്ക്കാതെ ശക്തിയിൽ കവിഞ്ഞ ജോലികൾ ചെയ്യുവാൻ നിഷ്ക്കരുണം വേലക്കാരെ നിർബന്ധിക്കുന്നതു ഹൃദയമില്ലാത്ത ഒരു പ്രവൃത്തിയാണു്. ഇതെല്ലാം കൂലികുറയ്ക്കുന്നതുപോലെതന്നെ ദൈവസന്നിധിയിലേക്കു തുളച്ചുകയറുന്ന അനീതിയുടെ അസ്ത്രങ്ങളായിരിക്കുമെന്നു് യജമാനന്മാർ പ്രത്യേകം അനുസ്മരിക്കണം. സ്വന്തപ്പെട്ടവരിൽനിന്നും അകന്നു് യജമാനന്മാരെ അഭയംപ്രാപിച്ചു് ജീവിക്കുന്ന വീട്ടുവേലക്കാർ രോഗാധീനരാകുമ്പോൾ യജമാനന്മാരല്ലാതെ അവർക്കു മററാരാണു് ആശ്രയം? ആ നില

സംഭവകഥ

# ഒരു മാനസാന്തരം

(കെ. സി. ദേവസ്യ ബി. എ, എൽ എൽ. ബി.)

ജൂലൈമാസത്തിലെ അത്യധികം ചൂടുള്ള ഒരു സായാഹ്നം. സൂര്യൻ അസ്തമനഗിരിയെ പ്രാപിക്കാറായി എങ്കിലും ഉഷ്ണവായു മന്ദംമന്ദം വീശിക്കൊണ്ടിരുന്നു. കഴിഞ്ഞ അരശതാബ്ദത്തിനുള്ളിൽ ന്യൂയോർക്ക് നഗരത്തിൽ ഇത്രയധികം ചൂട് അനുഭവപ്പെട്ടിട്ടില്ലാത്തതായി പലരും അഭിപ്രായപ്പെട്ടു.

പകൽ മുഴുവൻ കൃത്യാന്തരബാഹുല്യത്തിൽ വ്യാപൃതനായിരുന്ന ആ യുവവൈദികൻ ന്യൂയോർക്കിലുള്ള ഒരു കപ്പേളയുടെ അങ്കണത്തിൽക്കൂടി ഉലാത്തിക്കൊണ്ടിരുന്നു. സുപ്രസിദ്ധവാഗ്മിയും തികഞ്ഞ ഭരണതന്ത്രജ്ഞനുമായ അദ്ദേഹം ആ ഇടവകയുടെ അസിസ്റ്റൻറ് വികാരിസ്ഥാനം കൈയേററിട്ട് അധികദിവസങ്ങൾ കഴിഞ്ഞിരുന്നില്ല. ദുർമ്മാർഗ്ഗത്തിൽ സദാ വ്യാപൃതരായ ഏതാനും ആളുകൾ ആ ഇടവകയിൽപ്പെട്ട "ബ്ലാക്ക് സ്ട്രീററി"ൽ അധിവസിക്കുന്ന വിവരം അദ്ദേഹത്തിന്റെ ഹൃദയത്തെ വേദനപ്പെടുത്തി. അവരെ ആ ദുഷിച്ച ജീവിതരീതിയിൽനിന്നും ഉദ്ധരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു.

നവീനരീതിയിൽ മോടിയായി വസ്ത്രധാരണം ചെയ്തിരുന്ന ഒരു യുവതി പെട്ടെന്ന് അദ്ദേഹത്തിന്റെ മുൻപിൽ വന്നുനിന്നു. അവളുടെ ദേഹത്തു പൂശിയിരുന്ന സുഗന്ധദ്രവ്യങ്ങളുടെ വാസന അന്തരീക്ഷത്തിൽ വ്യാപിച്ചു. മെലിഞ്ഞു നീണ്ടതും ഒതുങ്ങിയതുമായിരുന്നു അവളുടെ ശരീരം. പ്രായം വളരെ കുറവായിരുന്നെങ്കിലും ജീവിതക്ലേശത്താൽ വാർദ്ധക്യത്തിന്റെ ചില ലാഞ്ഛനകൾ അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടിരുന്നു.

"പാപസങ്കീർത്തനത്തിനായി ഞാൻ ഇവിടെ വന്നു എന്ന് ഒരുപക്ഷെ അങ്ങു വിചാരിക്കുന്നുണ്ടായിരിക്കാം." പുച്ഛരസപ്രധാനമായ മന്ദസ്മിതത്തോടുകൂടി അവൾ പറഞ്ഞു.

അത്ഭുതത്തിന്റെ ഒരു നേരിയ രേഖ അദ്ദേഹത്തിന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു. "പിന്നെ എന്തിനായി ഇവിടെ വന്നു?" അദ്ദേഹം ചോദിച്ചു.



മാർ യൗസേപ്പുപിതാവിന്റെ മദ്ധ്യസ്ഥതയാൽ ഒരു അസാദ്ധ്യകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. ജെ. മേരി

"ഓ അതു് എന്റെ വൃദ്ധയായ മാതാവിന്റെ കണ്ണിൽ മണ്ണിടുന്നതിനുമാത്രം. അവർ ഈ ദേവാലയത്തിന്റെ അങ്ങേ അററത്തു് എന്നെ കാത്തുനില്ക്കുന്നുണ്ടു്. പാപസങ്കീർത്തനത്തിനായി പള്ളിയിലേക്കു പോരുന്നു എന്നു ഞാൻ അവരോടു പറഞ്ഞു. കുറെ സമയം ഇവിടെ വല്ലവിധത്തിലും കഴിച്ചുശേഷം മടങ്ങാം എന്നേ ഞാൻ കരുതുന്നുള്ളു."

വൈദികന്റെ ആശ്ചര്യം വർദ്ധിച്ചു. "എന്റെ കുഞ്ഞേ." നെററിയിലെ വിയർപ്പുതുള്ളികൾ തുടച്ചുകൊണ്ടു് അദ്ദേഹം തുടർന്നു.

"എന്നെ കുഞ്ഞേ എന്നു വിളിക്കണ്ടാ." അവൾ കടന്നുപറഞ്ഞു. "എന്റെ പേർ വിളിച്ചാൽ മതി, ആഗി ആഗി എന്നു്."

"ആഗി, എത്ര മധുരമായ നാമം. ഗ്രീക്കുഭാഷയിൽ അഗാഥ എന്ന വാക്കിന്റെ അർത്ഥം നല്ലതു് എന്നാണു്."

"അതു് ഒരു ഫലിതമാണു്." പൊട്ടിച്ചിരിച്ചുകൊണ്ടു് അവൾ പറഞ്ഞു. "എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ആ വാക്കിന്റെ അർത്ഥം നേരെമറിച്ചാണു്. ഞാൻ വളരെ ചീത്തയായ സ്ത്രീയാണു്. ദുർഗ്ഗുണപരിഹാരപാഠശാലയിൽനിന്നും എനിക്കു മോചനം ലഭിച്ചിട്ടു് ദിവസങ്ങൾ അധികം ആയിട്ടില്ല."

"ദുർഗ്ഗുണപരിഹാരപാഠശാല" എന്ന പദം അവൾ ഉച്ചരിച്ചതു് വളരെ അവജ്ഞയോടുകൂടിയായിരുന്നു. അതു് അവളുടെ ദുർമ്മാർഗ്ഗജീവിതത്തിന്റെ പ്രതിബിംബനം മാത്രമായിരുന്നു എന്നും സത്പന്ഥാവിലൂടെ നയിച്ചാൽ അവൾ ഒരു സുകൃതിനി ആയിത്തീരുമെന്നും അദ്ദേഹം മനസ്സിലാക്കി.

"ഏതെങ്കിലും തരത്തിൽ അവിടെനിന്നും മോചനം പ്രാപിക്കണം എന്നു മാത്രമേ എനിക്കു് വിചാരമുണ്ടായിരുന്നുള്ളു." ആ യുവതി തുടർന്നു: "ഞാൻ കപ്പേളയിൽ പോയി നിരന്തരം പ്രാർത്ഥിച്ചു. പക്ഷെ ഫലം ഒന്നും ഉണ്ടായില്ല. ദൈവം എന്റെ പ്രാർത്ഥനയെ ശ്രവിച്ചില്ല. ആകയാൽ നരകാധിപനായ ലൂസിഫറിനോടു് പ്രാർത്ഥിക്കുവാൻ തുടങ്ങി."

"പക്ഷെ പിശാചു് പ്രതിഫലം ഒന്നും ആവശ്യപ്പെട്ടില്ലേ?"

"തീർച്ചയായും. അവിടെ നിന്നും മോചനം ലഭിക്കുന്ന പക്ഷം ഒൻപതു പ്രാവശ്യം അയോഗ്യമായി വിശുദ്ധ കുർബാന കൈക്കൊള്ളാം എന്നു ഞാൻ വാഗ്ദാനം ചെയ്തു. ഞാൻ എന്റെ വാക്കു പാലിച്ചു. എട്ടു പ്രാവശ്യം തക്ക ഒരുക്കംകൂടാതെ ദൈവികവിരുന്നിൽ ഞാൻ ഭാഗഭാക്കായി ദൈവത്തെ ശപിച്ചു. ആശ്ചര്യം! താമസംവിനാ എനിക്കു മോചനവും സിദ്ധിച്ചു."

ഭയാനകമായ ഈ വൃത്താന്തം ശ്രവിച്ചമാത്രയിൽ വൈദികന്റെ ശരീരം മുഴുവൻ വിറകൊണ്ടു. താൻ സാത്താന്റെ മുൻപിൽത്തന്നെയാണോ നില്ക്കുന്നതു് എന്നു് അദ്ദേഹത്തിനു് തോന്നിപ്പോയി. എങ്കിലും അഗാധപണ്ഡിതനായ അദ്ദേഹം തന്റെ വികാരങ്ങളെ ഒരുവിധത്തിൽ അടക്കികൊണ്ടു് താഴ്ന്ന സ്വരത്തിൽ ഇപ്രകാരം ഉച്ചരിച്ചു.

"ഒന്നാന്തരം ഉടമ്പടി. എന്റെ കുഞ്ഞേ, നീ സ്വാതന്ത്ര്യത്തിനായി പിശാചിന്റെ സേവപിടിച്ചു. പ്രതിഫലമായി നിന്റെ ആത്മാവിനെ അവൻ കൈവശപ്പെടുത്തി. നീ അവന്റെ അടിമയുമായി. എങ്കിലും നീ ഭയപ്പെടേണ്ടാ. നിന്റെ ആത്മാവിനെ നിത്യനാശത്തിൽനിന്നു രക്ഷിക്കുന്നതിനു് ഇനിയും സമയമുണ്ടു്."

"അസാദ്ധ്യം. ഒരിക്കലും അതു സാധിക്കയില്ല." കോപാധിക്യത്താൽ കരഞ്ഞുകൊണ്ടു് അവൾ പ്രതിവചിച്ചു.

"നീ പള്ളിയിലേക്കു് എന്തിനായി വന്നു? നിന്റെ അമ്മയെ പ്രീതിപ്പെടുത്തുന്നതിനല്ലേ? നീ നിന്റെ അമ്മയെ അത്യധികമായി ഇപ്പോഴും സ്നേഹിക്കുന്നുണ്ടു്. അവരെ സന്തോഷിപ്പിക്കുന്നതിനെങ്കിലും ഒരു നല്ല ജീവിതം കഴിക്കണം എന്നു നിനക്കു ആഗ്രഹമില്ലയോ? അഞ്ചുമിനിട്ടുനേരം എന്നോടുകൂടി ഈ ദേവാലയത്തിൽ നീനക്കു കഴിച്ചുകൂട്ടുവാൻ സന്മനസ്സുണ്ടാകുമോ? ഉണർന്നു പ്രാർത്ഥിച്ചാൽ കരുണയുള്ള ദൈവം ഒരിക്കലും കൈവിടുകയില്ല."

ഇത്രയും ശ്രവിച്ചമാത്രയിൽ കോപംകൊണ്ടു് അവളുടെ ചുണ്ടുകൾ വിറച്ചു. കൈവിരലുകൾ കോർത്തുപിടിച്ചു് ശക്തിയായി തിരുമ്മി. മെലിഞ്ഞ അവളുടെ കൈകളിൽ കിടന്ന വളകൾ കിലുങ്ങി.

"ദയവുചെയ്തു് എനിക്കുവേണ്ടി ഒന്നും ചെയ്യണ്ടാ. ഒരു സഹായവും ഞാൻ ആവശ്യപ്പെടുന്നുമില്ല."

"സ്വല്പസമയം എന്നോടുകൂടി പ്രാർത്ഥിക്കരുതോ?" താഴ്മയായി അദ്ദേഹം വീണ്ടും അപേക്ഷിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുന്നതിനുപോലും അവൾക്കു് ക്ഷമയുണ്ടായില്ല. സഗൗരവം അവൾ തിരിഞ്ഞുനടന്നു തുടങ്ങി.

"തീർച്ചയായും നീ അനുതാപത്തോടുകൂടി തിരികെവരും. ഇന്നുരാത്രിയിൽ തന്നെ തിരികെവരും." ഉദ്വേഗപൂർവ്വം അദ്ദേഹം വിളിച്ചുപറഞ്ഞു.

അതിദാരുണമായ ഈ സംഭവത്തെപ്പററി ഓർത്തു് അദ്ദേഹത്തിന്റെ മനസ്സു കലങ്ങി. നിത്യനാശത്തിൽ പതിച്ചിരിക്കുന്ന അവളുടെ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗത്തെപ്പററി ചിന്തിച്ചുകൊണ്ടു് അദ്ദേഹം ദേവാലയത്തിൽ പ്രവേശിച്ചു. ദിവ്യകാരുണ്യസന്നിധിയിൽ മുട്ടുകുത്തി സ്വല്പസമയം പ്രാർത്ഥിച്ചശേഷം അദ്ദേഹം കുമ്പസാരക്കൂട്ടിൽ പ്രവേശിച്ചു. പാപമോചനത്തിനായി തന്നെ സമീപിച്ച ഓരോരുത്തരോടും ഒരു പാപിയുടെ മാനസാന്തരത്തിനായി ഒരു മണിക്കൂർനേരം പ്രാർത്ഥിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ അപേക്ഷയെ അവർ സസന്തോഷം സ്വീകരിച്ചു. സ്വല്പസമയത്തിനുള്ളിൽ പ്രാർത്ഥനാനിരതരായ വിശ്വാസികളെക്കൊണ്ടു് ആ ദേവാലയം നിറഞ്ഞു. അവരുടെ സ്വരം സ്വർഗ്ഗത്തിലേക്കു് ഉയർന്നു.

അവിടെ സന്നിഹിതരായിരുന്ന ആളുകളുടെ പാപമോചനാനന്തരം ആ വൈദികൻ കുമ്പസാരപീഠത്തിൽനിന്നും എഴുന്നേററു്, വിശുദ്ധ കുർബാനയുടെ മുൻപാകെ മുട്ടിന്മേൽനിന്നുകൊണ്ടു് തീക്ഷ്ണതയോടെ പ്രാർത്ഥന ആരംഭിച്ചു.

ഏതാനും മണിക്കൂറുകൾക്കുശേഷം ആളുകൾ ഓരോരുത്തരായി പള്ളിയിൽനിന്നും പിരിഞ്ഞുതുടങ്ങി. വൈദ്യുതദീപങ്ങൾ എല്ലാം അണച്ചു. സക്രാരിയുടെ മുൻപിൽ ജ്വലിച്ചുകൊണ്ടിരുന്ന ചെറുദീപംമാത്രം മദ്ബഹായിൽ പ്രകാശിച്ചുകൊണ്ടിരുന്നു. ആ വൈദികന്റെ സ്വരംമാത്രം ആ ദേവാലയത്തിൽ മാറെറാലിക്കൊണ്ടിരുന്നു.

മണിക്കൂറുകൾ പലതും കഴിഞ്ഞു. ന്യൂയോർക്കിലെ ഏററവും ജനനിബിഡമായ തെരുവുകൾപോലും വിജനപ്രദേശങ്ങളായിത്തീർന്നു. സർവ്വത്ര നിശ്ശബ്ദത കളിയാടിയിരുന്നു. സമയം ഏതാണ്ടു് പാതിരായോടു് സമീപിച്ചപ്പോൾ മാർബിൾക്കല്ലു പതിച്ചിരുന്ന ആ പള്ളിയുടെ തറയിൽ ചെരുപ്പിന്റെ ശബ്ദം കേട്ടുതുടങ്ങി. ആ ശബ്ദം ക്രമേണ അടുത്തുവരുന്നതായി അദ്ദേഹത്തിനു തോന്നി. സുഗന്ധദ്രവ്യങ്ങളുടെ പരിമളം അവിടെ വ്യാപിച്ചു. ആ വൈദികന്റെ ഹൃദയം ശുഭപ്രതീക്ഷയാൽ വികസിതമായി. അതു് ആഗിയാണെന്നു് അദ്ദേഹം തീർച്ചയാക്കി. എങ്കിലും തിരിഞ്ഞുനോക്കാതെ അദ്ദേഹം പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. അവൾ അദ്ദേഹത്തിന്റെ സമീപം മുട്ടുകുത്തി. അവളുടെ കണ്ണുകൾ നിറഞ്ഞു. പശ്ചാത്താപത്താൽ നിറഞ്ഞ അവളുടെ ഹൃദയം തുടിച്ചുകൊണ്ടിരുന്നു. അവൾ വിങ്ങിവിങ്ങി കരയുവാൻ തുടങ്ങി.

ആഗി—ഇന്നവൾ ഒരു സുകൃതിനിയാണു്. വളരെ മാതൃകാപരമായ ഒരു ജീവിതം നയിക്കുന്ന അവൾ ഏവരുടേയും സ്നേഹബഹുമാനാദികൾക്കു് പാത്രീഭൂതമായി പരിലസിക്കുന്നു.

ആ യുവവൈദികനോ—അദ്ദേഹമത്രേ സുപ്രസിദ്ധ റേഡിയോ പ്രാസംഗികനും കത്തലിക്കു് യൂണിവേഴ്സിററിയിലെ തത്വശാസ്ത്രപ്രൊഫസറുമായ മോൺ. ഫൾട്ടൻ ജെ. ഷീൻ.

ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യനായ അതിവന്ദ്യ ഗുരോ! അങ്ങേക്കു് വിനീതമായ കൂപ്പുകൈ!

(ഇംഗ്ലീഷിൽനിന്നു്)

# Laymen's Spiritual Retreat

The Annual Retreat for laymen will be preached in the Mangalapuzha Seminary (Mount Formosa) Alwaye, during the Holy Week this year. We have very great pleasure to inform you that *Rev. Fr. X. Shouriah S. J.*, Professor, Sacred Heart College, Shembaganur, has kindly consented to preach the Retreat.

All English knowing gentlemen are invited. Separate accommodation will be given to each exercitant. All are expected to bring their own beddings. The Retreat will commence on Wednesday, 5th April at 7 p. m. The boarding fee and other charges are provisionally fixed at a minimum of Rs. 13-8-0 per head. Those who intend joining the Retreat will kindly inform any one of the undersigned as early as possible.

Kindly inform your friends also.

*Secretaries:*
***P. C. Varckey,***
***Mathew P. Choolakal, B A.B.L.***
Ernakulam, 17-3-50

*Conveners:*
***V. O. John B.Sc.&B.L.***
***Stanley George, B. A. B. L.***

യിൽ അവരെ ഉപേക്ഷിക്കയോ, വേണ്ട ചികിത്സകളും ശുശ്രൂഷകളും ചെയ്യാതിരിക്കയോ, ചെലവിനെ ഭയപ്പെട്ടു് ഉപായത്തിൽ ചില മുറിവൈദ്യങ്ങൾ ചെയ്തു ദീനം വർദ്ധിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നതു് നീതീകരിക്കത്തക്കതല്ല. കാരണംകൂടാതെ അവരെ പിരിച്ചുവിടുന്നതും, പിരിച്ചുവിട്ടതിനുശേഷവും അവർ മററു ജോലികളിൽ പ്രവേശിക്കുന്നതിനു് വിലങ്ങുതടികളായി നിലകൊള്ളുന്നതും ക്രൂരതയുടെ ബഹിസ്ഫുരണമല്ലേ? വിശ്രമവും ഉല്ലാസങ്ങളും ഒഴിവുദിവസങ്ങളും വേലക്കാർക്കും ആവശ്യമാണു്. പ്രായക്കൂടുതലുള്ള വേലക്കാരെ പേരുമാത്രം വിളിക്കുവാനും "എടാ, പോടാ" എന്നെല്ലാം അവരോടു പറയുവാനും കുട്ടികളെ അനുവദിക്കരുതു്. വേലക്കാരനായാലും പ്രായക്കൂടുതലിനെ ബഹുമാനിക്കണം. വിവാഹത്തിനു പ്രായമാകുമ്പോൾ വേലക്കാരികളെ വിവാഹം കഴിപ്പിച്ചുകൊടുക്കുവാൻ യജമാനൻ അത്യുത്സാഹം ചെയ്യണം. അവർക്കുള്ള ഈ ജന്മാവകാശത്തെ ഒരിക്കലും നിഷേധിക്കരുതു്. ഇത്ര നല്ല വേലക്കാരിയെ വേറെ ലഭിക്കയില്ലെന്നുള്ള സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടെ അവളെ അവിവാഹിതയായി വീട്ടിൽ നിർബന്ധിച്ചു നിറുത്തരുതു്. ഇന്നത്തെ വൃദ്ധവേലക്കാരി "കുഞ്ഞായിത്തള്ള" പലപ്പോഴും വധൂവരന്മാരുടെ പ്രണയകലഹങ്ങളും ഓമനക്കിടാങ്ങളുടെ കളികളും കണ്ടുകൊണ്ടു് എത്രമാത്രം ചുടുകണ്ണീർ രഹസ്യത്തിൽ പൊഴിച്ചിട്ടുണ്ടായിരിക്കണം! വല്ല അപഥസഞ്ചാരങ്ങൾക്കും കാരണമായിട്ടുണ്ടെങ്കിലോ?

സർവ്വോപരി വേലക്കാരുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ യജമാനന്മാർ പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു സന്മാതൃകാദീപം കൊളുത്തിക്കാണിക്കണം. കടമുള്ള ദിവസങ്ങളിലുംമററും അവരെ ജോലിക്കു നിയോഗിക്കാതെ പള്ളിയിൽ പോകുന്നതിനും തിരുകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും ഇടയ്ക്കിടെ ദിവ്യകൂദാശകൾ സ്വീകരിക്കുന്നതിനും ഉത്സാഹിപ്പിക്കയും ആവശ്യമെന്നുകണ്ടാൽ കർശനമായിത്തന്നെ നിർബന്ധിക്കയുംകൂടിവേണം. അവസരങ്ങൾ നൽകുന്നതിനോടൊപ്പം ആ അവസരങ്ങൾ അവർ ദുർവിനിയോഗം ചെയ്യുകയാണോ എന്നുകൂടി അന്വേഷിക്കണം. വീട്ടിൽ സ്ത്രീപുരുഷന്മാരായ ജോലിക്കാർ ഉണ്ടായിരുന്നാൽ അവർതമ്മിലുള്ള അനുവർത്തനം എപ്രകാരമാണെന്നും കുടുംബനാഥൻ സൂക്ഷിക്കണം. സന്മാർഗ്ഗത്തിനു വിരോധമായ സംഭാഷണങ്ങളോ കൂട്ടുകെട്ടുകളോ അവരുടെ ഇടയിൽ ഉണ്ടാകുവാൻ അനുവദിക്കരുതു്. യുവാക്കന്മാരായ കുടുംബാംഗങ്ങൾ ഉണ്ടെങ്കിൽ അവിടെ യുവതികളായ വേലക്കാരികളെ നിയമിക്കാതിരിക്കയാണു് ഉത്തമം. അപ്രകാരംതന്നെ യുവതികൾ കുടുംബാംഗങ്ങളായുള്ള ഒരു വീട്ടിൽ യുവാക്കന്മാരായ വേലക്കാരുടെ സ്വൈരവിഹാരരംഗമാകരുതു്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന പഴമൊഴിയിൽ പതിരില്ലതന്നെ. ഇക്കാര്യത്തിൽ എത്രതന്നെ ജാഗ്രത കാണിച്ചാലും ഒരിക്കലും അധികമായിപ്പോകയില്ല. കുടുംബനാഥനിൽ നിക്ഷിപ്തമായിരിക്കുന്ന ഏററവും ഗൗരവാവഹമായ ചുമതലയാണിതു്.

(ജെ. ചെമ്മണൂർ)

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

## XVII

കൂദാശാഫലങ്ങൾ

ഉത്തമമനസ്താപംമൂലം ഉടനടി പാപവിമോചനം കിട്ടുമെന്നിരുന്നാലും, അതു കുമ്പസാരമെന്ന കൂദാശയുമായി ബന്ധമില്ലാതെയല്ലെന്നോർക്കണം; കഴിയുംവേഗം കുമ്പസാരിച്ചുകൊള്ളാമെന്നുള്ള നിയോഗം സഹജമായി ഉത്തമമനസ്താപത്തിൽ അന്തർലീനമായിട്ടുള്ളതുകൊണ്ടാണ്. ത്രിദന്തിനോസ് സൂനഹദോസ് പ്രസ്താവിക്കുന്നു: പരിപൂർണ്ണമനസ്താപത്തിലുളവാകുന്ന പാപവിമോചനം കുമ്പസാരിക്കുവാനുള്ള ആഗ്രഹം കൂടാതെ പരിപൂർണ്ണമനസ്താപത്തിന്റെ മാത്രം ഫലമായി കണക്കാക്കപ്പെടുവാൻ വഹിയാ; പ്രസ്തുത ആഗ്രഹം പൂർണ്ണമനസ്താപത്തിൽ തന്നെ ഉള്ളടങ്ങിക്കിടക്കുന്നുണ്ട്. താദൃശനിയോഗമില്ലെങ്കിൽ മനസ്താപം പരിപൂർണ്ണമാകയില്ല; പാപം പരിഹരിക്കുവാൻ പര്യാപ്തമാകയുമില്ല.

ദൈവസ്നേഹം പരിപൂർണ്ണമാകണമെങ്കിൽ ദൈവേഷ്ടം നിഷ്കർഷാപൂർവ്വം നിർവ്വഹിപ്പാനുള്ള സന്നദ്ധത ഉൾക്കൊള്ളുന്നതായിരിക്കണം. സാധാരണഗതിയിൽ പാപവിമോചനലബ്ധിക്ക ആരും പാപപ്പൊറുതി ചെയ്യണമെന്നാണ് ഈശ്വരനിർദ്ദേശം. ആകയാൽ ഉത്തമമനസ്താപത്തിൽ കുമ്പസാരിപ്പാനുള്ള ഒരുക്കവും അടങ്ങീട്ടുണ്ട്. വേദോപദേശസംഗ്രഹത്തിൽ പ്രസ്തുതസിദ്ധാന്തം ക്രോഡീകരിച്ചിരിക്കുന്നതു ഇങ്ങനെയാണ്. പൂർണ്ണമനസ്താപത്തിനുള്ള വിശേഷത നാം പാപസങ്കീർത്തനം ചെയ്യുന്നതിനു മുമ്പുതന്നെ തന്മൂലം തൽക്ഷണം നമ്മുടെ പാപങ്ങൾ പരിഹരിക്കപ്പെടുന്നു എന്നുള്ളതാണ്; പക്ഷെ ചാവുദോഷങ്ങളാണെങ്കിൽ അവയെ പറഞ്ഞു കുമ്പസാരിപ്പാൻ നമുക്കു ബാദ്ധ്യതയുണ്ട്.

ആദ്യത്തെ അവസരത്തിൽ തന്നെ കുമ്പസാരിക്കണമെന്നു നിർബന്ധമില്ലെങ്കിലും, അങ്ങനെ ചെയ്യുന്നതു അത്യധികം അഭിലഷണീയമാണ്. വേദതത്വസംഗ്രഹം ഉപദേശിക്കുന്നു: നാം ചാവുദോഷത്തിലുൾപ്പെടുവാനിടയായാൽ തൽക്ഷണം ഉത്തമമനസ്താപം ഉളവാക്കയും, കഴിയുംവേഗം പാപസങ്കീർത്തനം കഴിക്കയും വേണം. ആകയാൽ ഉത്തമമനസ്താപം കുമ്പസാരത്തിന്റെ ആവശ്യകതയെ നിഷേധിക്കയോ, കൂടെക്കൂടെയുള്ള കൂദാശാസ്വീകരണത്തെ തടയുകയോ ചെയ്യുന്നില്ലെന്നു സ്പഷ്ടമാണല്ലോ.

ജെ. വോൺ ഡെൻഡ്രീഷ് എന്ന വേദവിജ്ഞാനി "ഉത്തമമനസ്താപം, പറുദീസായുടെ പൊൻതാക്കോൽ" എന്ന ഗ്രന്ഥത്തിൽ ഇപ്പറഞ്ഞതിനെ ഉദാഹരിക്കുന്നതു ഇങ്ങനെയാണ്: "ഏതെങ്കിലുമൊരപകടത്തിൽപെട്ടു നിന്റെ കൈയിനോ കാലിനോ വല്ല കേടും പററിയാൽ നീ എന്താണു ചെയ്യുക? തല്ക്കാലം കൈവശമുള്ള വല്ല മരുന്നും ഉപയോഗിക്കയും, കഴിയുംവേഗം വൈദ്യനെ അളയച്ചുവരുത്തുകയും ചെയ്യും. ആത്മാവിനു അപകടം ഭവിക്കുമ്പോഴും അപ്രകാരംതന്നെ ചെയ്യുക. ഉടനടി ഉത്തമമനസ്താപപ്രകരണം ചൊല്ലുക—ഇതു വിഷയത്തിൽ അതു കുടുംബചികിത്സയാണ്. പിന്നീട് കഴിയുന്നവേഗത്തിൽ നിന്റെ അദ്ധ്യാത്മഡോക്ടറായ കുമ്പസാരക്കാരന്റെ പക്കൽ പോവുക."

പൂർണ്ണമനസ്താപംവഴി പാപമോക്ഷം സിദ്ധിച്ചുകഴിഞ്ഞാൽ കുമ്പസാരം കൊണ്ടെന്താണു പ്രയോജനം എന്നു സംശയിച്ചേക്കാം. പ്രയോജനങ്ങളും മെച്ചങ്ങളു പലതാണ്. കൂദാശാസ്വീകരണം വഴി നമ്മിൽ പ്രസാദവരവും ദൈവസ്നേഹവുംവർദ്ധിക്കുന്നു. ബാക്കിനില്ക്കുന്നകാലത്തിനടുത്ത ശിക്ഷയ്ക്കു കുറവും കിട്ടുന്നു. പാപവിമോചനസിദ്ധിയെക്കുറിച്ചു ഉറപ്പുലഭിക്കയും, അങ്ങനെ ആഭ്യന്തരമായ പ്രശാന്തതയും പ്രത്യാശയും പ്രവൃദ്ധമാകയും ചെയ്യുന്നു. കൂടാതെ പാപത്തോടുള്ള വിദ്വേഷത്തെ ശക്തിപ്പെടുത്തുവാനും, പ്രലോഭനങ്ങളെ സ്ഥൈര്യത്തോടെ ചെറുത്തുനില്ക്കുവാനുള്ള ആത്മബലമുളവാക്കുവാനും ഉതകുന്ന പ്രവർത്തകകൃപാവരങ്ങൾ ആവശ്യാനുസൃതം കിട്ടികൊണ്ടിരിക്കുവാനുള്ള അവകാശവും കൂദാശാസ്വീകരണത്താൽ നമുക്കു ലഭിക്കുന്നു. കൂദാശമൂലമല്ലാതെ വേറെവഴിക്കു പ്രസ്തുത പ്രസാദവരങ്ങൾക്കുള്ള അവകാശം സമ്പാദിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ അനുതാപത്തെ പ്രകടമാക്കുവാനും പാപപരിവർജ്ജനാർത്ഥമുള്ള പ്രതിജ്ഞയെ ദൃഢതരമാക്കുന്നതിനുംകൂടി കുമ്പസാരം പ്രായോഗികമായി പ്രയോജനപ്പെടുകയും ചെയ്യും.

ഉത്തമമനസ്താപത്താൽ പാപവിമോചനം സിദ്ധിക്കുമെന്നിരുന്നാലും, ചാവുദോഷത്തോടുകൂടിയ ഒരാൾ ഉത്തമമനസ്താപപ്രകരണം ചൊല്ലികൊണ്ടു ദിവ്യകാരുണ്യമുൾക്കൊള്ളുവാൻ പാടില്ല. സാധാരണ സാഹചര്യങ്ങളിൽ പാപസങ്കീർത്തനത്തിനുശേഷംമാത്രമേ വി. കുർബാനകൈക്കൊള്ളുവാൻ ആയാൾക്കു അനുവാദമുള്ളു. ദൈവദൂഷണപരമായ കുർബാനസ്വീകരണം കൂടാതെ കഴിപ്പാനുള്ള ഒരു മുൻകരുതലാണിതു്. മനസ്താപം പൂർണ്ണമാണോ എന്നു തിട്ടപ്പെടുത്തുവാൻ മനുഷ്യനെക്കൊണ്ടാവില്ല. കുമ്പസാരിക്കുന്നതുവരെ ദിവ്യകാരുണ്യസ്വീകരണം നീട്ടിവയ്ക്കുന്നതുകൊണ്ടു പറയത്തക്ക അസൗകര്യമോ നഷ്ടമോ നേരിടുവാനും ഇടയില്ല. അതിനാലായിരിക്കണം തിരുസ്സഭ ഇങ്ങനെയൊരു നിയമം പാസ്സാക്കിട്ടുള്ളതു്.

കാനോൻനിയമം അനുശാസിക്കുന്നു: ചാവുദോഷത്തോടുകൂടിയ ആരും, തനിക്കു എത്രതന്നെ പശ്ചാത്താപമുണ്ടെന്നു സ്വയം സങ്കല്പിച്ചാലും, കുമ്പസാരിക്കാതെ ദിവ്യകാരുണ്യം സ്വീകരിപ്പാൻ പാടില്ല. (പി. കെ)

—— 

## പാപ്പാദിനാഘോഷം

ഭരണങ്ങാനം ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിലും റവ. ഫാ. ജെ. മാളേക്കലിന്റെ അദ്ധ്യക്ഷതയിലും ഒരു യോഗംകൂടി. ബ്രദർ എ. എം. ചാണ്ടി, മി. റി. ജെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. മാന്നാനത്തുവച്ചു നടത്തുന്ന സമ്മർസ്കൂളിൽ മിഷൻകാര്യം കൂടി പഠനവിഷയമാക്കണമെന്നു തൽഭാരവാഹികളോടു് അഭ്യർത്ഥിക്കുന്ന ഒരു പ്രമേയവും പാസാക്കപ്പെട്ടു.

—തലോർ കാത്തലിക് അസോസ്യേഷന്റെ നേതൃത്വത്തിലും റവ. ഫാ. ജോസഫ് പറനിലം അവർകളുടെ അദ്ധ്യക്ഷതയിലും പൊതുയോഗം നടത്തപ്പെട്ടു. റവ. ഫാ. ലിയോൺ ററോ, ശ്രീ പി. എ. ജോസഫ്, ശ്രീ ടി. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു. പൊതുയോഗത്തിനുമുമ്പ് ഒരു ഘോഷയാത്രയും ഉണ്ടായിരുന്നു.

— പുതുക്കരിച്ചി, വെട്ടിയതുറ, പുത്തൻതോപ്പ് സെന്റ് ആൻഡ്രൂസ് എന്നി ഇടവകകളുടെ ആഭിമുഖ്യത്തിൽ പുതുക്കരിച്ചിയിൽവച്ചു മൻസിഞ്ഞോർ മി. ജോസഫ് ലോപ്പസ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. ശ്രീ ജെ. പി. പെരെയിര പ്രസംഗിച്ചു

—സേവിയൂർമരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിലും റവ. ഫാ ജോർജ്ജ് ചിറമേൽ അവർകളുടെ അദ്ധ്യക്ഷതയിലും പൊതുയോഗം നടത്തപ്പെട്ടു. മിസ് എം. വി. റോസി, മി എം. വി. തോമസ് എന്നിവർ പ്രസംഗിച്ചു.

—തോട്ടക്കര യുവജനസമാജം, സൊഡാലിററി ഇവയുടെ ആഭിമുഖ്യത്തിലും റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിലും പൊതുയോഗംകൂടി. ശ്രീ മാളേൽ വക്കീ, ശ്രീ വാളയിൽ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

—അങ്കമാലി ഫൊറോനാപള്ളിയുടെയും അയൽ ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഘോഷയാത്ര സെന്റ് ജോസഫ്സ് ഹൈസ്കൂൾ അങ്കണത്തിൽ എത്തിയശേഷം അവിടെ വച്ചു് പൊതുയോഗം നടന്നു. റവ. ഫാ. ജോസഫ് വിതയത്തിൽ ബി. എ. എൽ. ടി., മി. കെ. പി. എഫ്രേം ബി. എ. എൽ. ടി. എന്നിവർ പ്രസംഗിച്ചു.

—ഒല്ലൂർ ചെറുപുഷ്പവായനശാലയുടെ ആഭിമുഖ്യത്തിൽ നടന്ന പൊതുയോഗത്തിൽ മെ. പി. വി. ജോസ്, പി. എ. ദേവസി, എ. സി. തോമസ് എന്നിവർ പ്രസംഗിച്ചു.

—കരാഞ്ചിറ—ഘോഷയാത്രയ്ക്കുശേഷം കിഴക്കുംമുറി ചെറുപള്ളിയങ്കണത്തിൽ വച്ചു് റവ. ഫാ. ജേക്കബ്ബ് ചെമ്മണ്ണൂർ ബി. എ. ഒരു പ്രസംഗം ചെയ്തു.

—പുതിയകാവ്—റവ. ഫാ. ജോൺ കുരിശുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗംകൂടുകയും മി. പി. ഒ. ഔസേപ്പ്, സി. പി. മേരി എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കല്ലൂർ—ഘോഷയാത്രയ്ക്കുശേഷം റവ. ഫാ ജോസഫ് പ്ലാത്തോട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. മെ. ടി. എം. ജോൺ. ജോൺ പി. തോമസ്, വി. ഡി. ജോസഫ് എന്നിവർ ഓരോ പ്രസംഗം നടത്തി.

—വടയാർ—റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. മി. സി. വി. ജോസഫ് ബി. എ. ബി. ടി. ബി. എൽ. പ്രസംഗിച്ചു.

—വല്ലം—സി വൈ എം. എ യുടെ ആഭിമുഖ്യത്തിലും റവ ഫാ. ഫ്രാൻസിസ് തച്ചിൽ അവർകളുടെ അദ്ധ്യക്ഷതയിലും പൊതുയോഗം കൂടി. മി. പി.വി.വക്കീമുതലായവർപ്രസംഗിച്ചു.

—— 

# സെൻറ് മേരീസ് ബോർഡിങ്ങ്

## ആലുവാ

സെൻറ് മേരീസ് ഹൈസ്കൂളിനോടനുബന്ധിച്ച് നടത്തിയിരുന്ന ബോർഡിങ്ങ് അടുത്ത സ്കൂൾ വർഷത്തോടുകൂടി വീണ്ടും ആരംഭിക്കുന്നതാണ്. ചേരാൻ ഉദ്ദേശിക്കുന്നവർ താഴെ നിർദ്ദേശിക്കുന്ന വിവരങ്ങൾ സഹിതം ഏപ്രിൽ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണ്,

1) സ്വദേശം 2) പഠിച്ചിരുന്ന സ്കൂൾ 3) ചേരാൻ ഉദ്ദേശിക്കുന്ന ക്ലാസ്. 4) ഹെഡ്മാസ്റ്ററുടെ കോൺഡക്റ്റ സർട്ടിഫിക്കററ്.

എന്നു

7—3—1950 മാനേജർ

—— 

റവ. ഫാ. ജോർജ്ജ് മണിയങ്കോട്ട്

## നിര്യാതനായി

ചെത്തിക്കോട്ടുപള്ളി ഇടവക റവ. ഫാ. ജോർജ്ജ് മണിയങ്കോട്ട് (കൈതക്കോട്ടിൽ വാർദ്ധക്യസഹജമായ ദേഹാസ്വാസ്ഥ്യംമൂലം മാർച്ച് 12-ാംനു ഉച്ചതിരിഞ്ഞു് 4 മണിക്കു് ചെത്തിക്കോട്ടുപള്ളിമേടയിൽവച്ചു നിര്യാതനായി.



മൃതശരീരം പിറേറദിവസം കാലത്തു് പള്ളിയിലേക്കു സംവഹിക്കുകയും റാസമുതലായ തിരുക്കർമ്മങ്ങൾ നടത്തുകയുമുണ്ടായി. ഉച്ചതിരിഞ്ഞു് 3 മണിക്കു് റവ. ഫാ. ജോൺ മണിയങ്കോട്ടിന്റെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും ശവസംസ്കാരകർമ്മം ആരംഭിച്ചു. റവ. ഫാ. ഐസക് പുത്തനങ്ങാടി ചരമപ്രഭാഷണം നിർവ്വഹിച്ചു. സംസ്കാരകർമ്മത്തിന്റെ അവസാനചടങ്ങുകൾ എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. തദവസരത്തിൽ, പരേതൻ സഭയ്ക്കും പ്രത്യേകിച്ച് എറണാകുളം അതിരൂപതയ്ക്കുംവേണ്ടി ചെയ്തിട്ടുള്ള വിശിഷ്ടസേവനങ്ങളെ—വിശിഷ്യ, ചെത്തിക്കോട്ടുപള്ളി, സ്കൂൾമുതലായ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ചെലവുകൾ പരേതനും പരേതന്റെ കനിഷ്ഠസഹോദരൻ പരേതനായ റവ. ഫാ. ജോൺ മണിയങ്കോട്ടുംകൂടി വഹിച്ച ത്യാഗപൂർവ്വമായ സേവനങ്ങളെ—കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ടു് മെത്രാപ്പോലീത്താതിരുമേനി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു.

പരേതൻ ചെത്തിക്കോട്ട് പ്രസിദ്ധമായ മണിയങ്കോട്ടുകുടുംബത്തിൽ 1872-ൽ ജനിച്ചു. 1897-ൽ പൗരോഹിത്യപദത്തിലേക്കുയർത്തപ്പെട്ടു. പള്ളിപ്പുറം, കിഴക്കമ്പലം, വെച്ചൂർ മുതലായ പല പ്രധാന ഇടവകകളിലും സ്തുത്യർഹമായി ഭരണം നടത്തിയശേഷം ഏതാനുംകൊല്ലങ്ങളായി സ്വന്തം ഇടവകയിൽ വിശ്രമിച്ചുവരികയായിരുന്നു. പരേതന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു.

## ഫാ. പോൾ തെക്കേക്കര

കല്ലൂർക്കാട്ടു പള്ളിഇടവക റവ. ഫാ. പോൾ തെക്കേക്കര മാർച്ച് 15-ാംനു മൂവാററുപുഴ ആസ്പത്രിയിൽവച്ചു് നിര്യാതനായി. അന്നുതന്നെ മൃതദേഹം കല്ലൂർക്കാട്ടേക്കു കൊണ്ടുപോയി. പിറെറദിവസം കാലത്തു് പരേതന്റെ പിതൃസഹോദരപുത്രൻ വെ. റവ. ഫാ. ഫ്രാൻസിസ് തെക്കേക്കരയുടെ പ്രധാനകാർമ്മികത്വത്തിൽ നടന്ന റാസയ്ക്കുശേഷം എറണാകുളം അതിരൂപതാ വികാരിജനറാൾ മൊറൊ് റവ. മോൺ മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു. റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. ചരമപ്രഭാഷണം നടത്തി.

പരേതനായ വന്ദ്യവൈദികൻ കല്ലൂർക്കാട്ട് പ്രസിദ്ധമായ തെക്കേക്കര കുടുംബത്തിൽ 1890-ൽ ഭൂജാതനായി. 1921-ൽ പുരോഹിതപദത്തിലേക്കുയർത്തപ്പെട്ടു. മീങ്കുന്നം, കാളിയാർ മുതലായ പല പള്ളികളിലും സ്തുത്യർഹമായി ഈ വന്ദ്യവൈദികൻ ജോലിനോക്കിട്ടുണ്ട്. കാളിയാർപള്ളി സ്ഥാപിക്കുന്നതിൽ ഇദ്ദേഹം ഒരു പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. സാധുക്കളുടെയും അവശതയനുഭവിക്കുന്നവരുടെയും ഉററമിത്രമായിട്ടാണ് പരേതൻ വർത്തിച്ചിട്ടുള്ളതു്. പരേതന്റെ ആത്മാവിനു് നിത്യശാന്തി നേർന്നുകൊള്ളുന്നു.

## ചരമം

ചങ്ങനാശേരി ഉറുമ്പുകാവുപള്ളി ഇടവക കുന്നേൽ ആഗസ്തി മാർച്ച് 4-ാംനു 84-ാമത്തെവയസ്സിലും ടിയാന്റെ ഭാര്യ ശ്രീമതി റോസ ഫെബ്രുവരി 27-ാംതിയതി 82-ാമത്തെവയസ്സിലും ചരമം പ്രാപിച്ചു.

—കാട്ടുകുററി കുടിയിരുപ്പിൽ ശ്രീ മത്തു കുഞ്ഞിതൊമ്മൻ മാർച്ച് 14-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം പരേതന്റെ സഹോദരൻ റവ. ഫാ. ജേക്കബ് കുടിയിരുപ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—വല്ലകം ഇടവക വല്യാറമ്പത്തായ പനയ്ക്കൽ പൗലോസ് 73-ാമത്തെ വയസ്സിൽ മാർച്ച് 18-ാംനു നിര്യാതനായി. ശവസംസ്കാരകർമ്മം മൊറൊ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. R. I. P.

*Permissu Ecclesiastico*
Printed & Published by
K L. Varkey
at the Mar Louis Memorial Press
Ernakulam

Sathya Deepam

Vol 23 Ernakulam March 23 1950 No 30

വിമർശനവീഥി

# വൈദികബ്രഹ്മചര്യത്തെപ്പററി

## 11-ാം പീയൂസു മാർപ്പാപ്പാ

വൈദികബ്രഹ്മചര്യം വേദപുസ്തകസാക്ഷ്യങ്ങൾക്കോ സഭയുടെ ആദിമകാലം മുതലുള്ള വിശ്വാസാചാരങ്ങൾക്കോ എതിരല്ല എന്നു ഞങ്ങൾ മുൻലക്കങ്ങളിൽ സമർത്ഥിച്ചിരുന്നല്ലോ. ഏതദ്വിഷയകമായി, 11-ാം പീയൂസു മാർപ്പാപ്പായുടെ "ആദ് കത്തോലിച്ചി സച്ചെർദോസിയി" എന്ന തിരുവെഴുത്തിലുള്ള ഭാഗങ്ങൾ താഴെ ചേർക്കുന്നു:—

കത്തോലിക്കാപുരോഹിതന്റെ ദൈവഭക്തിയെക്കുറിച്ചു വ്യവഹരിക്കുമ്പോൾ, കത്തോലിക്കാ പൗരോഹിത്യത്തിൽ നിക്ഷിപ്തമായിരിക്കുന്ന വേറൊരു അമൂല്യനിധിയെക്കുറിച്ചു്, അതായതു് ചാരിത്രത്തെക്കുറിച്ചു്, പ്രസ്താവിക്കാതെ ഗത്യന്തരമില്ല. എന്തുകൊണ്ടെന്നാൽ ചാരിത്രത്തിന്റെ അന്തസ്സാരവും മനോഹരതയും ദൈവഭക്തിയിൽ നിന്നാണു് ഉത്ഭവിക്കുന്നതു്. ലത്തീൻസഭയിൽപ്പെട്ട ശമ്മാശന്മാർ വലിയ പട്ടങ്ങൾ സ്വീകരിക്കുന്നതുമുതൽ ചാരിത്രം ആചരിക്കാൻ പ്രത്യേകനിബന്ധനയാൽ ചുമതലപ്പെട്ടവരാകുന്നു. ചാരിത്രം മുഴുവനായും പരിപൂർണ്ണമായും ആചരിക്കാനുള്ള അവരുടെ ഈ ചുമതല അത്യന്തം ഗൗരവാവഹമായതാകയാൽ, അതിനെ ലംഘിക്കുന്നപക്ഷം, പുണ്യവസ്തുദൂഷണമെന്ന കുററത്തിൽ അവർ വിശേഷാൽ ഉൾപ്പെടും (Cod. Iur. Can; can. 132,1).

ഈ നിയമം അതിന്റെ പൂർണ്ണമായ വ്യാപ്തിയിൽ പൗരസ്ത്യസഭകളിലെ വൈദികരെ ബന്ധിക്കുന്നില്ല. എങ്കിലും, അവരിൽ ചിലർക്കു്, മേല്പട്ടക്കാർക്കു പ്രത്യേകിച്ചും, ഈ നിയമം അനുസരിക്കാൻ അനുപേക്ഷണീയമായ ചുമതലയുണ്ടു്.

ചാരിത്രമെന്ന പുണ്യവും പുരോഹിതവൃത്തിയും തമ്മിൽ ഒരു ബന്ധമുണ്ടെന്നു സാമാന്യബുദ്ധികൊണ്ടുതന്നെ നമുക്കു കാണാവുന്നതാണു്. "ദൈവം അശരീരനാകുന്നു" (John IV, 24). തന്മൂലം ദൈവസേവനാർത്ഥം തന്നെത്തന്നെ സമർപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നവർ ഒരു വിധത്തിൽ "ശരീരം ത്യജിച്ചിരിക്കുന്നവർ" ആയിരിക്കുക ഉചിതമാകുന്നു. പ്രാചീനരോമാക്കാർക്കു് ഈ ഔചിത്യബോധമുണ്ടായിരുന്നതിനാൽ "ചാരിത്രത്തോടുകൂടിവേണം ദേവന്മാരെ സമീപിക്കാൻ" എന്നു് അവർക്കു് ഒരു നിയമമുണ്ടായിരുന്നു. അവരുടെ മഹാവാഗ്മികളിലൊരാൾ പ്രസ്തുതവാക്യം ഉദ്ധരിച്ചശേഷം അതിനെ ഇപ്രകാരം വിശദീകരിക്കുന്നു: "ചാരിത്രത്തോടുകൂടിവേണം ദേവന്മാരുടെ മുമ്പിൽ ഹാജരാകുവാനെന്നു നിയമം നമ്മെ അനുശാസിക്കുന്നു.—ആത്മാവിന്റെ ചാരിത്രമെന്നു താൽപര്യം; ആത്മാവിലാണല്ലോ സമസ്തവും അടങ്ങിയിരിക്കുന്നതു്. എന്നാൽ അതുകൊണ്ടു് ശരീരത്തിന്റെ ചാരിത്രം വേണ്ടെന്നു വരുന്നില്ല; ഇതും വേണമെന്നുതന്നെയാണു് മനസ്സിലാക്കേണ്ടതു്. കാരണം, ആത്മാവു ശരീരത്തെക്കാൾ എത്രയോ ഉപരിയായിരിക്കുന്നു. ആത്മികചാരിത്രം പരിരക്ഷിക്കപ്പെടാത്തപക്ഷം ശാരീരികചാരിത്രം ആചരിക്കാൻ സാധിക്കയില്ലെന്നു അനുസ്മരിക്കേണ്ടിയിരിക്കുന്നു" (M. T. Cicero, De legibus, lib. II, c 8). പഴയനിയമത്തിൽ അഹറോനും പുത്രന്മാരും പൗരോഹിത്യപരമായ ഉദ്യോഗങ്ങൾ നിർവ്വഹിച്ചിരുന്ന ഏഴു ദിവസങ്ങളിലും കൂടാരത്തിനുള്ളിൽത്തന്നെ വസിക്കണമെന്നും, അങ്ങനെ ചാരിത്രം ആചരിക്കണമെന്നും മോശ അവരോടു ദൈവനാമത്തിൽ ആജ്ഞാപിച്ചിരുന്നു (Cf. Levit., VIII, 33—35)

എന്നാൽ ക്രിസ്തീയപൗരോഹിത്യം പഴയനിയമത്തിലേതിനെക്കാൾ എത്രയോ ഉപരിയായിരിക്കുന്നു. അതിനാൽ അതു് ഉപരിയായ വിശുദ്ധി ആവശ്യപ്പെടുകയും ചെയ്യുന്നു. വൈദികചാരിത്രനിയമത്തിന്റെ ലിഖിതമായ ലക്ഷ്യം ആദ്യമായി കാണുന്നതു് വേദ

ഞെരുക്കം ശക്തിപ്പെട്ടുകൊണ്ടുതന്നെയിരുന്ന നാലാംനൂററാണ്ടിന്റെ ആരംഭത്തിൽ എൽവീരാ എന്ന സ്ഥലത്തുകൂടിയ സൂനഹദോസിലെ ഒരു നിശ്ചയത്തിലാണു് (Conc. Eliberit, can. 33). ലിഖിതനിയമം അന്നുണ്ടായെങ്കിൽ അതിനുമുമ്പുതന്നെ വൈദികർ ചാരിത്രം ആചരിക്കുകയും അങ്ങനെ ലിഖിതമല്ലാത്ത നിയമം ഉണ്ടായിരിക്കുകയും ചെയ്തിരിക്കണം. സുവിശേഷങ്ങളിലെയും അപ്പസ്തോലികലേഖനങ്ങളിലെയും പ്രബോധനങ്ങളിൽനിന്നും ഉളവാകുന്ന ഒരു ധാർമ്മികബോധം ആവശ്യപ്പെടുന്ന അനുഷ്ഠാനത്തെ പ്രസ്തുത നിയമം ഒരു കർത്തവ്യമാക്കി കല്പിക്കുക മാത്രമാണു് ചെയ്തതു്. എന്തുകൊണ്ടെന്നാൽ ദിവ്യയജമാനൻ ചാരിത്രത്തെ അത്യന്തം വിലമതിക്കുകയും, സാമാന്യജനങ്ങൾക്കു് അപ്രാപ്യമായ ഉന്നതനില അതിനു പ്രദാനംചെയ്കയും ചെയ്തിരിക്കുന്നു. അവിടുന്നു കന്യകാമാതാവിന്റെ പുത്രൻ "കന്യകാമാതാവിൽ വിടരുന്നപുഷ്പം" (Cf. Brev. Rom., Hymn, ad Laud. in fest. 55 Nom. Jesu) ആണു്; യൗസേപ്പിന്റെയും മറിയത്തിന്റെയും കന്യകാകുടുംബത്തിലാണു് അവിടുന്നു വളർത്തപ്പെട്ടതു്. യോഹന്നാൻ മാംദാനാ, യോഹന്നാൻ ഏവൻഗേലിസ്താ മുതലായി ചാരിത്രനിഷ്ഠരായ ആത്മാക്കളോടു് അവിടുന്നു് പ്രത്യേകസ്നേഹം പ്രദർശിപ്പിച്ചു. മഹാശ്ലീഹായായ പൗലോസ്, പുതിയനിയമത്തിന്റെയും മിശിഹായുടെ മനോഗതികളുടെയും പ്രമാദരഹിതമായ ആവ്യാഖ്യാതാവു്, ചാരിത്രത്തെ ഉപരിതീക്ഷ്ണമായ ദൈവസേവനത്തിനു സഹായമായി ഗണിച്ചുകൊണ്ടും, അതിന്റെ അമൂല്യതയെ പ്രഘോഷിക്കയും താഴെക്കാണുന്ന ന്യായത്താൽ തെളിയിക്കുകയും ചെയ്തു. "ഭാര്യാരഹിതനായ ആൾ, ദൈവത്തെ ഏതുവിധം പ്രസാദിപ്പിക്കേണ്ടുവെന്നുള്ള വിചാരത്താൽ കർത്താവിനു കടമപ്പെട്ടകാര്യങ്ങളിൽ തല്പരനായിരിക്കുന്നു" (1 Cor. VII, 32). ഇതിൽനിന്നെല്ലാം മിക്കവാറും അപ്രതിഹതങ്ങളായിട്ടുണ്ടായ ഫലങ്ങൾ ഏവയെന്നു പറയാം. പുതിയനിയമത്തിലെ പുരോഹിതന്മാർക്കു് ഈ വിശിഷ്ടപുണ്യത്തിന്റെ സ്വർഗ്ഗീയമായ ആകർഷകത അനുഭവവേദ്യമായി; "ഈ ഉപദേശം സ്വീകരിക്കാനുള്ള അനുഗ്രഹം ദത്തമായ" (Cof. Matth., XIX, 11) വരുടെ ഗണത്തിൽ ഉൾപ്പെടാൻ അവർക്കു് ആഗ്രഹമുണ്ടാകയും, അതു് അലംഘനീയമായി ആചരിച്ചുകൊള്ളാമെന്നു് അവർ സ്വമേധയാ സമ്മതിക്കുകയുംചെയ്തു. കാലവിളംബമെന്യേ ആ ആചാരത്തിനു ലത്തീൻസഭയിൽ, നിയമസാധുതാവും ലഭിച്ചു "ശ്ലീഹന്മാർ പഠിപ്പിക്കുകയും ആദിമസഭ പാലിക്കുകയും ചെയ്ത ആചാരത്തെ നമുക്കും ആചരിക്കാം." (Conc. carthag II, Can. 2; cf. Mansi, Coll. Conc. t. III, Col. 691) എന്നു നാലാംനൂററാണ്ടിന്റെ അവസാനത്തിൽ കാർത്തേജിലെ രണ്ടാം സൂനഹദോസ് പ്രഖ്യാപനംചെയ്തു.

### വൈദികചാരിത്രം പ്രാചീനസഭയിൽ

പൗരസ്ത്യസഭയിലെ സുപ്രസിദ്ധപിതാക്കന്മാരും കത്തോലിക്കാ ചാരിത്രത്തിന്റെ ഉൽകൃഷ്ടതയ്ക്കു സാക്ഷ്യം വഹിച്ചിട്ടുണ്ടു്. മററു കാര്യങ്ങളിലെന്നപോലെ ഇതിലും, ലത്തീൻസഭയും നിയമാനുഷ്ഠാനം പ്രാബല്യത്തിലിരുന്ന പൗരസ്ത്യസഭാപ്രദേശങ്ങളും തമ്മിൽ ഐകമത്യമുണ്ടായിരുന്നു. ചാരിത്രം ആചരിക്കേണ്ട ചുമതല അഞ്ചാംപട്ടക്കാർക്കുമുണ്ടായിരുന്നെന്നു നാലാം നൂററാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന വി. എപ്പിഫാനിയോസ് പ്രസ്താവിക്കുന്നു: "വൈവാഹികാവസ്ഥയിൽ ജീവിക്കുന്നവനും സന്താനസഹിതനുമായ ആരെയും, അയാൾ ഏകഭാര്യനാണെങ്കിൽപ്പോലും, ആറാംപട്ടക്കാരൻ, പട്ടക്കാരൻ, മെത്രാൻ എന്നീ സ്ഥാനങ്ങളിലേക്കു് ഒരു കാരണവശാലും സഭ സ്വീകരിക്കുന്നില്ല; ഭാര്യ മരിക്കയോ വിവാഹജന്യമായ അവകാശം ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നവനെമാത്രമേ സ്വീകരിക്കുകയുള്ളു. കാനോൻ നിയമവ്യവസ്ഥകൾ അഭംഗമായി അനുഷ്ഠിക്കപ്പെടുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും ഈ വിധമാണു നടക്കുന്നതു്" (St. Epiphan., Advers. Haer. Panar., 59,4). എദേസ്സായിലെ ആറാംപട്ടക്കാരനും, സാർവ്വത്രികസഭയിലെ വേദപാരംഗതനും, "പരിശുദ്ധാത്മാവിന്റെ വീണ"യെന്നു സകാരണം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ആളും, സുറിയാനിക്കാരനുമായ വി. അപ്രേം ഈ വിഷയത്തെ സവിശേഷമായ വാഗ്മിതയോടുകൂടിയാണു് പ്രതിപാദിക്കുന്നതു് (Brev. Rom., 18 iun., lect. VI). തന്റെ സുഹൃത്തായ അബ്രാഹംമെത്രാനു് എഴുതി അയച്ച ഒരു പത്രത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "അബ്രാഹം എന്ന അങ്ങയുടെ നാമം അന്വർത്ഥമായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അങ്ങും അനേകരുടെ പിതാവാണു്. എന്നാൽ അബ്രാഹത്തിനു സാറായെന്നപോലെ അങ്ങേക്കു ഭാര്യയില്ലാത്തതിനാൽ അങ്ങയുടെ അജഗണമാണു് അങ്ങയുടെ ഭാര്യയെന്നറിഞ്ഞാലും. അതിൽനിന്നുണ്ടാകുന്ന സന്താനങ്ങളെ അങ്ങു സ്വീകരിച്ചിരിക്കുന്ന സത്യത്തിൽ വളർത്തിയാലും; അവർ അങ്ങേക്കു് ആദ്ധ്യാത്മികപുത്രരും, പറുദീസാക്കു് അവരെ അവകാശികളാക്കിത്തീർത്ത വാഗ്ദാനത്തിന്റെ സന്താനങ്ങളുമായി ഭവിക്കട്ടെ. ചാരിത്രത്തിന്റെ മധുരഫലമേ! നിന്നിൽ പുരോഹിതന്മാർ ആനന്ദം കണ്ടെത്തുന്നു.........സമൃദ്ധി നിന്റെമേൽ പ്രവഹിച്ചു നിന്നെ അഭിഷേചിച്ചു. ഒരു കരം നിന്നെ തൊടുകയും നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരുസഭ നിന്നെ ആഗ്രഹിക്കയും പ്രിയങ്കരമായി ഗണിക്കുകയും ചെയ്തു" ("St Ephraem, Carmina Nisibaena, Carm. XIX). വേറൊരുഭാഗത്തു് ഇങ്ങനെ പറയുന്നു: "സ്വന്തം ആത്മാവിനെയും നാവിനെയും കരത്തെയും ശുദ്ധമാക്കുകയും സ്വന്തം ശരീരം മുഴുവനും നിർമ്മലമാക്കുകയും ചെയ്തതുകൊണ്ടുമാത്രം പുരോഹിതന്റെയും പൗരോഹിത്യനാമത്തിന്റെയും കർത്തവ്യം മുഴുവനായി നിർവ്വഹിക്കപ്പെടുന്നില്ല, സജീവശരീരത്തെ ബലിയർപ്പിക്കുന്ന ആളുടെ കർത്തവ്യം അതുകൊണ്ടുമാത്രം മുഴുവനായി നിർവ്വഹിക്കപ്പെടുന്നില്ലെന്നു ഞാൻ പറയുന്നു. അദ്ദേഹം സദാ പരിപൂർണ്ണമായും അന്യാദൃശമായും നിർമ്മലനായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹം ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും മദ്ധ്യവർത്തിയായി നിയമിക്കപ്പെട്ടിരിക്കുന്നു. തന്റെ ദാസന്മാരെ നിർമ്മലനാക്കിയ ആ ദിവ്യപുരുഷൻ വാഴ്ത്തപ്പെടട്ടെ" (St Ephraem, Carmina Nisibaena, Carm. XVIII). വി. യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്നു: "ഒരു പുരോഹിതനെ ഭൂമിയിൽനിന്നും ഉയർത്തി സ്വർഗ്ഗലോകത്തിൽ കൊണ്ടുപോയി വയ്ക്കുന്ന പക്ഷം മാലാഖാമാരുടെ ഗണത്തിൽ സ്ഥാനം ലഭിക്കത്തക്കവണ്ണം അദ്ദേഹം അത്രയധികം നിർമ്മലനായിരിക്കണം" (St John Chrysost, De sacerdotio, III,4). ചുരുക്കത്തിൽ, ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഔന്നത്യം—വി. എപ്പിഫാനിയോസിന്റെ ഭാഷയിൽ പറഞ്ഞാൽ, അതിന്റെ "ആശ്ചര്യാവഹമായ ബഹുമതിയും മാഹാത്മ്യവും" (St Epiphan., Ad Haer. panar., 59,4)—നാം സംക്ഷേപമായി വിവരിച്ചിട്ടുള്ളതിൽനിന്നു വൈദികചാരിത്രവും തത്സംബന്ധമായ സഭാനിയമവും എത്രയും സമുചിതമായതാണെന്നു് കാണാവുന്നതാണു്. പുരോഹിതൻ അനുഷ്ഠിക്കേണ്ട കർത്തവ്യം, ഒരു വിധത്തിൽ, എത്രയും നിർമ്മലരായ മാലാഖാമാരുടേതിനെക്കാൾ ഉൽകൃഷ്ടമാകുന്നു. "അദ്ദേഹം ദൈവസന്നിധിയിൽ നില്ക്കുന്നവനാണു്" (Cf. Tol, XII, 15); തന്മൂലം അദ്ദേഹം മാലാഖാസദൃശമായ ജീവിതം നയിക്കാൻ ന്യായമില്ലയോ? ദൈവകാര്യങ്ങൾക്കു മുഴുവനായി പ്രതിഷ്ഠിക്കപ്പെടേണ്ട ഒരാളാണു് പുരോഹിതൻ (Cf. Luke, II, 49; 1 Cor. VII, 32), തന്മൂലം അദ്ദേഹം ലോകകാര്യങ്ങളിൽനിന്നു നിശ്ശേഷം വേർപെട്ടു സ്വർഗ്ഗത്തോടു സംസർഗ്ഗമുള്ളവനായിരിക്കാൻ ന്യായമില്ലയോ? (Cf. Philipp., III, 20). ആത്മാക്കളുടെ നിത്യരക്ഷയിൽ ഉത്സുകനായിരുന്നു്, ദിവ്യരക്ഷകൻ അവർക്കുവേണ്ടി ചെയ്ത വേലയെ തുടരുകയാണു പുരോഹിതന്റെ ഉദ്യോഗം; തന്മൂലം, അദ്ദേഹം കുടുംബസംബന്ധമായ പ്രാരബ്ധങ്ങളിൽനിന്നു്—തന്റെ ജീവച്ഛക്തികളുടെ ഒരു വലിയ ഭാഗം അപഹരിക്കാനിടയുള്ളവയിൽനിന്നു് — ഒഴിഞ്ഞിരിക്കാൻ ന്യായമില്ലയോ?

ഇനി, പൗരോഹിത്യം പ്രദാനം ചെയ്യുന്ന തിരുകർമ്മത്തെക്കുറിച്ചാലോചിക്കുക. കത്തോലിക്കാസഭയിൽ സുപരിചിതമായ ഒന്നായിരുന്നിട്ടും ആ കർമ്മം അതിനു സംബന്ധിക്കുന്നവരുടെ ഹൃദയത്തെ സ്പർശിക്കുവാൻ തീർച്ചയായും പര്യാപ്തമാണു്. പട്ടസ്ഥാനാർത്ഥികളായ യുവാക്കന്മാർ അഞ്ചാംപട്ടം സ്വീകരിക്കുന്നതിനുമുമ്പു്, അതായതു്, ദൈവസേവനത്തിനും ദൈവാരാധനയ്ക്കുമായി തങ്ങളെത്തന്നെ മുഴുവനായി പ്രതിഷ്ഠിക്കുന്നതിനുമുമ്പു് മററു ജീവിതവൃത്തിയിൽ അവർക്കു ന്യായമായി അനുഭവിക്കാവുന്ന ആനന്ദങ്ങളേയും സന്തോഷങ്ങളേയും സ്വമനസാ പരിത്യജിക്കുന്ന കാഴ്ച എത്ര മനോഹരമായിരിക്കുന്നു! "സ്വമനസാ" എന്നു നാം പറയുന്നതിനു കാരണമുണ്ടു്. എന്തെന്നാൽ, പട്ടസ്ഥാനം സ്വീകരിച്ച ശേഷം അവർക്കു വിവാഹം ചെയ്യുന്നതിനു സ്വാതന്ത്ര്യമില്ലെങ്കിലും, അവർ പട്ടസ്ഥാനം സ്വീകരിക്കാൻ ചെല്ലുന്നതു യാതൊരാളുടേയും, യാതൊരു നിയമത്തിന്റേയും, നിർബന്ധം കൂടാതെയും സ്വേച്ഛാനുസാരമായ സമ്മതത്താലുമാകുന്നു (Cod., Iur. Can., can. 971).

### പൗരസ്ത്യസഭയിൽ ഇന്നു നിലവിലിരിക്കുന്ന നിയമാനുസൃതമായ ആചാരം വ്യത്യസ്തമാണു്

ഇതൊക്കെ ശരിയാണെങ്കിലും ഒന്നു മനസ്സിലാക്കണം. വൈദികചാരിത്രത്തെ പ്രശംസിച്ചു നാം പറഞ്ഞിട്ടുള്ളതിൽനിന്നും, പൗരസ്ത്യസഭയിൽ നിലവിലിരിക്കുന്ന നിയമാനുസൃതമായ ആചാരം അനുചിതമോ അനാദരണീയമോ ആണെന്നു നാം വിചാരിക്കുന്നതായി ആരും തെററിദ്ധരിക്കരുതെന്നു് നമുക്കു് ആഗ്രഹമുണ്ടു്. കത്തോലിക്കാ പൗരോഹിത്യത്തിന്റെ ബഹുമാനാധാവള്യത്തിനു നിദാനമായി നാം പരിഗണിക്കുന്ന ഒരു പുണ്യത്തെ, ഈശോയുടെ തിരുഹൃദയത്തിന്റെ അഭിലാഷങ്ങൾക്കും പുരോഹിതരായ ആത്മാക്കളെ സംബന്ധിച്ചു് അവിടുത്തേക്കുള്ള ഉദ്ദേശങ്ങൾക്കും അധികം അനുയോജ്യമെന്നു നമുക്കു തോന്നുന്ന ഒരു പുണ്യത്തെ, ദൈവദൃഷ്ടിയിൽ പ്രകീർത്തിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി മാത്രമാണു് നാം ആ പ്രസ്താവങ്ങൾ ചെയ്തിട്ടുള്ളതു്.